Reg. No. C. 101, M. 2223

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 കുംഭം 12 | ലക്കം 27 |
| --- | --- | --- |

## റഷ്യൻ ഇരുമ്പുദുർഗ്ഗത്തിനുള്ളിൽ

(ഏ. ററി. ദേവസ്യാ, ബി. എ., പാലാ)

"സ്വാതന്ത്ര്യത്തിന്റെ പര്യായവും ഭൗതികസ്വർഗ്ഗവുമായ റഷ്യയിലെ സമത്വസുന്ദരമായ അന്തരീക്ഷത്തിൽ ജീവിക്കുന്നതിനു നാം ആഗ്രഹിക്കുക സ്വാഭാവികമാണ്. അതേവിധത്തിലുള്ള ഒരു നവ്യവ്യവസ്ഥിതി നമ്മുടെ നാട്ടിൽ ഉടൻ സ്ഥാപിക്കുവാൻ, തൊഴിലാളികൾക്കു ആശാകേന്ദ്രമായ റഷ്യയിലെപ്പോലെ ചെങ്കൊടി ചെങ്കോലായി ഉയർത്തുന്നതിനും ഭരണചക്രം തിരിക്കുന്നതിനുമുള്ള അവകാശം സിദ്ധിക്കുവാൻ സഖാക്കൾ അടരാടണം." വികാരഭരിതനായി ഒരു തൊഴിലാളിനേതാവ്—സംഘടനയെന്നപേരിൽ തൊഴിലാളികളുടെ ശമ്പളത്തിൽ പകുതിയും പിടുങ്ങിക്കൊണ്ട് പണിമുടക്കു നടത്തിക്കുകയും പ്രസംഗിക്കുക എന്ന ജോലി മാത്രം സ്വയം ഭരമേൽക്കുകയും ചെയ്യുന്ന ആ അലസൻ—നിരക്ഷരകുക്ഷികളായ സാധുജനങ്ങളോടു പ്രസംഗിക്കുകയാണ്. ഇടയ്ക്കിടയ്ക്കു "ഹിയർ" വിളികളും അന്തരീക്ഷത്തെ മുഖരിതമാക്കിയിരുന്നു. യോഗാനന്തരം രണ്ടു തൊഴിലാളികൾ സംസാരിക്കുന്നതു കേട്ടപ്പോൾ അവരുടെ നേതാക്കന്മാരുടെ പ്രസംഗചാതുര്യത്തിൽ എത്രമാത്രം അവർ കുടുങ്ങിയിരിക്കുന്നുവെന്നു ഈ ലേഖകനു മനസ്സിലാക്കാൻ സാധിച്ചു. ഒന്നാമൻ പറയുകയാണ്, "ഈ റഷ്യയിലെ കാര്യങ്ങൾ എത്ര കേമമായാണ് അദ്ദേഹം പറയുന്നതു്. അദ്ദേഹം കള്ളം പറയുകയില്ല. ശരിയായിരിക്കണം. പണിമുടക്കിനും മററും എത്ര ഊർജ്ജിതമായാണ് പ്രസംഗിക്കുന്നതു്. എല്ലാം നമുക്കു വേണ്ടിയാണ്." അപരനും അതു സമ്മതിച്ചു.

ഇപ്രകാരം അജ്ഞരായ സ്വന്തസഹോദരങ്ങളുടെ പണം പററിക്കൊണ്ട് അവരെ ദീർഘമായി ചതിക്കുന്ന നേതാക്കന്മാരുടെ മറിമായങ്ങളിൽ അകപ്പെട്ട്, അന്ധരായി അവരെ അനുകരിക്കുന്ന സാധുക്കളുടെ ദീർഘനിശ്വാസസങ്കലിതമായ സംഭാഷണങ്ങൾ കേൾക്കുവാൻ മിക്ക തൊഴിലാളിയോഗങ്ങളിലും സാധിക്കും. സാധുക്കൾ! അവർ കാര്യങ്ങളുടെ ഒരുവശം മാത്രം കാണുന്നു.

റഷ്യയിലെ യഥാർത്ഥസ്ഥിതി എന്താണ്? രണ്ടാം ലോകമഹാസമരത്തിൽ റഷ്യ പിടിച്ചുനിന്നതിനെപ്പററി അവരുടെ അനുയായികൾ അഹംഭാവിക്കുന്നുണ്ട്. യഥാർത്ഥത്തിൽ അമേരിക്കയുടെ സഹായമില്ലായിരുന്നുവെങ്കിൽ റഷ്യ നാമാവശേഷമാക്കപ്പെട്ടുമായിരുന്നു. ഈയിടെ അമേരിക്കൻ സ്റ്റേററു ഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധീകരിച്ച കണക്കിൽ യുദ്ധകാലത്തു റഷ്യക്കു നൽകിയ യുദ്ധസാമഗ്രികളുടെ യഥാർത്ഥ വിവരങ്ങൾ നൽകിയിട്ടുണ്ട്. അതിനാൽ റഷ്യയുടെ ശക്തിയേയും കഴിവുകളേയും പുകഴ്ത്തുക സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു.

1917 ലെ റഷ്യൻ വിപ്ലവത്തിന്റെ ശേഷം റഷ്യയിലെ സ്ഥിതിഗതികൾ, അവിടത്തെ ജനങ്ങളുടെ ജീവിതരീതികൾ ഇവയെപ്പററി ഒരു പഠനം നടത്തിയാൽ എത്ര ദയനീയമായ അവസ്ഥയിലാണ് റഷ്യൻ പൗരന്മാർ കഴിഞ്ഞുകൂടുന്നതെന്നു കാണുവാൻ കഴിയും.

"ഒരു രാഷ്ട്രത്തിൽ സ്വേച്ഛാധിപത്യമോ അഥവാ പ്രജായത്തഭരണമോ നടപ്പിലിരിക്കുന്നതെന്നറിയുവാൻ അവിടത്തെ രഹസ്യപ്പോലീസിന്റെ സംഖ്യ നിർണ്ണയിച്ചാൽ മതിയാകുന്നതാണ്." 20-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ഒരു പ്രസിദ്ധ രാഷ്ട്രീയ ചിന്തകന്റെ ഈ അഭിപ്രായം ഏററം അന്വർത്ഥമാണ്. രഹസ്യപ്പോലീസിന്റെ സംഖ്യ ഭീമമെങ്കിൽ അവിടത്തെ ഗവർമ്മെണ്ടു ജനങ്ങളെ അവിശ്വസിക്കുന്നുവെന്നും പൗരന്മാർ അസംതൃപ്തരായിട്ടാണ് കഴിയുന്നതെന്നും ഗ്രഹിക്കാവുന്നതാണ്.



ജനുവരി 6-ാംനു മുണ്ടംവേലിയിലെ "അഗതികളുടെ സഹോദരികൾ" എന്ന സന്യാസിനീസമൂഹത്തിൽപ്പെട്ട 8 അർത്ഥിനികൾക്കു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആലുവാ സെന്റ് മേരീസ് ഹൈസ്കൂളിൽവച്ചു സഭാവസ്ത്രം പ്രദാനംചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ.

റഷ്യൻ ജനത ഏററവും ഭയപ്പെടുന്ന സംഘടന രഹസ്യപ്പോലീസാണ്. ആദ്യകാലങ്ങളിൽ ഗവർമ്മെണ്ടിനെതിരായി ഗൂഢാലോചന കേസ്സുകൾ ചാർജ്ജ് ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിരുന്ന ഇവർ എണ്ണത്തിൽ പരിമിതമായിരുന്നു. ഇപ്പോൾ 27 ലക്ഷത്തിൽ പരമാണ് ഇവരുടെ സംഖ്യ. ഏതു മുക്കിലും മൂലയിലും രണ്ടുപേർ ഒരുമിച്ചു സമ്മേളിക്കുന്ന സ്ഥലങ്ങളിലും അവർ ജനങ്ങളുടെ പെരുമാററരീതിയും സംഭാഷണവിഷയവും ദത്താവധാനരായി ശ്രദ്ധിക്കുന്നു. ജനങ്ങളുടെ ദൈനംദിനജീവിതത്തിനു വിഘാതമായിട്ടാണ് ഇവരുടെ നിഗൂഢപ്രവർത്തനങ്ങൾ തീർന്നിരിക്കുന്നതു്. ഒരുവിധത്തിൽ പറഞ്ഞാൽ സ്റ്റാലിന്റെ കിരാതഭരണത്തെ താലോലിച്ചു നിലനിർത്തിക്കൊണ്ടുപോകുന്നതു് റഷ്യൻ രഹസ്യപ്പോലീസാണ്.

രഹസ്യപ്പോലീസുകാർക്കു പ്രത്യേക സ്കൂളുകളിൽ പരിശീലനവും, ആകർഷകമായ വേതനവും ലഭിക്കുന്നു. അവരുടെ ജോലിക്കു വിഘ്നം വരുത്താതെ അനേകം കേസ്സുകൾ—വാസ്തവമോ അവാസ്തവമോ എന്തുതന്നെ ആയാലും—ചാർജ്ജു ചെയ്തുകൊണ്ടിരുന്നാൽ ഗവമ്മെണ്ടിനു [illegible]യായ പ്രീതിയാണ്. ഏതവസരത്തിലെങ്കിലും അവരിലൊരാൾ മററുള്ളവരുടെ ദൃഷ്ടിയിൽ പരിഗണനാർഹമല്ലാത്ത നിസ്സാരമായ ഒരു കുററം പോലും അധികാരസ്ഥാനങ്ങളിൽ കണ്ടുപിടിച്ച് എത്തിച്ചില്ലെങ്കിൽ അയാൾ വെടിയുണ്ടയ്ക്കു ഇരയായിത്തീരും. സൈനികകേന്ദ്രങ്ങളിൽപ്പോലും ഇക്കൂട്ടർ പ്രവർത്തിക്കുന്നുവെന്നറിയുമ്പോൾ സോവ്യററുഭരണത്തിന്റെ അസ്ഥിവാരംതന്നെ പരസ്പരാവിശ്വാസത്തിന്മേലാണ് സ്ഥിതിചെയ്യുന്നതെന്നു ഗണിക്കുന്നതിൽ അസാംഗത്യമില്ല. ഇതിന്റെയെല്ലാം ഫലമായി സാധാരണ മനുഷ്യരും പോലീസും പട്ടാളവും ഭയവിഹ്വലരായിട്ടാണ് കഴിഞ്ഞുകൂടുന്നതു്. ഏതൊരവസരത്തിലും തങ്ങളെ രഹസ്യപ്പോലീസ് പിന്തുടരുന്നുണ്ടെന്നുള്ള വിശ്വാസംമൂലം റഷ്യൻ ജനത നിസ്സഹായരും ഭീരുക്കളുമായിത്തീർന്നിട്ടുണ്ട്. ഒരു പൗരനു തന്റെ നിരപരാധിത്വത്തെ തെളിയിക്കുന്നതിനുള്ള ഉപാധികൾ വളരെ വിരളമാണ്. ഇങ്ങനെ സ്വേച്ഛാഭരണത്തിന്റെ കീഴിൽ യാതനകൾ അനുഭവിക്കുന്ന റഷ്യൻ ജനതയെപ്പോലെ ഭാരതീയരും തങ്ങളുടെ ഹതവിധിയെ പഴിച്ചുകൊണ്ട് ജീവിതം മുമ്പോട്ടുതള്ളേണ്ട ഒരു നൂതനവ്യവസ്ഥിതി വരുത്തിവയ്ക്കണമെന്നാണോ തീപ്പൊരിപ്രസംഗകരായ സഖാക്കൾ പറയുന്നതു്?

റഷ്യൻ വിപ്ലവത്തിന്റെ വാർഷികാഘോഷത്തിൽ സന്നിഹിതരായിരുന്ന തൊഴിലാളികളെ സംബോധനചെയ്തുകൊണ്ട് "പ്രജായത്തഭരണത്തിന്റെ സംരക്ഷികയാണ് റഷ്യ; അവളാണ് ലോകത്തിന്റെ ഭാവിഭാഗധേയം നിശ്ചയിക്കാൻ പോകുന്നതു്" എന്നു സ്റ്റാലിൻ പ്രസംഗിച്ചതു കേട്ടപ്പോൾ ശ്രോതാക്കളുടെ കണ്ണുകളിൽനിന്നും ചുടുകണ്ണുനീർ ഇററിററു വീണിട്ടുണ്ടായിരിക്കണം. ഏതൊന്നിനുവേണ്ടി രക്തപ്പുഴകൾ സൃഷ്ടിച്ചുവോ, ഏതൊന്നിനുവേണ്ടി സഹസ്രക്കണക്കിനു സാധുജനങ്ങളെ അരിഞ്ഞുവീഴ്ത്തിയോ, ഏതൊന്നിനുവേണ്ടി സ്ത്രീകളുടെയും കുട്ടികളുടെയും കണ്ണീർകണങ്ങളാൽ സോവ്യററുനാടിനെ മുഴുവൻ നിമഗ്നമാക്കിയോ, ഏതൊരു താരത്തിന്റെ ഉദയത്തിനുവേണ്ടി ഈ ഹോമങ്ങളെല്ലാം നടത്തിയോ അതു് അന്നും ഇന്നും വെറും സ്വപ്നസ്ഥിതിയിൽത്തന്നെയിരിക്കുന്നു!

അസ്വാതന്ത്ര്യമാകുന്ന കഠിനഭാരവും പേറിക്കൊണ്ട് നിസ്സഹായരായ സോവ്യററു തൊഴിലാളികൾ ഉഴലുകയാണ്. മററു രാജ്യങ്ങളിലെ സ്ഥിതിഗതികൾ ദുർഗ്രഹമാകത്തക്കവിധം റഷ്യൻജനത ബാഹ്യലോകവുമായി വിടർത്തപ്പെട്ടിരിക്കുന്നു. സ്വതന്ത്രമായി ഉപയോഗിക്കാവുന്ന വളരെ ചുരുക്കം ചില റേഡിയോ സെററുകളേ റഷ്യയിലൊള്ളൂ. പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന റേഡിയോകൾ ഇംഗ്ലണ്ട് അമേരിക്കാ മുതലായ രാജ്യങ്ങളിലെ വാർത്തകൾ അറിയുവാൻ ഉപയോഗിച്ചുകൂടാ എന്നു് ആജ്ഞ നൽകിയിട്ടുണ്ട്. മററു രാജ്യങ്ങളിലെ ജീവിതരീതികളെ താറടിച്ചു പ്രദർശിപ്പിക്കുന്നതിനും റഷ്യയിലെ സ്ഥിതിഗതികൾ വാനോളം പുകഴ്ത്തിക്കാണിക്കുന്നതിനുമാണ് പത്രങ്ങൾ അവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. രാഷ്ട്രത്തിന്റെ പൂർണ്ണനിയന്ത്രണം ചെലുത്താത്ത ഒരു പ്രസിദ്ധീകരണവും റഷ്യയിലില്ല. ഗവമ്മെണ്ടിന്റെ ചെയ്തികളെ വിമർശിക്കാനുള്ള പ്രാഥമികാവകാശംപോലും അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. അഭിപ്രായപ്രകടനസ്വാതന്ത്ര്യം അവർക്കു ലഭിച്ചിട്ടില്ല. ഒരു റഷ്യൻ പത്രമെങ്കിലും സ്റ്റാലിൻഗവർമ്മെണ്ടിന്റെ നയത്തെ വിമർശിച്ചിട്ടുള്ളതായി കാണിക്കുവാൻ സഖാക്കളെ ഞാൻ വെല്ലുവിളിക്കുന്നു.

ഒരു സാധാരണറഷ്യാക്കാരനു സമീപസ്ഥരാജ്യങ്ങളിൽ സഞ്ചരിക്കുന്നതിന്നനുവാദമാകട്ടെ, അതിനുവേണ്ട പാസ്പോർട്ടാകട്ടെ ലഭ്യമല്ല. രഹസ്യപ്പോലീസ് സേനയ്ക്കു യഥേഷ്ടം എവിടെയും സഞ്ചരിക്കാം. ഔദ്യോഗികസംഘങ്ങൾ മററു രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ അവർക്കു ആ നാടുകളിലെ ജനങ്ങളുമായി വളരെ ചുരുക്കമായിമാത്രമേ സമ്പർക്കത്തിൽ ഏർപ്പെടാൻ അനുവാദം ലഭിക്കാറുള്ളൂ. എന്തിനേറെ? റഷ്യക്കുള്ളിൽ തന്നെ നിർബാധം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം ചോദ്യംചെയ്യപ്പെട്ടിരിക്കുന്നു. ഉദാഹരണമായി മോസ്കോയിൽനിന്നും ലെനിൻഗ്രാഡിലേക്കു ഒരാൾ പോകുന്നതിനു് ഒരു പാസ്

(ശേഷം 12-ാം പേജിൽ)

# ക്രിസ്ത്യാനികളുടെ ശില്പസംവിധാനം *


(എടമരം വി. സെബാസ്റ്റ്യൻ, വിദ്വാൻ)

(തുടർച്ച)

### പരിവർത്തനദശ

മററത്തിന്റെ ഗതി വളരെ സാവധാനത്തിലേ ആയിരുന്നുള്ളൂ. ആദ്യം കാര്യമായ ഇതരപരിഷ്കാരമൊന്നും കൂടാതെ വൃത്തവളവിന്റെ ലഘുവായ ഒരു ഭേദഗതിയെന്ന മട്ടിലാണു് കൂർത്ത ആർച്ചിന്റെ പണി അംഗീകരിക്കാൻ തുടങ്ങിയതു്. പടിപടിയായി ആർച്ചിന്റെ അഗ്രം കൂടുതൽ ഹൃദയാവർജ്ജകമായിത്തീരുകയും അതു് മന്ദിരത്തിന്റെ ബാക്കിഭാഗങ്ങൾ ഉയർത്തിക്കെട്ടി അവയുടെ ഐക്യം വരുത്താൻ പ്രേരകമായി ഭവിക്കുകയും ചെയ്തു. ആകയാൽ പുതിയ രീതി ആർച്ചുപണിയിൽ പ്രതിഷ്ഠിതമായതോടെ അംഗസാരൂപ്യം സമ്പാദിക്കുന്നതിൽ തദനുരൂപമായ ഒരു വ്യതിയാനത്തിന്റെ പിന്തുടർച്ചയും നെടുനീളം ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ സമൂലപരിവർത്തനത്തിനുമുമ്പു് ഈ സ്ഥിതി ഒരു നൂററാണ്ടോളം ദീർഘിക്കുകയും അനന്തരം റോമൻസ്ക്യൂ ശില്പത്തിന്റെ സ്ഥാനത്തു് ഗോത്തിക്കു് രീതി നിവേശിച്ച ഉറപ്പിക്കുവാനുണ്ടായതു്. ഏതാനും രണ്ടിനും ഇടയ്ക്കുള്ള കാലം പരിവർത്തനദശയെന്നും അന്നത്തെ ശില്പവിധാനം പരിവർത്തകരീതി എന്നും പറയപ്പെടുന്നു. ആദ്യം റോമൻസ്ക്യൂകലാവിഹനങ്ങൾ മുഖ്യമായി പരിഗണിക്കപ്പെടുകയും ഗോത്തിക് ലക്ഷ്യങ്ങൾ ഉപകല്പിതങ്ങളും നിസ്സാരങ്ങളുമായിമാത്രം വിചാരിക്കപ്പെടുകയും ചെയ്തിരുന്നു. പിന്നീടു് സ്ഥിതി അന്യോന്യം വിപരീതമായി. ഒടുവിൽ പുതിയ സിദ്ധാന്തങ്ങൾ നടപ്പിലായതിനാൽ റോമൻസ്ക്യൂഘടകങ്ങളെ ആകമാനം പുറന്തള്ളുന്നതിൽ അവ ബലീയസ്സുകളായി ഭവിച്ചു.


പരിവർത്തകരീതി ഇവിടെ പ്രത്യേകമെടുത്തു് വിവരിക്കുന്നതു നിഷ്പ്രയോജനമായിരിക്കും. റോമൻസ്ക്യൂ ഗോത്തിക് ശില്പവിധാനങ്ങളുടെ പരിശോധനയിൽനിന്നേ അതിന്റെ ധർമ്മങ്ങൾ വ്യക്തമാകയുള്ളൂ. ആകയാൽ ഇനി ഗോത്തിക് സംവിധാനത്തിന്റെ മാതൃക ചർച്ചചെയ്യുകയും റോമൻസ്ക്യൂ രീതിയോടു് അതു താരതമ്യം ചെയ്തു കാണിക്കുകയും ആണു് അവശ്യം ആവശ്യമായ കാര്യം. അപ്പോൾ പ്രസ്തുത രീതിയുടെ സ്വഭാവം താനേ വിശദമാകുന്നതാണു്.



ഗോത്തിക് പള്ളി പുരോഭാഗം.

### ഇരുരീതികളുടെയും താരതമ്യം

പാശ്ചാത്യന്മാർക്കു് ഗോത്തിക് ശില്പവിധാനത്തിന്റെ വിവരണം ക്ഷിപ്രസാദ്ധ്യമത്രെ. താദൃശമാതൃകയിലുള്ള ദേവാലയങ്ങൾ ഇപ്പോൾ യൂറോപ്പിൽ അനവധിയുണ്ടു്. നമ്മുടെ നാട്ടിൽ അത്തരം പള്ളികൾ ദുർല്ലഭമാണെങ്കിലും റോമൻസ്ക്യൂ വിഹാരങ്ങളുമായുള്ള താരതമ്യത്തിൽ നിന്നു് നിർദ്ദിഷ്ടരീതിയുടെ പ്രത്യേകതകൾ മനസ്സിലാക്കാൻ പ്രയാസമുണ്ടാകയില്ല. ഒരു കത്തോലിക്കാ ഗോത്തിക് ദേവാലയത്തിന്റെ പൊതു ആകൃതി നോക്കിയാൽ അതിനു് റോമൻസ്ക്യൂ പള്ളിയിൽ നിന്നെന്നല്ല, റോമൻ ബസിലിക്കയിൽനിന്നു തന്നെയും അല്പം ചില വ്യത്യാസങ്ങളേ ദൃശ്യമാകയുള്ളൂ. സർവ്വത്ര ഒരേതരം ശാലകളും വിതരങ്കകങ്ങളും. ശാലയിൽ ഒരേജാതി സ്തംഭങ്ങളും ആർച്ചുകളും, മരംകൊണ്ടു് തുറസ്സായോ അഥവാ വെൺമാടമായോ നിർമ്മിച്ച മേൽക്കൂടു് നടുവിൽ, മേൽനിരപ്പിൽ ജനലുകളോടുകൂടി ഉയരംകുറഞ്ഞ മേച്ചിൽ ഇരുഭാഗത്തും. ബൃഹത്തരങ്ങളായ മന്ദിരങ്ങളിൽ രണ്ടു വശത്തേക്കും നീട്ടുകളും ചതുരശ്രമോ അറുവട്ടമോ എട്ടുവട്ടമോ ആയ ഒരു മദ്ബഹയും. വ്യത്യാസം സ്ഥിതിചെയ്യുന്നതു് പള്ളിയുടെ ഘടകങ്ങളിലല്ല. മുകളിൽ കൊടുത്തിട്ടുള്ള ചിത്രത്തിൽ കാണും പ്രകാരം സർവ്വഥാ വിഭിന്നമായ ഒരു കാഴ്ചയെ ഉളവാക്കാൻ പ്രഗത്ഭമായ അതിന്റെ സംവിധാനത്തിലത്രെ ഗോത്തിക്കു് വൈധർമ്മ്യം കുടികൊള്ളുന്നതു്.



ഗോത്തിക് പള്ളി; പാർശ്വഭാഗങ്ങൾ

ആദ്യം നമുക്കു് അകത്തേക്കു കടക്കാം. റോമൻരീതിയിലും റോമൻസ്ക്യൂരീതിയിലും നിർമ്മിതമായ ദേവാലയങ്ങളിൽ ഉപരിഭാഗത്തു് എന്തെല്ലാം പണിത്തരങ്ങൾ ഉണ്ടായിരുന്നാലും അവയെയെല്ലാം അധഃകരിച്ചു് നെടുനീളമുള്ള കാഴ്ചയ്ക്കാണു് കൂടുതൽ പ്രാധാന്യമെന്നു് മുമ്പു് ഒരിക്കൽ പ്രസ്താവിച്ചുവല്ലോ. തൂണുകളുടെ അഗ്രത്തിൽനിന്നു നേത്രങ്ങളെ മേലോട്ടു് ക്ഷണിക്കുന്ന വൃത്താകാരമായ ആർച്ചുകൾതന്നെയും ഉത്തരക്ഷണത്തിൽ നോട്ടം കീഴ്പോട്ടു് മടക്കിവിടുന്നു. നേരെമറിച്ചു്, ഒരു ഗോത്തിക് വിഹാരത്തിൽ പ്രേക്ഷകന്മാരുടെ ദൃഷ്ടി ആദ്യമായി പായുന്നതു ഉപരിതലത്തിലേക്കാണു്. അവിടെ സ്തംഭാഗ്രങ്ങളിൽനിന്നു കണ്ണുകളെ മേലോട്ടു നയിക്കുന്ന കൂർത്ത ആർച്ചുകൾ നോട്ടം നിപതിക്കാൻ സമ്മതിക്കാതെ വീണ്ടും അധികം മുകളിലേക്കു് തുടർന്നു ആകർഷിച്ചുകൊണ്ടേയിരിക്കുന്നു. ഭിത്തികൾ, മേൽക്കൂടു് മുതലായവയുടെ അവസ്ഥയും അപ്രകാരംതന്നെ.

എന്നാൽ ബഹിർഭാഗത്തു് ഭവനത്തിന്റെ ഉയരം കൂടുതൽ സ്പഷ്ടമാണു്. അടിതൊട്ടു് പുറത്തേക്കുതള്ളി ക്രമേണ നേർത്തു് ശൃംഗപര്യന്തം എത്തുന്ന അനവധി കാലുകളാൽ ഭിത്തികൾ പലഖണ്ഡങ്ങളായി വിഭജിക്കപ്പെടുകയും, കാലുകൾ പിന്നെയും വളർന്നു് ആർച്ചുകളായിപ്പൊങ്ങി അത്യുച്ചത്തിൽ പ്രശോഭിക്കുകയും ചെയ്യുന്നതായും എല്ലാത്തിനും മുകളിൽ കുത്തനെയുള്ള മേൽക്കൂടവും കൂർത്തമുനയോടുകൂടിയ നേർത്തുചടച്ച സ്തൂപികകളും സ്ഥിതിചെയ്യുന്നതായും കാണാം. റോമൻ, റോമൻസ്ക്യൂമന്ദിരങ്ങളിൽ അകത്തും പുറത്തും പ്രേക്ഷകരുടെ ദൃഷ്ടി കെട്ടിടത്തിലൂടെ ഒരററംമുതൽ മറേറ അററംവരെ നീളത്തിൽ നിഷ്പ്രയാസം വ്യാപരിച്ചിരുന്നുവെങ്കിൽ ഗോത്തിക് ഭവനങ്ങളുടെ ദൈർഘ്യം സന്ദർശകന്മാരെ ആകർഷിക്കാൻ പര്യാപ്തമാകുന്നില്ല. അവയിൽ എല്ലാ ഭാഗത്തും ഉയരംതന്നെ സർവ്വപ്രധാനമായ കാര്യം.

പരസ്പരതാരതമ്യത്തിനു് അർഹമായ മറെറാരു സംഗതികൂടി രേഖപ്പെടുത്താം. റോമൻ, റോമൻസ്ക്യൂമന്ദിരങ്ങൾ സ്ഥൗല്യംകൊണ്ടും പുറമേയുള്ള വൈപുല്യംകൊണ്ടും പ്രതാപദ്യോതകമായ സ്ഥിതികൊണ്ടും നമ്മുടെ ശ്രദ്ധയെ ബലാദാകർഷിക്കുന്നു. നേരെമറിച്ചു് ഗോത്തിക് ദേവാലയത്തിൽ സ്ഫുടത, സൗകുമാര്യം, ലാഘവം, സർവ്വോപരി കെട്ടിടത്തിന്റെ ആരോഹചൈതന്യം എന്നീ ഗുണങ്ങളാണു് പ്രേക്ഷകന്മാരുടെ ബോധം തട്ടിയുണർത്തുന്നതു്. കൂടാതെ ആദ്യതരം ഭവനങ്ങളിൽ ഭിത്തികൾ നമ്മെ വലയം ചെയ്യുന്നതായും പ്രത്യുത, രണ്ടാമത്തെ രീതിയിലുള്ള പള്ളികളിൽ അങ്ങനെയൊന്നു ഇല്ലാത്തതായും തോന്നും. വാസ്തവത്തിൽ ചില ഗോത്തിക് കത്തീഡ്രലുകൾ ചട്ടക്കൂടുപോലെ ഒരു സ്തംഭപംക്തികൊണ്ടുതന്നെ പഴുതുകളെല്ലാം ജനലുകളാൽമാത്രം ആവരണം ചെയ്തു് പണി ചെയ്യപ്പെട്ടിരിക്കുന്നു. ഇററലിയിലെ സെൻറ് ഇഗ്നേഷ്യസ് ദേവാലയം, കൊളോൺ കത്തീഡ്രൽ മുതലായവ ഉദാഹരണങ്ങളാണു്.

* പകർപ്പവകാശം ലേഖകനു്


# നറുനീണ്ടിസത്തു്

## ഉഷ്ണത്താൽ ഉണ്ടാകുന്ന രക്തദൂഷ്യത്തെ തടയുവാൻ ഏററം പററിയ ഔഷധം

രക്തം ഉഷ്ണിക്കാതെ സൂക്ഷിക്കുന്നതാണു് ആരോഗ്യത്തിന്റെ ഒരു വലിയ രഹസ്യം എന്നു് യാതൊരു വൈദ്യനും പറഞ്ഞുതരാതെ നിങ്ങൾക്കു് അറിഞ്ഞുകൂടെയോ? രക്തത്തെ ചൂടുപിടിപ്പിച്ചു് ദുഷിപ്പിക്കുന്ന അനേകം സാഹചര്യങ്ങൾ നമുക്കു് ദിവസേന നേരിടുന്നുമുണ്ടു്. പരേതനായ ഡോക്ടർ ബ്രദർ നിക്കോളാസ് അവർകളുടെ നിർദ്ദേശം അനുസരിച്ചു് മഞ്ഞുമ്മൽ ആശുപത്രിയിൽ പാകപ്പെടുത്തുന്ന നറുനീണ്ടിസത്തിന്റെ പ്രസിദ്ധി എത്രയെന്നു അറിയാമോ? രക്തദൂഷ്യം നീക്കുവാനും ശരീരത്തിന്റെ ശീതോഷ്ണനിലയെ ശരിയായി സംരക്ഷിക്കുവാനും ഈ നറുനീണ്ടിസത്തിനുള്ള ശക്തി അത്ഭുതകരമാണെന്നു് അതു ഒരിക്കൽ ഉപയോഗിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കുന്നു. മൂല അർശസിനും, രക്തപിത്തത്തിനും, മൂത്രത്തിലുള്ള ഊറലിനും ഉഷ്ണത്താൽ രക്തം ദുഷിച്ചുണ്ടാകുന്ന ചൊറി മുതലായതിനും പ്രത്യേകം ഉഷ്ണദീനത്തിനും ഇതു് ഉത്തമൗഷധമാണെന്നു് കഴിഞ്ഞ അറുപതിൽപരം വർഷത്തെ അനുഭവം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഈ അത്ഭുതശക്തിയുടെ രഹസ്യമോ? നറുനീണ്ടിക്കിഴങ്ങിന്റെ ഔഷധാംശം അശേഷം നഷ്ടപ്പെടുത്താതെ അതു് പാകപ്പെടുത്തുന്നു എന്നതുതന്നെ. ഇതാണു് മഞ്ഞുമ്മൽ ആസ്പത്രിയിലെ നറുനീണ്ടിസത്തിന്റെ വിശേഷത. വില 24 ഔൺസ് കുപ്പിക്കു് 3 ക. 8 ണ. 16 ഔൺസിനു 2 ക. 8 ണ. താഴെ പറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

മാനേജർ, സെൻറ് ജോസഫ്സ് ആസ്പത്രി

മഞ്ഞുമ്മൽ, തിരുവിതാംകൂർ


ആരോഗ്യപംക്തി

# കോളറ

(S. D.)

എല്ലാ നാട്ടിലുള്ള ആളുകളേയും ബാധിക്കാവുന്ന ഒരു രോഗമാണു് കോളറാ. ഈ രോഗം നിവാരണം ചെയ്യുന്നതിനു്, രോഗാണുക്കൾ ഏതുപ്രകാരം ശരീരത്തിൽ പ്രവേശിക്കുന്നു എന്നും രോഗിയെ പരിചരിക്കേണ്ടതും ചികിത്സിക്കേണ്ടതും എങ്ങനെയെന്നും അറിയേണ്ടതു് അത്യാവശ്യമാണു്. കോളറാബീജം വായിൽക്കൂടി ഭക്ഷണം, പാനീയം മുതലായവവഴിയായി ദേഹത്തിൽ പ്രവേശിക്കുന്നു. അണുക്കൾ പ്രവേശിച്ചാൽ കുറെ മണിക്കൂറിനുള്ളിൽ താഴെ പറയുന്ന രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങും: ശക്തിയായ വയറുവേദനയോടുകൂടി വയററിളകും തുടങ്ങുകയും കുറെക്കഴിയുമ്പോൾ മലം ഒട്ടുമില്ലാതെ വൃഥാ കഞ്ഞിവെള്ളത്തിന്റെ നിറത്തിൽ ഒഴിഞ്ഞുതുടങ്ങുകയുംചെയ്യും. കൂടാതെ ശക്തിയായ ദാഹവും കുളിരും ഉണ്ടായിരിക്കും. ഇതിനെ തുടർന്നു് ഛർദ്ദി ആരംഭിക്കും. ആദ്യം ഭക്ഷണസാധനങ്ങളും അനന്തരം വയററിൽനിന്നു് ഒഴിയുന്നതരം വെള്ളവും ഛർദ്ദിക്കും. ഇതോടുകൂടി ദേഹമാസകലം വേദനയും മാംസപേശികളുടെ ഉരുണ്ടുകയററവും തുടങ്ങും. ഇങ്ങനെ രോഗിയുടെ സ്ഥിതി ആകെ മോശമാകുന്നു. നാഡിഅടി, ശ്വാസോച്ഛ്വാസം എന്നിവയിലെല്ലാം വളരെ വ്യത്യാസം കണ്ടുതുടങ്ങും. കവിൾ ഒട്ടിയും, കണ്ണുകൾ കുഴിഞ്ഞും, ശ്വാസം നേരിയതായും വരുന്നതോടുകൂടി രോഗിയുടെ നിലയും വിഷമകരമായ സ്ഥിതിയിലാകുന്നു. മൂത്രം വളരെ കുറച്ചുമാത്രമേ പോകയുള്ളൂ.

കോളറാ പിടിപെട്ടാൽ ആദ്യമായി നാം ചെയ്യേണ്ടതു് ഏതെങ്കിലും ഒരു ഡോക്ടരുടെ സഹായം തേടുക എന്നതാണു്. രോഗി എഴുന്നേററു നടക്കാൻ അനുവദിക്കാതെ കട്ടിലിൽത്തന്നെ കിടത്തണം. രോഗിയുടെ ദേഹം എപ്പോഴും ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കണം. കുപ്പിയിൽ ചൂടുവെള്ളം നിറച്ചും മററും കൈകാലുകളെ ചൂടാക്കാം. തിളപ്പിച്ചാററിയ വെള്ളം കഴിയുന്നത്ര കുടിക്കാൻ രോഗിയെ പ്രേരിപ്പിക്കണം.

കോളറാ പിടിപെട്ട ആളെ മററുള്ളവരിൽനിന്നും അകററുകയും അയാൾക്കു വേണ്ട സാധനങ്ങൾ വേറെ സൂക്ഷിക്കുകയും വേണം. മലമൂത്രാദികൾ ഒരു പാത്രത്തിൽ ശേഖരിച്ചു് 2 ശതമാനം ലിസോൾ (Lyso) ഒഴിച്ചു് ഒരു മണിക്കൂറോളം അടച്ചു വച്ചിരുന്നശേഷം കുഴിച്ചുമൂടേണ്ടതാണു്. ലിസോൾ മുതലായവ കിട്ടുവാൻ പ്രയാസമെങ്കിൽ കുറെ സമയം തിളപ്പിച്ചതിനു ശേഷമേ കളയുവാൻ പാടുള്ളൂ. മലമൂത്രാദികൾ ഏതൊരാളുടെയായാലും കുഴിച്ചുമൂടുന്നകാര്യത്തിൽ സൂക്ഷിക്കണം. വർഷകാലത്തു കുഴിച്ചുമൂടിയാൽ നാം കുടിക്കുന്ന വെള്ളത്തിൽക്കൂടി രോഗാണുക്കൾ നമ്മിൽ പ്രവേശിക്കാനെളുപ്പമുണ്ടു്. വേനൽക്കാലത്താണെങ്കിൽത്തന്നെ കിണർ, കുളം മുതലായവയുടെ സമീപം കുഴിച്ചുമൂടുകയോ, തോടു്, പുഴ മുതലായവയിൽ എറിഞ്ഞുകളയുകയോ ചെയ്യരുതു്. ഇപ്രകാരമുള്ള പ്രവൃത്തികൾ നാം മററുള്ളവരോടും നമ്മോടുതന്നെയും ചെയ്യുന്ന വലിയ അപരാധമാണു്. കോളറാ എവിടെയെങ്കിലും ഒരു സ്ഥലത്തുണ്ടെങ്കിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്, ഭക്ഷണസാധനങ്ങൾ തുറന്നുവെച്ചു് ഈച്ച മുതലായവ വന്നിരിക്കാൻ അനുവദിക്കാതിരിക്കുക എന്നതു്. ഭക്ഷണസാധനങ്ങൾ പാകം ചെയ്തതിനുശേഷം മാത്രമേ ഉപയോഗിക്കാവൂ. പഴവർഗ്ഗങ്ങൾ, കായ്കനികൾ എന്നിവ പാകമാകുന്നതിനു മുമ്പു ഉപയോഗിക്കരുതു്. രോഗി ഉപയോഗിച്ച സാധനങ്ങൾ മററുള്ളവർ ഉപയോഗിക്കുന്നതിനു മുൻപു് അവ അണുനാശകൗഷധം ഉപയോഗിച്ചു് ശുദ്ധിചെയ്യേണ്ടകാര്യത്തിലും പ്രത്യേകം ശ്രദ്ധവയ്ക്കണം.

കോളറാ സമീപസ്ഥലങ്ങളിൽ എവിടെയെങ്കിലും ഉണ്ടെങ്കിൽ കുത്തിവയ്പു (Cholera Vaccine) നടത്തുന്നതു് വളരെ ഉപകാരപ്രദമായിരിക്കും.


എല്ലാവിധ എംബ്രോയിഡറി വേലകൾക്കും പ്രശസ്ത സ്ഥാപനം. കൊളംബോ സാരി വർക്സ്, ബ്രോഡ്‌വെ-എറണാകുളം.

കുടുംബപംക്തി

# ഐക്യം പാലിക്കാനുള്ള മാർഗ്ഗം

## മതാത്മകജീവിതത്തിനുമാത്രമേ ഛിന്നഭിന്നമായ കുടുംബത്തിന്റെ കണ്ണികളെ പുനഃസംഘടിപ്പിക്കുവാൻ സാധിക്കയുള്ളു.

(കുടുംബബന്ധു)

കുടുംബത്തിലെ ഐക്യത്തെ പരിരക്ഷിക്കുന്നതിൽ ശ്രദ്ധ ആദ്യമായി ഉള്ളതു വിവാഹജീവിതത്തിൽതന്നെയാണ്. സന്താനദാനത്താൽ ദൈവം ഈ കുടുംബത്തെ സ്ഥിരീകരിക്കുന്നതിനു മുമ്പായിത്തന്നെ കുടുംബത്തിന്റെ അടിത്തറ ശരിയായി നിർമ്മിക്കണം. ഈ അടിത്തറയുടെ പണിയിൽ കോട്ടമില്ലെങ്കിൽ അതിൽ കെട്ടിപ്പൊക്കുന്ന കുടുംബസൗധം അഭംഗമായി നിലകൊള്ളുകതന്നെ ചെയ്യും.

ആരംഭം നന്നായിരിക്കണം. നന്നായി ആരംഭിക്കേണ്ടതെങ്ങനെ? ദൈവം കാട്ടാത്തതിൽനിന്നും പ്രതീക്ഷിക്കുന്ന തോതനുസരിച്ചു ജീവിച്ചുകൊണ്ട്, വിവാഹിതരായ പുരുഷനും സ്ത്രീയും കാലക്രമേണ പിതാവും മാതാവുമായിത്തീരും. ദൈവം അപൂർവ്വം ലോകത്തിനു ദാനം ചെയ്യുന്ന കുടുംബത്തിന്റെ അടിത്തറ അററകുററം കൂടാതെ പാകേണ്ട കടമ മാതാപിതാക്കളുടേതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ പ്രജകളാണ് അവർ എന്ന ചിന്തയാണ് ആദ്യമായി മാതാപിതാക്കളിൽ ഉണ്ടാകേണ്ടതു്. സ്വകുടുംബത്തിൽ പ്രാബല്യം പരമവും അവിതർക്കിതവുമായ ഉടമ അവർക്കില്ല. എല്ലാ കുടുംബങ്ങളുടേയും തലവൻ ദൈവമാണ്. പരിതഃസ്ഥിതികളും സാമ്പത്തിക കഴിവുകളും എങ്ങനെയും അയിരിക്കട്ടെ. ദൈവത്തിനു സർവ്വോപരി സ്ഥാനം കല്പിക്കുന്ന ഒരു കുടുംബമായിരിക്കും യഥാർത്ഥകുടുംബം.

ഈ ലോകത്തിൽ ജീവിക്കുന്നെങ്കിലും ഈ ലോകത്തിനായി ജീവിക്കയല്ല നമ്മുടെ പരമലക്ഷ്യമെന്നും നാം ഓരോരുത്തനും അറിഞ്ഞിരിക്കണം. നമുക്കും നമ്മുടെ സൂക്ഷത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്നവർക്കും വേണ്ടിയുള്ള ഒരു കാര്യസ്ഥാനം മാത്രമേ, ഐഹിക ജീവിതത്തിനു കല്പിക്കേണ്ടതുള്ളൂ. നാം നിത്യസത്യത്തെ വിസ്മരിച്ചു ലൗകിക സൗഭാഗ്യങ്ങളേയും ക്ഷണികമായ ആനന്ദത്തേയും മാത്രം ലക്ഷ്യമാക്കി ജീവിച്ചാൽ, നാം തന്നെ കുടുംബജീവിതത്തിൽ കോടാലി എറിയുന്നു. കുടുംബജീവിതം ഇത്രകണ്ടു് അധഃപതിക്കുവാനുള്ള ഹേതു ഇതാണ്. സമുദായഗാത്രത്തിലെ പരമാണുവായ കുടുംബം പുഴുക്കുത്തേററാൽ വരാവുന്ന ദുഷ്ഫലങ്ങളാണ് നാം ഇന്നു് അനുഭവിക്കുന്നതു്. ദൈവമാണു കുടുംബം സ്ഥാപിച്ചനുഗ്രഹിച്ചതു്. കുടുംബജീവിതത്തിൽനിന്നുള്ള ഈ വഴുതിയിറക്കം ദൈവേഷ്ടത്തിനെതിരായ ആദ്യമത്സരമാണ്.

സുന്ദരമായ കുടുംബജീവിതത്തിന്റെ മൂലതത്വമിതാണ്. ദൈവതിരുച്ചിത്തത്തിനിണങ്ങി, ഏതാനുംകാലം ലോകസംഗ്രാമമദ്ധ്യത്തിൽ അടരാടുകയാണു ജീവിതലക്ഷ്യമെന്നു നാം ധരിക്കണം. എന്നാൽ, ഇന്നു പടർന്നുപിടിക്കുന്ന നവീകൃതപേഗനിസം ഈ സത്യത്തെ ലോകദൃഷ്ടിയിൽനിന്നു മറച്ചുപിടിക്കുവാൻ തത്രപ്പെടുന്നു. സ്വാർത്ഥസിദ്ധിക്കായി ക്ഷണികങ്ങളായ ചിന്തക്കൂട്ടുകളുടെ പിന്നിൽ പാഞ്ഞുനടക്കുകയാണ് ഇക്കൂട്ടരുടെ മോക്ഷവഴി. ഈ അബദ്ധസിദ്ധാന്തത്തെ ലോകം എന്നു കൈകൊട്ടി പുറന്തള്ളുമോ, അന്നുമാത്രമേ ഇന്നു നമ്മെ വട്ടമിടുന്ന പ്രശ്നങ്ങൾക്കു സമാധാനം കണ്ടെത്തുവാൻ കഴികയുള്ളൂ.

സ്വർഗ്ഗം നമ്മുടെ അവകാശമാണ്. സ്വർഗ്ഗീയ സൗഭാഗ്യത്തിനു നാം അർഹരാണോ എന്നറിവാനായി ഒരു പരീക്ഷണസന്ധിയിലേക്കു നമ്മെ ഇറക്കിവിട്ടിരിക്കയാണ്. നമ്മുടെ സത്യസന്ധതയുടെ മാറററിവാനായി ഉച്ചനീചങ്ങളുടെ മദ്ധ്യത്തിൽ നമ്മെ ഇറക്കിവിട്ടെന്നുവരാം. ഈ പരീക്ഷയിൽ വിജയിക്കയാണെങ്കിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ മദ്ധ്യത്തിൽ ഒരിടം അവിടുന്നു നമുക്കു കല്പിച്ചുനൽകാതിരിക്കയില്ല. നമ്മെ വലയംചെയ്യുന്ന ക്ലേശങ്ങളും സന്താപങ്ങളും സമചിത്തതയോടെ നാം സ്വീകരിക്കണം. ദൈവതൃക്കരങ്ങളിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾക്കും സൗഭാഗ്യങ്ങൾക്കും കൃതജ്ഞരായിരിക്കുവാൻ നാം ഉത്സാഹിക്കണം. അതിരുകവിഞ്ഞ സുഖദുഃഖങ്ങൾ ഇല്ല. അഥവാ, സർവ്വവിധ സുഖദുഃഖങ്ങളേയും പരിധിവിട്ടു നമ്മുടെ ജീവിതത്തിൽ പങ്കുകൊള്ളിക്കരുതു്. ദൈവത്തെ പൂജിക്കുകയും അവിടുത്തെ നിയാമകങ്ങളെ ബഹുമാനിക്കുകയും വേണം.

ദൈവത്തെ യഥാവിധി പൂജിക്കുന്ന ഒരു പുരുഷനേയും സ്ത്രീയേയും നിങ്ങൾ കണ്ടെത്തുക; സമാധാനപരമായ ഒരു കുടുംബജീവിതത്തിന്റെ രഹസ്യം അവരിൽനിന്നു നിങ്ങൾക്കു പഠിക്കുവാൻ കഴിയും. അവർ സമ്പന്നരല്ലായിരിക്കാം; ദൈവം അതു് ആഗ്രഹിക്കുന്നതുമില്ല. സമുദായമദ്ധ്യത്തിൽ അവർ അഭികാമ്യമായ പദവികൾ അലംകരിക്കുന്നില്ലായിരിക്കാം; താണതലത്തിൽ അവർ വിരാജിക്കട്ടെയെന്നാകാം ദൈവചിത്തം. ദൈവത്തിന്റെ ദാസരും സ്നേഹിതരും അനുഭവിക്കുന്ന പരമശാന്തി അവിടെ നിങ്ങൾ കണ്ടെത്തും. ദൈവം എപ്പോഴെല്ലാം ആവശ്യപ്പെടുന്നുവോ, അപ്പോഴെല്ലാം സ്വാർത്ഥം വെടിഞ്ഞ് അവിടുത്തെ സ്നേഹാഹ്വാനത്തിനു പ്രത്യുത്തരം നൽകുവാൻ അവർ ജാഗരൂകരാണ്. ലോകത്തിന്റെ സകലവിധ പരീക്ഷണങ്ങളിൽനിന്നും രക്ഷനേടുവാൻ ഈ ബന്ധനങ്ങൾക്കു കഴിയുന്നു.

ഇത്ര ശാന്തമായ അന്തരീക്ഷത്തിൽ വളർന്നുവരുന്നവർ, സാമുദായികബന്ധങ്ങൾ എത്ര അപകൃഷ്ടങ്ങളായാലും, വിജയപ്രദമായി ഭൗമികജീവിതം തരണം ചെയ്യുവാൻ ശക്തരായിത്തീരും.

പല കുടുംബങ്ങളിലും കാണുന്ന അസ്വസ്ഥതയുടെ കാരണമതാണ്. ദൈവത്തിനുള്ള സ്ഥാനം കുടുംബത്തലവന്മാർ വിസ്മരിക്കുന്നു. അതിന്റെ പരിണതഫലമെന്നോണം പരസ്പരവിശ്വാസം അവിടെ ക്ഷയിക്കുന്നു. സന്താനങ്ങളും മാതാപിതാക്കൾ അർഹിക്കുന്ന ബഹുമാനാദരങ്ങൾ വകവെച്ചുകൊടുക്കുന്നില്ല. ചെറുപ്പത്തിൽത്തന്നെ ദൈവഭയത്തിൽ കുഞ്ഞുങ്ങളെ തഴക്കുകയാണെങ്കിൽ മാതാപിതാക്കളെ ബഹുമാനിക്കുന്നതിനായി പ്രത്യേകപാഠം നൽകേണ്ടയാവശ്യമില്ല.

കൃത്യാന്തരങ്ങളിൽപ്പെട്ടു മാതാപിതാക്കന്മാർ ജോലിസ്ഥലങ്ങളിൽ ദിനം പോകുവാൻ നിർബ്ബന്ധിതരായിത്തീരുന്നതുകൊണ്ടു സന്താനങ്ങൾ സ്വതന്ത്രരായിത്തീരുന്നു. അവരുടെ സ്വഭാവസംസ്കരണത്തിനും സദാചാരാഭ്യസനത്തിനും വേണ്ട മുൻകരുതലുകൾ ഈ ചുററുപാടിൽ മാതാപിതാക്കന്മാർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ, കുടുംബജീവിതത്തോടുള്ള പ്രതിപത്തി ഈ ഇളംപ്രായത്തിൽത്തന്നെ നഷ്ടഗതമാകുവാൻ ഇടയുണ്ടു. ലൗകികപ്രേരണകൊണ്ടുമാത്രം ഒരുത്തനെ സദാചാരനിരതനോ, ഉൽകൃഷ്ടാശയനോ ആക്കിത്തീർക്കുക എളുപ്പമല്ല. ലോകം സ്വാർത്ഥതാപൂർണ്ണമാണ്. ഭൗമികവാഗ്ദാനങ്ങൾക്കു സ്വാർത്ഥതകവിഞ്ഞ പ്രേരണാശക്തി അപരനിൽ ചെലുത്തുവാൻ കഴിവില്ല. കുടുംബത്തിന്റെ പൊതു സന്തോഷവും സുസ്ഥിരതയും ത്യാഗത്താൽമാത്രമേ നേടാൻ കഴിയൂ. ദൈവസ്നേഹംമാത്രമേ ത്യാഗത്തിനു ഉൽപാദകമാകയുള്ളൂ.

കത്തോലിക്കാവിശ്വാസത്തിനുമാത്രമേ മനുഷ്യഹൃദയങ്ങളിൽ ഇന്നു സ്ഥാനമുള്ളൂ. മനുഷ്യന്റെ ബാഹ്യജീവിതവുമായുള്ള സമസ്ത ബന്ധങ്ങളും ശേഷം മതസിദ്ധാന്തങ്ങൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. ഇതാണു കുടുംബജീവിതം ശിഥിലമാകുവാനുള്ള മുഖ്യവും ഏകവുമായ നിദാനം. ലോകത്തിന്റെ തന്ത്രങ്ങളും പരീക്ഷകളുമല്ല, ഒരുവിധത്തിൽ നോക്കിയാൽ, ഇന്നത്തെ പ്രധാന വൈഷമ്യം. പ്രത്യുത, മതത്തിന്റെ പരിചപിടിക്കാതെ ഇവയെ അഭിമുഖീകരിക്കയെന്നതാണ്. ഇന്നു ബഹുഭൂരിപക്ഷവും പടക്കോപ്പണിയാതെയാണു ഗോദായിൽ ഇറങ്ങുന്നതു്.

മതത്തിന്റെ പ്രധാനലക്ഷ്യം നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുകയെന്നതാണ്. എന്നാൽ ഈ ഒരന്ത്യംമാത്രമേ മതത്തിനുള്ളുവെന്നു വാദിക്കരുതു്. കട്ടക്കല്ലും ചരലും നിറഞ്ഞ ലോകജീവിതം എത്രയും സുഗമമായി നിർവ്വഹിക്കുവാനുള്ള പന്ഥാവു് നിർദ്ദേശിച്ചുകൊടുക്കുകയും മതത്തിന്റെ മുഖ്യതലങ്ങളിൽ ഒന്നാണ്. വഴിയിലുള്ള എല്ലാ വിഷമതകളിൽനിന്നും നമ്മെ കരകയറ്റുന്നതും മതമാണ്. ദൈവത്തിന്റെ സുനിശ്ചിതമാർഗ്ഗങ്ങളെ ധിക്കരിച്ചു് ഇറങ്ങിത്തിരിക്കുന്ന ധൂർത്തപുത്രന്മാർ, ലോകത്തിലെ ദുർഘടങ്ങളെ ഏററം കൂടുതലായി അഭിമുഖീകരിക്കേണ്ടിവരും.

കുരിശുകൾ ലോകത്തിന്റെ പൊതുസ്വത്താണ്. ദൈവസേവനത്തിൽ കഴിയുന്നവർക്കും അവരുടെ ഓഹരിയായി സങ്കടങ്ങൾ സഹിക്കാതെ തരമില്ല. എങ്കിലും, ഈ കുരിശുകൾ ഓരോ വിനാഴികയിലും അവരെ സ്വർഗ്ഗത്തിലേക്കു നയിക്കയാണെന്ന ആശ്വാസചിന്ത അവരെ ആഹ്ലാദപൂർണ്ണരും സമാധാനചിത്തരുമാക്കിത്തീർക്കുന്നു. പ്രായോഗികവിശ്വാസിയായ ഓരോരുത്തനും അറിയാം, ഭൗമികകുരിശുകൾ സ്വർഗ്ഗീയമകുടങ്ങളുടെ സുനിശ്ചിതപ്രതിഫലനങ്ങളാണെന്നു്. തന്മൂലം അവന്റെ ആയാസങ്ങൾക്കു ഒരു പ്രത്യേക താരിപ്പു് ഇടുവാൻ അവനു കഴിയുന്നു. അവനു സ്വന്തമായിത്തീരുവാൻ പോകുന്ന സ്വർഗ്ഗീയസൗഭാഗ്യത്തോടു തുലനംചെയ്താൽ ലൗകികക്ലേശങ്ങൾ വെറും നിഴലായി വിലയിരുത്താൻ അവന്റെ വിശ്വാസം അവനോടു് ഉപദേശിക്കയുള്ളൂ.

മതാത്മകജീവിതത്തിനു മാത്രമേ ഛിന്നഭിന്നമായ കുടുംബത്തിന്റെ കണ്ണികളെ പുനഃസംഘടിപ്പിക്കുവാൻ സാധിക്കയുള്ളൂ. ലോകവിജ്ഞാനം എത്രകണ്ടു് ഉററുശ്രമിച്ചാലും ഇതിലുപരിയായ ഒരു പ്രതിവിധി കണ്ടെത്തുവാൻ കഴികയില്ല. പ്രായോഗികമെന്നും അനുഭവസിദ്ധമായ ഏതാനും സംഗതികളെ ഞാൻ ഇതിനുപരി സ്പർശിക്കാം. വിശ്വാസത്തിന്റെ ചൈതന്യം കുടുംബത്തലയാളരായ മാതാപിതാക്കളിൽ കളിയാടിയില്ലെങ്കിൽ, ഇതിൽ നിർദ്ദേശിക്കുന്ന ഫലം കണ്ടെത്തിയെന്നു വരികയില്ല. ദൈവം എന്നും നമ്മോടുകൂടി നിവസിക്കുന്നുണ്ടെന്നും, ഏതു വിനാഴികയിലും കണക്കേല്പിക്കുവാൻ നാം വിളിക്കപ്പെട്ടേക്കാമെന്നും നാം സുദൃഢം വിശ്വസിക്കണം. എങ്കിൽ, കുടുംബത്തലവന്മാർ സന്താനങ്ങളോടുള്ള കടമ നിർവ്വഹിക്കുന്നതിലും ഉദാസീനരായിരിക്കയില്ല.

ഓരോരുത്തനും അവന്റെ ഉത്തരവാദിത്വത്തെപ്പററി ശരിയായ അവബോധം ഉണ്ടെങ്കിൽ, സന്താനങ്ങൾ സന്മാർഗ്ഗനിഷ്ഠരായിത്തീരും. അതാണു് ഉത്തമമായ കുടുംബജീവിതത്തെ സൃഷ്ടിക്കുന്നതു്. സത്യവിശ്വാസത്തിൽ അടിയുറച്ചവരിൽ പരിതഃസ്ഥിതികളുടെ പ്രാതികൂല്യം സാരമായ വിനാശം ഉളവാക്കുന്നില്ല.

അധഃപതിച്ച കുടുംബജീവിതത്തെ പുനഃസ്ഥാപിക്കുന്നതിനുള്ള മാർഗ്ഗം എന്താണു്? പ്രഥമവും പ്രധാനവുമായി മതാത്മകജീവിതത്തിനു കുടുംബത്തിൽ സ്ഥാനം നല്കണം. വെറും നാമമാത്രമായ മതാഭ്യാസങ്ങൾകൊണ്ടു ഫലം കൈവരുത്താമെന്നു് ആശിക്കേണ്ട. അതു ഗുണത്തെക്കാൾ അധികം ദോഷത്തെയാണു് ഉൽപാദിപ്പിക്കുന്നതു്. ഇരമ്പിക്കയറുന്ന ശത്രുനിരകളുടെ നേരെ ഒഴിഞ്ഞ തോട്ട പൊട്ടിച്ചതുകൊണ്ടു ഫലമുണ്ടാകുമോ? നാമമാത്രമായ മതജീവിതം നിറ ഒഴിഞ്ഞ തോട്ടയ്ക്കു സമമാണ്. ബാഹ്യജീവിതത്തിൽ മതപ്രസക്തി പ്രദർശിപ്പിക്കുന്ന പലരും അവരുടെ കുടുംബജീവിതത്തിൽ പരാജയപ്പെടുന്നു. പുറം വളരെ മെച്ചം; അകമോ, വെള്ളയടിച്ച ശവക്കല്ലറകൾ!


## വാർഷികസമ്മേളനങ്ങൾ

അടുത്തുവരുന്ന

### പുതിയ പ്രഹസനങ്ങൾ അഭിനയിക്കുവിൻ

വായിച്ചു രസിക്കാം! അഭിനയിച്ചാനന്ദിക്കാം!

### ക്രിസ്തീയാദർശങ്ങൾ പ്രകടമാക്കുവിൻ

| | | ക. ണ. പ |
|---|---|---|
| 1 | "അജപാലകനായ ദാവീദ്" | 0—3—6 |
| 2 | "ജോസഫ്" | 0—4—0 |
| 3 | "ഭ്രാന്തൻ & പല്ലുവേദന." | 0—5—0 |
| 4 | "പാതിരാമുതൽ" (നാലു പ്രഹസനങ്ങൾ) | 1—0—0 |

i പുൽക്കൂട്ടിൽ iii ഈജിപ്തിലേക്കു്
ii തിരുമുൽക്കാഴ്ച iv നസ്രത്തിൽ

വി പി. യ്ക്കു് എഴുതുക:

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്, മംഗലപ്പുഴ ആലുവാ





### അണ്ണാറച്ചക്ക പായസം

(കുടുംബിനി)

2 ചക്ക, 1 റാത്തൽ പഞ്ചസാര, 2 നാഴി അരിപ്പൊടി, 2 തേങ്ങ, കുറച്ചു് ഏലത്തരി, കറുകത്തോലി, ഉപ്പു്.

അണ്ണാറച്ചക്ക തൊണ്ടും കുഞ്ഞിലും കളഞ്ഞു് ചെറുതായി അരിഞ്ഞെടുക്കുക. അരിപ്പൊടി വറുത്തെടുത്തു് തിളച്ചവെള്ളമൊഴിച്ചു് കുറച്ചു് പഞ്ചസാരയും ഉപ്പും ചേർത്തു കുഴച്ചുവയ്ക്കുക. തേങ്ങ ചുരണ്ടി പിഴിഞ്ഞു് ആദ്യത്തെ പാൽ മാററിവച്ചശേഷം പിന്നീടു കിട്ടുന്നപ്പാൽ അടുപ്പത്തുവച്ചു തിളപ്പിക്കുക. കുഴച്ചുവച്ചിരിക്കുന്ന അരിപ്പൊടി നെല്ലിക്കാവലിപ്പത്തിലുള്ള ചെറിയ ഉരുളകളായി ഉരുട്ടി തിളച്ചുകിടക്കുന്ന തേങ്ങാപ്പാലിൽ ഇട്ടു് ഒരു പരന്ന കയിൽകൊണ്ടു് ഇളക്കുക. അവ ശരിക്കു വെന്തു കഴിയുമ്പോൾ അരിഞ്ഞുവച്ചിരിക്കുന്ന ചക്കയും കറുകത്തോലി, ഏലത്തരി എന്നിവ പൊടിച്ചതും ബാക്കിയുള്ള പഞ്ചസാരയും ചേർക്കുക. ചക്ക വെന്തശേഷം മാററിവച്ചിരിക്കുന്ന തേങ്ങാപ്പാലിൽ അല്പം അരിപ്പൊടി കലക്കി ഒഴിച്ചു ഇളക്കി പായസത്തിന്റെ പാകമാകുമ്പോൾ അരത്തുടം നെയ്യും ചേർത്തു് ഇറക്കിവയ്ക്കാം.

## കത്തോലിക്കാ സർവ്വകലാശാലമാത്രം

വാഷിംഗ്ടണിലെ കോളെജുകളിൽ വച്ചു് കത്തോലിക്കരുടെ വകയായ "ദി കാത്തലിക്‍യൂണിവേഴ്സിററി ഓഫ് അമേരിക്ക" മാത്രമാണു് നീഗ്രോകൾക്കു് ഹൃദയംഗമമായ സ്വീകരണം നൽകുന്നതു്" എന്നു് അമേരിക്കൻ ഐക്യനാടുകളിലെ പൗരന്മാരുടെ ഒരു പ്രതിനിധിസംഘം അഭിപ്രായപ്പെട്ടിരിക്കുന്നു.

# അവതാരവും ത്രിമൂർത്തികളും

(ഫാദർ തോമസ് കൊച്ചുമുങ്കാനാൽ)

ത്രിത്വമെന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഒരു പരമസത്യമുണ്ട്. അത് ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ മൗലികസത്യങ്ങളിൽ ഒന്നാകുന്നു. ദൈവത്തിന്റെ ത്രിത്വമെന്നു പറയുമ്പോൾ ദൈവത്തിന്റെ ഏകത്വത്തേയും ഒരേ പ്രകൃതിയോടുകൂടി തമ്മിൽ തമ്മിൽ വ്യത്യസ്തമായിരിക്കുന്നവരും ബാവാ പുത്രൻ റൂഹാദക്കുദ്ശാ എന്നു അറിയപ്പെടുന്നവരുമായ മൂന്നാളുകളുടെ അസ്തിത്വത്തേയുമാകുന്നു. ഈ സത്യം അനുഭവവും യുക്തിയും കൊണ്ടെന്നതിനെക്കാൾ ശ്രുതി അല്ലെങ്കിൽ വെളിപാടുകൊണ്ടാണു ക്രിസ്ത്യാനികൾ സമ്യക്കായി ഗ്രഹിച്ചുപോരുന്നത്. അതിഗഹനമായ ഈ സത്യം അവരെല്ലാം അവശ്യമായി വിശ്വസിക്കണമെങ്കിലും ഓരോരുത്തർക്കും അവരവർക്കു ലബ്ധമായിരിക്കുന്ന കഴിവനുസരിച്ചു പരിശോധനചെയ്തു അതിന്റെ യുക്തിയുക്തത കണ്ടുപിടിക്കയും ചെയ്യാം.

ക്രിസ്ത്യാനികളുടെ ഈ വിശ്വാസത്തോടു സാധർമ്മ്യം വഹിക്കുന്നുവെന്നു പറയപ്പെടുന്ന ഒന്നാണു ത്രിമൂർത്തികളെക്കുറിച്ചുള്ള പ്രസ്താവന. എന്നാൽ ക്രിസ്ത്യാനികളുടെ ത്രിത്വവും ഹിന്ദുക്കളുടെ ത്രിമൂർത്തികളും തമ്മിൽ യാതൊരു സാധർമ്മ്യവും ഇല്ലെന്നുള്ളതാണു യാഥാർത്ഥ്യം. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവരാണല്ലോ ത്രിമൂർത്തികൾ. ഇവരെക്കുറിച്ചുള്ള അറിവിനു സുലഭമായ പ്രചാരം ലഭിച്ചതും ത്രിമൂർത്തികൾ എന്ന അഭിധാനം നല്കപ്പെട്ടതും ക്രിസ്തുവിന്റെ അവതാരം നടക്കയും ക്രിസ്തുമതത്തിനു പ്രചാരം സിദ്ധിക്കയും ചെയ്തതിൽപ്പിന്നീടാണെന്നു ഗവേഷകന്മാർ പറയുന്നു. ഹിന്ദുമതത്തിന്റെ ആദിമഗ്രന്ഥങ്ങളായ വേദങ്ങളിലാകട്ടെ ബ്രാഹ്മണങ്ങളിലാകട്ടെ ഇവരിൽ ചിലരുടെ നാമങ്ങളോ ത്രിമൂർത്തികളുടെ സൂചനപോലുമോ കാണ്മാനില്ലാത്തതുകൊണ്ടാകുന്നു അവർ അങ്ങനെ പറയുന്നത്. അവ എഴുതപ്പെട്ട കാലങ്ങളിൽ അഗ്നി, വായു, സൂര്യൻ മുതലായവരായിരുന്നല്ലോ പ്രധാന ദേവന്മാർ. എന്നാൽ ഇതിഹാസങ്ങളിലും പുരാണങ്ങളിലും വിചിത്രങ്ങളായ ഭാവനകളോടുകൂടെ ഈ ത്രിമൂർത്തികളുടെ നാമങ്ങൾ പ്രസ്താവിക്കപ്പെടുകയും വർണ്ണിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പ്രസ്തുത വർണ്ണനകളിലും പ്രതിപാദനങ്ങളിലും ഈ ദേവന്മാർ മൂവർക്കും തുല്യമായ പ്രകൃതിയോ ശക്തിയോ ലക്ഷണങ്ങളോ അല്ല കല്പിക്കപ്പെടുന്നത്. പിന്നെയോ അതതു കൃതികളിൽ ശൈവന്മാർ ശിവനും വൈഷ്ണവന്മാർ വിഷ്ണുവിനും എന്നിങ്ങനെയാണു യഥേഷ്ടം പ്രാധാന്യം കല്പിച്ചിരിക്കുന്നത്. ബ്രഹ്മാവിനു പ്രാചീനകാലങ്ങളിൽ ഉണ്ടായിരുന്നിടത്തോളം അനുയായികൾ അധുനാതനകാലങ്ങളിൽ ഉള്ളതായി കാണുന്നുമില്ല.

ക്രിസ്ത്യാനികളുടെ ത്രിത്വത്തിന്റെ ആളുകൾ മൂവരുമാകട്ടെ ഒരേ പ്രകൃതിയും ഒരേ ശക്തിയും ഒരേ ലക്ഷണങ്ങളും എപ്പോഴും സുദൃഢമായ ഒരു ബന്ധവും ആണ് ഉള്ളതെന്നും ധരിക്കണം. ഇവരിൽ ഏതെങ്കിലുമൊരാളിനു ചെയ്യപ്പെടുന്ന ആരാധനകളും സ്നേഹപ്രകടനങ്ങളുമെല്ലാം മറ്റുള്ളവർ ഇരുവർക്കുംകൂടി ചെയ്യപ്പെട്ടതായി ഗണിക്കപ്പെടുകയും ഏതെങ്കിലുമൊരാളിനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രയത്നങ്ങൾകൊണ്ടു മറ്റുള്ളവരും തൃപ്തിപ്പെടുന്നതായി വിശ്വസിക്കയുമാണു പതിവ്. എന്നു പറഞ്ഞാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിൽ യാതൊരു മത്സരമോ അസൂയയോ ഇല്ലെന്ന് താൽപ്പര്യം. യാഥാർത്ഥ്യമിങ്ങനെയിരിക്കവേ ത്രിത്വത്തെക്കുറിച്ചും ത്രിമൂർത്തികളെക്കുറിച്ചും ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കുമുള്ള ബോധം ഒന്നുതന്നേയാണെന്നും നാമനിർദ്ദേശത്തിൽ മാത്രമേ വ്യത്യാസമുള്ളുവെന്നും ചിലർ പറയുവാനിടവരുന്നത് എങ്ങനെയെന്നു അന്വേഷണം ചെയ്യുന്നവരുടെ ജിജ്ഞാസ പരിഹരിക്കുന്നതിനുവേണ്ടി ത്രിമൂർത്തികളെ അധികരിച്ചു സ്വല്പംകൂടി പ്രസ്താവിക്കാം.

ത്രിമൂർത്തികളിൽപ്പെട്ട ഓരോ വ്യക്തിയുടെ ഉൽപത്തിയെക്കുറിച്ച് ഉപനിഷത്തുകൾതന്നേ വിഭിന്നമായിട്ടാണു പ്രതിപാദിക്കുന്നത്. ബ്രഹ്മമെന്ന് ഒരു വസ്തുവും രജസ്, സത്വം, തമസ് എന്നു മൂന്നു ഗുണങ്ങളുമുണ്ടെന്നും ഇവയിൽ ഓരോന്നും യഥാക്രമം ബ്രഹ്മത്തെ പ്രേരിപ്പിച്ചപ്പോൾ ആണു ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നു വിളിക്കപ്പെടുന്നതെന്നും പുരുഷവ്യത്യാസമില്ലെന്നുമാണ് ഒരു പ്രസ്താവന. വേറൊന്ന്, ബ്രഹ്മത്തെ മായ ബാധിച്ചപ്പോൾ സൃഷ്ടി, രക്ഷ, സംഹാരം എന്നിവ നടത്തിയതുകൊണ്ടു ബ്രഹ്മാവും വിഷ്ണുവും ശിവനുമായി പരിണമിച്ചുവെന്നും അങ്ങനെ വിളിക്കപ്പെട്ടുവെന്നും ആണ്.

മഹാഭാരതത്തിന്റെ വനപർവ്വം പതിണ്ടാം അദ്ധ്യായത്തിലോ എന്നാൽ, വിഷ്ണുവിൽനിന്നാണു ബ്രഹ്മാവും ശിവനും മറ്റെല്ലാ ദേവന്മാരും ഉത്ഭവിച്ചതെന്നത്രേ പ്രസ്താവിച്ചിരിക്കുന്നത്. പ്രസ്തുത പർവ്വത്തിൽ നൂററിയെൺപത്തൊമ്പതാം അദ്ധ്യായത്തിൽ ബ്രഹ്മാവും ശിവനും മററു ദേവന്മാരുമെല്ലാം താൻതന്നേ ആകുന്നുവെന്നു വിഷ്ണു പറയുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഭാരതഗ്രന്ഥസമുച്ചയത്തിന്റെ മററു ചില ഭാഗങ്ങളിലാകട്ടെ ബ്രഹ്മാവിൽനിന്നാണ് മററു ദേവന്മാരുടെ ഉൽപത്തിയെന്നും വേറെ ചില ഭാഗങ്ങളിൽ ശിവനിൽനിന്നാണു ഇതരദേവന്മാരെല്ലാവരുടേയും പുറപ്പാടെന്നും വർണ്ണിക്കുന്നതായും കാണാം. പുരാണങ്ങളിലപ്രതിപാദനം വേറൊരുതരത്തിലുമായിരിക്കും. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ബോധത്തിന്റെ അഭാവമല്ലയോ മേൽപ്പറഞ്ഞ തരത്തിലുള്ള പൂർവ്വാപരവിരോധങ്ങളും പരസ്പരവ്യത്യാസങ്ങളും പ്രകടിപ്പിക്കുന്നതിനു കാരണമാക്കിയതെന്നുള്ളതു ചിന്തനീയമായിരിക്കുന്നു. എന്നാൽ രഞ്ജനനയവും അനുകരണനയവും പ്രസ്തുത പ്രസ്താവനക്കാരെ അങ്ങനെ ചെയ്യുന്നതിനു പ്രേരിപ്പിച്ചിരിക്കുകയും ചെയ്തിരിക്കണം.

ഈ നയങ്ങളെക്കുറിച്ചുകൂടി സ്വല്പം പറയുന്നതു നന്നായിരിക്കുമല്ലോ. ഹിന്ദുമതത്തിനു ഇതിഹാസകാലമെന്നു പറയപ്പെടുന്ന ഒരു ഘട്ടമുണ്ട്. ഇതു ബി. സി. അഞ്ഞൂറിനും എ. ഡി. അഞ്ഞൂറിനും മദ്ധ്യേ ഉള്ള ഒരു കാലമാണ്. ഈ വേളയിൽ ഹിന്ദുമതം അധഃപതനത്തിന്റെ സർവ്വലക്ഷണങ്ങളും വെളിപ്പെടുത്തിയിരുന്നു. അതിന്റെ പ്രധാനങ്ങളായ ചില കാരണങ്ങൾ, ഇൻഡ്യക്കു പുറമെനിന്നും കൂട്ടം കൂട്ടമായി പ്രവേശനം ചെയ്ത ചില വംശക്കാരുടെ ആഗമനവും ബ്രാഹ്മണാധിപത്യത്തോടും ജാതിവ്യത്യാസത്തോടും സാധാരണ ജനങ്ങൾക്കുണ്ടായ വിദ്വേഷവും, ജൈനമതത്തോടും ബുദ്ധമതത്തോടും പൊതുജനങ്ങൾ പ്രകടിപ്പിച്ച പ്രതിപത്തിയും ശൈവന്മാരും വൈഷ്ണവന്മാരും തമ്മിലുണ്ടായ മത്സരവും മററുമാണ്. പ്രസ്തുത കാലത്തു ഉപനിഷത്തിലെ ദുർജ്ഞേയങ്ങളും ഗഹനങ്ങളുമായ തത്വങ്ങൾ കേട്ടു ജനങ്ങൾ മുഷിഞ്ഞിരുന്നു. മുക്തി പ്രാപിക്കുന്നതിനു വിധിക്കപ്പെട്ടിരുന്നവയും വലിയ പണച്ചെലവ് ആവശ്യപ്പെട്ടിരുന്നവയുമായ യാഗങ്ങൾ നടത്തുന്നത് വലിയ ഭാരമായിക്കരുതപ്പെട്ടു. കഠിനക്ലേശങ്ങൾ ആവശ്യപ്പെട്ടിരുന്ന ഉഗ്രതപസ്സുചെയ്യുന്നതിനോടു വിരോധം പ്രദർശിപ്പിക്കപ്പെട്ടു. ഇവയ്ക്കു പുറമേ വിശ്വാസത്തിലും അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും സമ്പ്രദായങ്ങളിലും വ്യത്യാസം അവലംബിച്ചിരുന്ന ആദിമനിവാസികളെ ആര്യബ്രാഹ്മണർക്കു പ്രീണിപ്പിക്കയും ചെയ്യേണ്ടിയിരുന്നു.

ഈദൃശസന്ദർഭങ്ങളിൽ പെരുമാറേണ്ടതു് എങ്ങനെയെന്നും അറിവില്ലാത്തവരായിരുന്നില്ല പ്രത്യുൽപന്നമതികളായിരുന്ന ബ്രാഹ്മണർ. എല്ലാ കാലങ്ങളിലും എല്ലാ ദേശങ്ങളിലുമുള്ള ജനങ്ങളോടു അവസരോചിതമായ രഞ്ജിപ്പുണ്ടാക്കി കഴിഞ്ഞുകൂടുകയാണ് അവരുടെ നയമെന്നാണല്ലോ സർ രാധാകൃഷ്ണൻ പറയുന്നത്. അതനുസരിച്ചു, ഭൈരവദേവനും, വിരൂപാക്ഷനും, കപാലമാലിയും പരമശിവനും മഹേശ്വരനുമെല്ലാം വേദത്തിലെ രുദ്രൻ ആണെന്നു പറഞ്ഞു എല്ലാവരേയും സമാധാനപ്പെടുത്തി. ത്രിമൂർത്തികൾ ഒരേ ബ്രഹ്മത്തിന്റെ രൂപഭേദങ്ങളാണെന്നു പറഞ്ഞു ശൈവന്മാരെയും വൈഷ്ണവന്മാരെയും തൃപ്തിപ്പെടുത്തി. കൃഷ്ണഭക്തി ആചരിച്ചിരുന്ന യാദവന്മാരെ വിഷ്ണുനിർദ്ദേശ കൊണ്ടും രമ്യപ്പെടുത്തി. ത്രിത്വം, അവതാരം എന്നീ സത്യങ്ങൾ നിഷ്ഠാപൂർവ്വം പഠിപ്പിക്കുന്ന ക്രിസ്തുമതം ഈ കാലസന്ധിയിൽ ഇൻഡ്യായിൽ അറിയപ്പെട്ടിരുന്നതിനാൽ, പ്രസ്തുത നയങ്ങളുടെ പ്രയോഗത്തിനു് ഒരു സഹായവും ലഭിച്ചു. അവതാരത്തിന്റെ ഉൽപത്തിയേയും ത്രിമൂർത്തികളുടെ ആവിർഭാവത്തേയുംകുറിച്ചു ചർച്ചചെയ്യാൻ താൽപര്യമുള്ളവർക്കു ഇത്രയും മതിയാകുമല്ലോ.

---

## ഇടവക വാർത്തകൾ

മുതുകുളംപുഴ യുവജനസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സെന്റ് അഗസ്റ്റിൻസ് റീഡിംഗ്റൂമിന്റെ ഉൽഘാടനം വികാരി റവ. ഫാദർ അൽഫോൻസ് ഫർണാണ്ടസ് നിർവ്വഹിച്ചിരിക്കുന്നു.

* * *

കോതമംഗലം കത്തോലിക്കാ കോൺഗ്രസിന്റെ വാർഷികം ഫെബ്രുവരി 13-ാംനു വെരി റവ. മോൺസിഞ്ഞോർ പഞ്ഞിക്കാരൻ എം. എ., പി. എച്ച് ഡി, ഡി, ഡി. ഡി. സി എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. റവ. ഫാദർ ജോൺ മാമ്പിള്ളി ബി. എ. എൽ.ടി. പ്രസംഗിച്ചു.

* * *

കൊടുങ്ങല്ലൂർപള്ളി ഇടവക പറപ്പിള്ളിൽ വക്കീൽഭാര്യ ലൂസ്യ ഫെബ്രുവരി 10-ാംനു 86-ാമത്തെ വയസ്സിൽ നിര്യാതയായി. R. I. P.

* * *

ആലുവാ അസീസി സൺഡേ സ്കൂളിന്റേയും സൊഡാലിററിയുടേയും ഏകോപിച്ചുള്ള വാർഷികമഹാമഹം ഫെബ്രുവരി 13-ാംനു റവ. ഫാദർ കുഴിക്കാട്ട് ബി. എ. യുടെ അദ്ധ്യക്ഷതയിൽ കൂടി. മി. പി. എ. ഡാനിയൽ ബി എസ് സി. പ്രസംഗിച്ചു. യോഗാനന്തരം വിദ്യാർത്ഥികൾ "സ്വയംകൃതാനർത്ഥം" എന്ന സംഗീതനാടകം അഭിനയിച്ചു.

* * *

മാളാ പള്ളിയങ്കണത്തിൽവച്ച്, കറ്റിനാൾ മിൻസെൻറിയുടെ നേർക്കുള്ള മർദ്ദനനടപടികളെ പ്രതിഷേധിക്കുവാനായി റവ. ഫാദർ ഫ്രാൻസിസ് തലക്കോട്ടൂർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടിയിരിക്കുന്നു. തദവസരത്തിൽ ശ്രീ വി. വി. തോമസ് ബി. എ. എൽ. ടി. യും ശ്രീ ജോസഫ് ആത്തപ്പുള്ളിയും പ്രസംഗങ്ങൾ നടത്തി.

* * *

മാർച്ച് 21, 22, 23 എന്നീ തീയതികളിൽ പുത്തൻചിറ തിരുക്കുടുംബമഠക്കപ്പേളയിൽ നാല്പതുമണി ആരാധന നടത്തുന്നതാണ്.

* * *

കാവനയിൽ "ദി കാത്തലിക് ഫോർവേഡ് ക്ലബ്" എന്ന അഭിധാനത്തിൽ ഒരു ക്ലബ് റവ ഫാദർ പോൾ വടക്കുംഞ്ചേരി ഉൽഘാടനം ചെയ്തിരിക്കുന്നു.

## ഫാദർ പൊറോടം

പുന്നത്തുറപ്പള്ളി ഇടവക റവ. ഫാദർ ജോൺ പൊറോടം ഫെബ്രുവരി 17-ാംനു രാത്രി 12½ മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. 19-ാംനു തിരുവല്ലാ അഡ്മിനിസ്ട്രേറ്റർ മാർ സെവേരിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ അറുപതോളം ബ. വൈദികരുടേയും നൂറിൽപ്പരം കന്യാസ്ത്രീകളുടേയും നാലായിരത്തിൽ കുറയാത്ത മററു ജനങ്ങളുടേയും സഹകരണത്തോടെ എ. പെ. ബ. വികാരിജനാളിന്റെ പ്രധാന കാർമ്മികത്വത്തിൽ പുന്നത്തുറ പുത്തൻപള്ളിയിൽ സജ്ജീകരിച്ചിരിക്കുന്ന കല്ലറയിൽ ശവസംസ്കാരകർമ്മം ആഘോഷപൂർവ്വം നടത്തുകയുണ്ടായി. മരണക്കിടക്കയിലും എത്രയും ആനന്ദഭരിതനായി ദിവ്യഗീതങ്ങൾ ആലപിച്ചുകൊണ്ടാണ് പരേതൻ ഈലോകവാസം വെടിഞ്ഞത്. R. I. P.

## മിസ്സിസ്

(ജെ മീനാട്ടൂർ എം. എ.)

മിസ്സിസ് എന്നു കേൾക്കുമ്പോൾ ആരും പര്യാകുലപ്പെടേണ്ട. നിങ്ങൾ ആഫീസിൽനിന്നു മടങ്ങിവരുമ്പോൾ ആയിരം ആവലാതികളുടെ ഒരു സമാഹാരവുമായി നിൽക്കുന്ന പ്രേയസിയെയാണ് പരാമർശിക്കുന്നതെങ്കിലും, ആ പരാതികളെപ്പററിയല്ല ഞാൻ പ്രതിപാദിക്കുന്നത്.

മിസ്സിസ് സരോജിനിനായിഡു, മിസ്സിസ് അനസൂയാഭായി കാളേ, മിസ്സിസ് ത്രേസ്യാമ്മ ചാണ്ടി എന്നെല്ലാം നാം എഴുതാറുള്ളതു ശരിയല്ലെന്നു ചൂണ്ടിക്കാണിക്കുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം.

മിസ്സിസ് ശബ്ദം ഭാര്യയെ ദ്യോതിപ്പിക്കുന്നതാകയാൽ മിസ്സിസ് ത്രേസ്യാമ്മ ചാണ്ടി എന്നു പറയുമ്പോൾ ത്രേസ്യാമ്മ ചാണ്ടിയുടെ ഭാര്യ എന്നാണ് അർത്ഥം ലഭിക്കുക. ത്രേസ്യാമ്മ ചാണ്ടിക്കു ഭാര്യയില്ലാത്തതുകൊണ്ടു മിസ്സിസ് ത്രേസ്യാമ്മ ചാണ്ടി എന്നു പറയുന്നതു അനർത്ഥവും നിരർത്ഥകവുമാണ്. ചാണ്ടിയുടെ ഭാര്യയെയാണ് നിങ്ങൾ വിവക്ഷിക്കുന്നതെങ്കിൽ മിസ്സിസ് ചാണ്ടി എന്നുതന്നെ പറയണം. അതായതു് മിസ്സിസിനു പിന്നാലെ വരേണ്ടതു് ഭർത്താവിന്റെ പേരോ അദ്ദേഹത്തിന്റെ സ്വന്തം പേരിനെ സൂചിപ്പിക്കുന്ന അക്ഷരങ്ങളോ ആയിരിക്കണം. കുടുംബപ്പേരു (surname) ഉപയോഗിക്കാത്തേടത്തു, ഒടുവിൽ വരുന്ന പേരിനു ആ നില നൽകിക്കൊണ്ടാണ് മിസ്സിസ് എക്സ്. ചാണ്ടി എന്നു പ്രയോഗിക്കണമെന്നു നിർദ്ദേശിക്കുന്നത്.

വിധവകൾ മിസ്സിസിനോടുകൂടി അവരുടെ സ്വന്തം പേരുകൾ ഉപയോഗിക്കുക ഒരു സാധാരണ സമ്പ്രദായമായിത്തീർന്നിട്ടുള്ളതുകൊണ്ടു മിസ്സിസ് വിജയലക്ഷ്മി പണ്ഡിററ് എന്നു പ്രയോഗിക്കുന്നതു ശരിയാണെന്നു പറയാം.

ഭർത്താക്കന്മാരുള്ള വിവാഹിതകൾ മിസ്സിസിനുശേഷം ഭർത്താവിന്റെ കുടുംബപ്പേരിനു മുൻപായി സ്വന്തം പേരു ഉപയോഗിക്കുന്നതു ഇൻഡ്യയിൽമാത്രം സ്വീകരിച്ചുവരുന്ന ആംഗലേതരമായ ഒരു അബദ്ധസമ്പ്രദായമാണ്. ഇംഗ്ലീഷ് രീതികൾ സ്വീകരിക്കുമ്പോൾ, അവരുടെ ശരിയായ രീതികളാണല്ലോ സ്വീകരിക്കേണ്ടതു്.

ഗ്രന്ഥകർത്രികളും സിനിമാതാരങ്ങളും വിവാഹത്തിനുശേഷവും സ്വന്തം പേരുതന്നെ ഉപയോഗിക്കാറുണ്ട്; എന്നാൽ അതോടുകൂടി അവർ മിസ്സിസ് ചേർക്കാറില്ല; ഭർത്താവിന്റെ കുടുംബപ്പേരും ഉപയോഗിക്കാറില്ല. വിവാഹത്തിനു മുൻപുതന്നെ അവരുടെ പേരിനു പ്രസിദ്ധി ലഭിച്ചുകഴിഞ്ഞതുകൊണ്ടായിരിക്കണം അവർ ഇങ്ങനെ ചെയ്യുന്നത്. പലരും കന്യാനാമം എഴുതിയതിനു ശേഷം വലയത്തിനുള്ളിൽ മിസ്സിസിനോടുകൂടി ഭർത്താവിന്റെ പേരും കുടുംബപ്പേരും എഴുതാറുണ്ട്. മിസ്സിസിനോടുകൂടി ഭർത്താവിന്റെ പേരും കുടുംബപ്പേരും എഴുതിയതിനുശേഷം വലയത്തിനുള്ളിൽ ഫ്രഞ്ചിലെ nee യോടുകൂടി കന്യാനാമം എഴുതുന്നതും വളരെ അസാധാരണമല്ല. വിവാഹിതകളായ സ്ത്രീകൾ ഒപ്പിടുമ്പോൾ താഴെ കാണിക്കുന്ന സമ്പ്രദായമാണ് സ്വീകരിക്കാറുള്ളതു്. മിസ്സിസ് എക്സ്. ചാണ്ടി ഒരു പരിചിതസ്ത്രീക്കു കത്തെഴുതുകയാണെന്നിരിക്കട്ടെ. അവർ ഇങ്ങനെ എഴുതും:

ത്രേസ്യാമ്മ ചാണ്ടി
(മിസ്സിസ്. എക്സ്. ചാണ്ടി)

ഈ ബുദ്ധിമുട്ടുകൾ കൂടാതെ കഴിക്കാം, വിവാഹിതകളുടെ സ്വന്തം പേരോടുകൂടി 'ശ്രീമതിയും' അവിവാഹിതകളുടെ പേരോടുകൂടി "കുമാരിയും" ചേർക്കുന്ന സമ്പ്രദായം സ്വീകരിച്ചാൽ. ഭാരതത്തിൽ പല ഭാഗത്തും സ്വീകരിച്ചിട്ടുള്ള സമ്പ്രദായവും ഇതുതന്നെയാണ്. അങ്ങനെയായാൽ, മിസ്സിസ് എക്സ്. ചാണ്ടി എന്ന ഇംഗ്ലീഷ് സമ്പ്രദായമനുസരിച്ചു പറയുന്നതിനു പകരം ശ്രീമതി ത്രേസ്യാമ്മ ചാണ്ടി എന്നും, ശ്രീ ചാണ്ടിയുടെ പുത്രിയെ മിസ് അമ്മിണി ചാണ്ടി എന്നു പറയുന്നതിനു പകരം കുമാരി അമ്മിണി ചാണ്ടി എന്നും പറയാം.

# ദി മച്ച്ൻറ്സ് ബാങ്ക് ഓഫ് ഇൻഡ്യ ലിമിററഡ്

## എറണാകുളം

ബ്രാഞ്ചുകൾ:- തൃശ്ശൂർ, അയ്യമ്പിള്ളി, കൊച്ചി, ചിററൂർ-കൊച്ചി

റജിസ്റ്റർ ചെയ്ത മൂലധനം: 1000000 ക.

വില്ക്കപ്പെട്ട മൂലധനം: 500000 ക. അടഞ്ഞ മൂലധനം 240495 ക.

ബ. കൊച്ചി ഗവമ്മേൻറിൽനിന്നും D. Dis 14772/24-ാം നമ്പ്രായി 1949 ജനുവരി 15-ാംനു- സിദ്ധിച്ച ഓർഡർ അനുസരിച്ചു നടത്തുവാൻ നിശ്ചയിച്ചിരുന്ന ഞങ്ങളുടെ 11625 ക സലയുള്ള പുതിയ മാസക്കുറി 1949 ഫെബ്രുവരി 15-ാം നു- ക്കു നറുക്കു എടുക്കുന്നതിനു ഞങ്ങളെ സഹായിച്ച ഓരോ മാന്യവരിക്കാരോടും പ്രത്യേകം നന്ദിപറയുകയും ടി കുറിയിലേക്കുള്ള അപേക്ഷകൾ പലതും മടക്കി അയക്കേണ്ടിവന്നതിൽ ഖേദിക്കുകയും ചെയ്യുന്നു.

സി. തോമസ് പോൾ,
ജനറൽ മാനേജർ


ബാലരംഗം

# അടിസ്ഥാനം ഉറപ്പിക്കുന്നു

"ദുഷ്ടന്മാരാം വൈരികൾ ഹന്തമെത്തി-
ക്കഷ്ടപ്പാടിൻ പേരുമില്ലാതെയായി.
പുഷ്ടശ്രീ ചേരുന്ന നാടും ലഭിച്ചു-
ശ്ലിഷ്ടക്കൂട്ടം നിർഭരം തൃപ്തിതേടി."

പ്രിയകുഞ്ഞുങ്ങളേ,

ഇസ്രായേൽ ജനം മൂശയുടെ നേതൃത്വത്തിൽ മെസ്രേനിൽനിന്നു പറഞ്ഞൊപ്പിൻെറ നാട്ടിലേക്കു പുറപ്പെട്ടിട്ട്, വഴിമദ്ധ്യേ അവർക്കു നേരിട്ട കഷ്ടപ്പാടുകൾ വേദപുസ്തകത്തിൽ വർണ്ണിക്കപ്പെടുന്നുണ്ടല്ലോ. നാല്പതു ദീർഘസംവത്സരങ്ങൾ അവർ വനത്തിൽ ചുററിത്തിരിയേണ്ടിവന്നു. നാനാവിധ ശത്രുക്കളോടു അവർ മല്ലിടേണ്ടതായിവന്നു. എങ്കിലും ദൈവത്തിൻെറ മേഘത്തൂണ് അവരെ നയിച്ചുകൊണ്ടിരുന്നതിനാൽ അവർ മുന്നോട്ടുതന്നെ പ്രയാണം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ വാഗ്ദാനത്തിൻെറ നാടായ പലസ്തീനായിൽ അവർ ചെന്നെത്തുകയും ചെയ്തു. "പുഷ്ടശ്രീ ചേരുന്ന നാടും ലഭിച്ചു ശ്ലിഷ്ടക്കൂട്ടം നിർഭരം തൃപ്തിതേടി."

ബോസ്കോ അച്ചൻെറയും കുട്ടികളുടെയും പ്രയാണവും ഏകദേശം ഇത്തരത്തിലായിരുന്നു. പതിനെട്ടുമാസത്തിനിടയ്ക്കു ആറെട്ടുസ്ഥലങ്ങളിൽനിന്നു അവർ നിഷ്കാസിതരായി. ഒടുവിൽ അഭയംപ്രാപിച്ച വയലിൽനിന്നുപോലും വിട്ടുമാറിക്കൊള്ളണമെന്നു നോട്ടീസു കിട്ടിയിരിക്കുന്നു. പുണ്യശ്ലോകനായ ആ യുവവൈദികൻെറ ഹൃദയം തകർന്നു. കുട്ടികളുടെയും ഭാവം ആകപ്പാടെ പകർന്നു. "പുണ്യവാന്മാരുടെ കിരീടം മുള്ളുകൾകൊണ്ടു നിർമ്മിക്കപ്പെടുന്നു; കണ്ണുനീരുകൊണ്ടു നനയ്ക്കപ്പെടുന്നു" എന്നാണല്ലോ ആപ്തവാക്യം.

നോട്ടീസിൻെറ അവസാനതീയതിയും വന്നുചേർന്നു. അന്നുവരെയുള്ള ശ്രമങ്ങൾകൊണ്ടു വേറെ യാതൊരു മാർഗ്ഗവുമുണ്ടായില്ല. നാലുമണികഴിഞ്ഞു പുറപ്പെടേണ്ട നേരമായി. അച്ചൻെറയും കുട്ടികളുടെയും മുഖങ്ങൾ ഒരുപോലെ മ്ലാനമായിക്കാണപ്പെട്ടു. "വരിക" അദ്ദേഹം ധൈര്യം അവലംബിച്ചുപറഞ്ഞു. "നമുക്കു നമ്മുടെ പരിശുദ്ധ അമ്മയോടു പ്രാർത്ഥിക്കാം." പത്തുനാനൂറോളം കുട്ടികളോടൊന്നിച്ചു വെറും വെളിംപറമ്പിൽ മുട്ടുകുത്തി നടത്തിയ ഹൃദയംഗമമായ ആ പ്രാർത്ഥന ശിലയെയും അലിക്കത്തക്കതായിരുന്നു. 'എൻെറ ദൈവമേ! അടുത്ത ഞായറാഴ്ച ഞാൻ ഇവരെ എവിടെ സമ്മേളിപ്പിക്കണം, അഥവാ ഞാൻ എന്തു ചെയ്യണം എന്നു കാണിച്ചുതരണമേ!" എന്നു അദ്ദേഹം സമാപിച്ചു. മൂശയുടെ പ്രാർത്ഥന വനത്തിൽ മന്നാ പെയ്യിച്ചില്ലേ? കാടപ്പക്ഷിയെ വീഴിച്ചില്ലേ? പാറയിൽനിന്നു ജലം പുറപ്പെടുവിച്ചില്ലേ? ചെങ്കടലിനെ വിഭാഗിച്ചില്ലേ? ഈ അഭിനവമൂശയുടെ അഭ്യർത്ഥനയ്ക്കും പ്രത്യുത്തരം ഉടനെ ഉണ്ടായി.

പ്രാർത്ഥനാനന്തരം പുറപ്പെടാനിറങ്ങിയപ്പോൾ ഒരാൾ അവരെക്കെതിരേവന്നു. "അച്ചൻ ഒരു സ്ഥലം അന്വേഷിക്കുന്നതായി കേട്ടല്ലോ. എൻെറ സ്നേഹിതനായ പിന്നാർഡിക്കു ഒരു നെടുംപുര വാടകയ്ക്കു കൊടുപ്പാനുണ്ട്. അച്ചൻ വന്നു് അതൊന്നു നോക്കിയാൽ കൊള്ളാം."

വെള്ളത്തിൽ മുങ്ങുന്നവൻ വയ്ക്കോലിലും പിടിക്കുമല്ലോ. ഫാദർ ബോസ്കോയും കുട്ടികളുംകൂടി ആഗതനോടൊന്നിച്ചുചെന്നു് ആ സ്ഥലം നോക്കി. മേൽക്കൂടു ജീർണ്ണിച്ചു തുടങ്ങിയതും, തീരെ പൊക്കം കുറഞ്ഞതുമായ ഒരു വലിയ വൈക്കോൽപ്പുരയായിരുന്നു അതു്.

"ഇതിനു പൊക്കം തീരെ കുറവാണല്ലോ." ഫാദർ ബോസ്കോ അഭിപ്രായപ്പെട്ടു.

"അതു കഥയില്ല. തറ രണ്ടടി താഴ്ത്തിയാൽ മതിയല്ലോ. വേണമെന്നുണ്ടെങ്കിൽ ഇപ്പോൾ വാക്കുതരണം. സ്ഥലവും കെട്ടിടവുംകൂടി ആണ്ടിൽ 320 ലീര കൂലിക്കു (ഏകദേശം പന്ത്രണ്ടുപവൻ) നമുക്കു വാങ്ങിക്കാം."

"പന്ത്രണ്ടുപവൻ!" ഫാദർ ബോസ്കോ ദീർഘനിശ്വാസം ചെയ്തു. എങ്ങനെയും തുകയുണ്ടാകുമെന്നു ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു കരാർ ഉറപ്പിച്ചു പിരിയുകയും ചെയ്തു. കുട്ടികൾ ഹർഷാരവം മുഴക്കി കുതിച്ചുചാടി. കൃതജ്ഞതാസൂചകമായി ഒരു ജപമാല അപ്പോൾത്തന്നെ ചൊല്ലുകയും ചെയ്തു. ചില്ലറ സജ്ജീകരണങ്ങളെല്ലാം ചെയ്തു് പിറേറ ഞായറാഴ്ച—1846-ലെ ഉയിർപ്പുതിരുനാളിൽ—അവർ അവിടെ പ്രവേശിച്ചു് ഓറട്ടറിയുടെ നടപടികൾ ആരംഭിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ഇങ്ങനെ ട്യൂറിൻ പട്ടണത്തിൽനിന്നു അല്പം അകലെയായി വൽദോക്കോയിലെ പിന്നാർഡിഭവനത്തിൽ സലേഷ്യൻ ഓറട്ടറിയുടെ അടിസ്ഥാനം ഉറപ്പിച്ചു. സലേഷ്യൻ മഹാ സംഘടനയുടെ മാതൃഭവനം ഇന്നും അവിടെ പരിലസിക്കുന്നു. ചുററുമുള്ള അനേകായിരം ഏക്കർ സ്ഥലങ്ങൾ ഇപ്പോൾ സലേഷ്യൻ സ്ഥാപനങ്ങളാൽ നിബിഡമായിരിക്കുന്നു. പൂർവ്വകാലത്തു ട്യൂറിൻ നഗരത്തിൻെറ മദ്ധ്യസ്ഥന്മാരായ സൊലുത്തോരേ, അവെന്തോരെ, ഒക്താവിയൂസ് എന്ന വിശുദ്ധ രക്തസാക്ഷികളുടെ വേദസാക്ഷിരംഗമായി പേരു കേട്ടിരുന്ന ഈ ആസ്ഥാനം ഇപ്പോൾ സലേഷ്യൻ സന്യാസിസഭയുടെ കേന്ദ്രമായി പ്രശോഭിക്കുന്നു. ആ വയ്ക്കോൽ പുരയുടെ സ്ഥാനത്തുതന്നെയത്രെ ക്രിസ്ത്യാനികളുടെ സഹായമായ മാതാവിൻെറ ബൃഹദ്ബസിലിക്കാപ്പള്ളി ഇന്നു ലാലസിക്കുന്നതു്.

പ്രിയകുഞ്ഞുങ്ങളേ, ഉണ്ടാകട്ടെ എന്നൊരു വാക്കാൽ ഈ ലോകപരലോകങ്ങളെല്ലാം ഉരുവാക്കിയ സർവ്വശക്തനു അസാദ്ധ്യമായിട്ടു് എന്താണുള്ളതു്? അതിനാൽ ആ സർവ്വശക്തനിൽ പൂർണ്ണമായി ശരണപ്പെടുന്നവർക്കു എല്ലാം സുസാധ്യം തന്നെ. ഫാദർ ജോൺബോസ്കോയുടെ ശക്തിയും മൂലധനവും എല്ലാം ഈ ശരണം തന്നെയായിരുന്നു. "നിന്നിൽ ഞാൻ ശരണപ്പെട്ടു; ഒരിക്കലും ഞാൻ ലജ്ജിക്കേണ്ടിവരികയില്ല" എന്നല്ലേ ദാവീദ നിവ്യാ പാടിയിരിക്കുന്നതു്?

കത്തുകൾക്കു മറുപടി

നിങ്ങളുടെ ചില കത്തുകൾക്കെങ്കിലും ഇടയ്ക്കിടെ മറുപടി പറയുന്നതിനായി അവയെല്ലാം സൂക്ഷിച്ചിട്ടുണ്ടു്. ഒരാൾക്കുള്ള മറുപടി പലർക്കും ഉപകരിക്കയും ചെയ്യുമല്ലോ.

"...ദൈവം എനിക്കു പല ക്ലേശങ്ങളും സങ്കടങ്ങളും അയച്ചുതന്നിട്ടുണ്ടു്. ചിലപ്പോഴെല്ലാം ക്ഷമയോടുകൂടി സസന്തോഷം സ്വീകരിക്കുന്നുണ്ടെങ്കിലും ചിലപ്പോഴൊക്കെ സങ്കടപ്പെട്ടുപോകുന്നു. ഞാൻ ആണു ഏററം മൂത്തതു്. അതുകൊണ്ടു് എന്തു ക്ലേശം വന്നാലും സഹിക്കാതെ നിവൃത്തിയില്ല. ബ. വല്യച്ചൻ എനിക്കു ചെറിയ ഉപദേശങ്ങൾ തരുമെങ്കിൽ അതു ഞാൻ നിറവേററുന്നതിനു ശ്രമിക്കും."

നമ്പർ 56. എം. വി. റോസി.

പ്രിയ മകളേ, വീട്ടുജോലികളുടെയും പാഠജോലികളുടെയും ഇടയ്ക്കു, ബാലരംഗത്തിലേക്കു പേരയച്ച കൂട്ടത്തിൽ മൂന്നുപേജുള്ള ഈ ദീർഘ എഴുത്തും എഴുതാൻ നേരം കിട്ടിയതിൽ ഞാൻ അത്ഭുതപ്പെടുന്നു. ജോലികളും ക്ലേശങ്ങളും ചക്കരയും തേങ്ങായുംപോലെ നമ്മുടെ ജീവിതത്തെ മധുരിപ്പിക്കുന്നു. അതിലൊന്നു കുറഞ്ഞുപോയാൽ കുഞ്ഞിൻെറ ജീവിതത്തിനു ഇപ്പോഴുള്ള മാധുര്യവും ഉന്മേഷവും തീർച്ചയായും ഉണ്ടാകയില്ല. ആകയാൽ ഒട്ടുംപേടിക്കേണ്ട. ചിലപ്പോൾ അധൈര്യം തോന്നുന്നതുകൊണ്ടു കലങ്ങുകയുംവേണ്ട. വലിയ പുണ്യവാന്മാർക്കും അങ്ങനെയുണ്ടാകാത്തതല്ല. എന്തിനു്? ഗദസേമേനിൽവച്ചു നമ്മുടെ കർത്താവും ഒന്നു കലങ്ങിയില്ലേ? നമ്മുടെ ബലഹീനതയെ അനുസ്മരിപ്പിക്കാൻ അതും അതിലധികവും ഉണ്ടാകും. "ഈശോയുടെ പരിശുദ്ധ ഹൃദയമേ! എല്ലാം അങ്ങേപ്രതി" എന്നു ഇടയ്ക്കിടെ ചൊല്ലിക്കൊണ്ടു്, ഏതു ജോലിയും, എല്ലാ ക്ലേശവും, നമ്മുടെ സ്നേഹമണവാളൻെറ തിരുഹൃദയചൂളയിലേക്കു എറിഞ്ഞുകൊടുക്കുക. ഹാ! ഈശോ എത്ര പ്രസാദിക്കും! നാം എത്ര പുരോഗമിക്കും!


ആദ്ധ്യാത്മിക ഡയറി അമ്മമാരെ കാണിച്ചുവരുന്നതും മുടക്കേണ്ട. നാം മനസ്സായാലും പുറകോട്ടു പോകാതിരിപ്പാൻ അതൊക്കെ സഹായിക്കും.

കുഞ്ഞുമക്കൾ എല്ലാവർക്കുംവേണ്ടി ഞാൻ എന്നും അപേക്ഷിക്കുന്നുണ്ടു്. എനിക്കുവേണ്ടിയും മറക്കാതെ അപേക്ഷിക്കണമേ.

എന്നു സ്വന്തം വല്യച്ചൻ.

P. S. വലിയ നോമ്പു അടുത്ത ഞായറാഴ്ച ആരംഭിക്കുന്നതാണല്ലോ. നമ്മുടെ കർത്താവിൻെറ പീഡാനുഭവങ്ങളെപ്പററി രാവിലെയും വൈകിട്ടും കുറേ നേരം ചിന്തിപ്പാൻ തഴങ്ങണം. ത്യാഗപ്രവൃത്തികൾ കൂടുതലായി ഈശോയ്ക്കു സമർപ്പിക്കണം. "പരിശുദ്ധ വ്യാകുല മാതാവേ! എൻെറ അമ്മേ, നിൻെറ തിരുക്കുമാരൻെറ പങ്കപ്പാടും കുരിശുമരണവും എൻെറ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ" എന്നു പലപ്പോഴും ഹൃദയപൂർവ്വം ചൊല്ലുക.

സ്വ. വ.




കൊച്ചി മഹാരാജാവു തിരുമനസ്സിലെ തേവര സന്ദർശനാവസരത്തിൽ, തേവരജംക്ഷനിൽ മെയിൻആർച്ചിൽവച്ചു് തേവരയിലെയും പെരുമാനൂരെയും പൗരാവലിയെ പ്രതിനിധീകരിച്ചു് ശ്രീ ജി ജെ പി ചക്കാലയ്ക്കൽ തിരുമനസ്സിലെ ഹാരമണിയിച്ചു സ്വീകരിക്കുന്നു.

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന വാക്കുകൾ ആരു്, ആരോടു്, എപ്പോൾ പറഞ്ഞു?

1 "ഞങ്ങളുടെ കർത്താവേ! നീ ഇക്കാലത്തോ ഇസ്രായേലിനു രാജ്യം തിരികെ കൊടുക്കുന്നതു്?"

2 "പിതാവു് തൻെറ അധികാരത്തിൽ വച്ചിരിക്കുന്ന സമയമോ സമയങ്ങളോ അറിയുന്നതു നിങ്ങളുടെ കാര്യമല്ല."

3 "കർത്താവേ! സകലരുടേയും ഹൃദയങ്ങളിൽ ഉള്ളതു് നീ അറിയുന്നു. തൻെറ സ്ഥലത്തേക്കു പോകേണ്ടതിനു, യൂദാ വിട്ടൊഴിഞ്ഞ ശുശ്രൂഷയുടെ പങ്കും ശ്ലൈഹികസ്ഥാനവും സ്വീകരിക്കുവാൻ ഈ ഇരുവരിൽ നീ തിരഞ്ഞെടുക്കുന്ന ഒരുത്തൻ ആരെന്നു കാണിക്കണമേ."

4 "ഇതാ! ഈ സംസാരിക്കുന്നവരെല്ലാം ഗ്ലീലായർ അല്ലയോ? നാമോരോരുത്തരും നമ്മുടെ മാതൃഭാഷകളിൽ (സംസാരിക്കുന്നതു) കേൾക്കുന്നതെങ്ങനെ?"

(ഉത്തരങ്ങൾ 8-ാം പേജിൽ)


## ഇതറിഞ്ഞില്ലേ?

കഴിഞ്ഞകൊല്ലം (21-ാം പുസ്തകം) സത്യദീപത്തിലെ എഡിറേറാറിയൽ, വിമർശനവീഥി, ബാലപംക്തി, മരിയസഖ്യം ഇവ വെട്ടിപ്പററിച്ച പുസ്തകരൂപത്തിൽ വില്പനയ്ക്കു തയ്യാറുണ്ടു്.

വി. പി. ചാർജ്ജുൾപ്പെടെ ക. 3-8-0

അപേക്ഷിക്കേണ്ടും വിലാസം:-

പൈലികുഞ്ഞ്, തോട്ടകാപള്ളിക്കു സമീപം, വൈക്കം


ജനോവായുടെ സംരക്ഷകനായ

## കട്ടിനാൾ

ജനോവായിലെ ജസ്പീററ് മെത്രാപ്പോലീത്തായായ കട്ടിനാൾ ബൊയെററാ ഇററലിയിലെ ജർമ്മൻ ആധിപത്യകാലത്തു ആവിർഭവിച്ച ഒരപകടസന്ധിയിൽനിന്നും ജനോവാ തുറമുഖത്തെ സംരക്ഷിച്ച വിവരം ഇപ്പോൾ റോമിൽ വിചാരണ നടത്തിവരുന്ന ഒരു കേസിലെ പ്രതി വെളിപ്പെടുത്തിയിരിക്കുന്നു. മുസ്സോളിനിയുടെ അധഃപതനാനന്തരം ജർമ്മൻകാർ പ്രസ്തുത തുറമുഖത്തിൽ 360 മൈനുകൾ ഇടുകയുണ്ടായി. സ്ഥലം വിടാതിരിക്കാൻ നിവൃത്തിയില്ലാതെ വരുന്നയവസരത്തിൽ ആ തുറമുഖം നശിപ്പിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. ഇതു മനസ്സിലാക്കിയ കട്ടിനാൾ തിരുമനസ്സുകൊണ്ടു് മൈനുകളുടെ നിയന്ത്രണം ഏററിരുന്ന ആസ്ട്രേലിയൻ യുദ്ധസംഘത്തെ വശത്താക്കി. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം, മൈനെല്ലാം പൊട്ടിക്കുന്നതിനു മേലധികാരികളിൽനിന്നു വന്ന ഉത്തരവു് പ്രസ്തുത യുദ്ധസംഘം നിരസിക്കുകയും അങ്ങനെ ജനോവാ നാശഗർത്തത്തിൽ നിന്നും സംരക്ഷിക്കപ്പെടുകയും ചെയ്തു.

# സത്യദീപം

പത്രാധിപന്മാർ
വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.
വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ
എം. എ., പി എച്ച്. ഡി., ഡി ഡി, ഡി സി എൽ.
റവ. ഫാദർ ജോസഫ് ചാരോക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 ‖ ERNAKULAM, FEBRUARY 23, 1949 ‖ No 27

# തിരുനാൾ മംഗളം

കോട്ടയം രൂപതയെ പ്രശസ്തമായി ഭരിച്ചുവരുന്ന റൈറ്റ് റവ. ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടെ നാമകാരണദിനം അടുത്ത ശനിയാഴ്ചയാണല്ലോ. തിരുമേനിയുടെ പൈതൃക വാത്സല്യത്തിനു പാത്രീഭൂതമായിരിക്കുന്ന സത്യദീപവും അവിടുത്തെ അജഗണങ്ങളോടു ചേർന്നുകൊണ്ട് അവിടുത്തേക്കു സകലവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. തിരുമേനി കോട്ടയം രൂപതയുടെ ഭരണഭാരം കൈയേററിട്ട് ഇപ്പോൾ മൂന്നു വ്യാഴവട്ടത്തോളമായിരിക്കുന്നു. ഈ കാലഘട്ടത്തിൽ കേരളത്തിനു പൊതുവിലും കോട്ടയം രൂപതയ്ക്കു പ്രത്യേകമായും സംസിദ്ധമായിട്ടുള്ള അനുഗ്രഹങ്ങൾ സുവർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടേണ്ടതാണ്. സേവനനിരതനും ജനരഞ്ജകനുമായ തിരുമേനിയുടെ പാദമുദ്ര രാഷ്ട്രീയവും സാമൂഹ്യവുമായ രംഗങ്ങളിൽപ്പോലും പതിക്കുവാൻ അവിടുത്തേക്കു സാധിച്ചിട്ടുണ്ടെന്നുള്ളതു പ്രസ്താവയോഗ്യമായിരിക്കുന്നു. വന്ദ്യതിരുമേനി ആയുരാരോഗ്യവാനായി രൂപതാഭരണം ദീർഘകാലത്തേക്കു നടത്തിക്കൊണ്ടുപോകുന്നതിനു ജഗദീശൻ ഇടയാക്കട്ടെയെന്നാണ് ഈ അവസരത്തിൽ ഞങ്ങളുടെ പ്രാർത്ഥന.



# കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷൻ

ഇൻഡ്യയിലെ കത്തോലിക്കാ കോളെജ് വിദ്യാർത്ഥികളും സർവ്വകലാശാലാ ബിരുദകൾ സമ്പാദിച്ച വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അഭ്യസ്തവിദ്യരായ കത്തോലിക്കരും അംഗങ്ങളായിരിക്കുന്ന ഒരു മഹാസംഘടനയാണ് അഖിലേന്ത്യാ കത്തോലിക്കാസർവ്വകലാശാലാ ഫെഡറേഷൻ. ഈ ഫെഡറേഷനെ ഇൻഡ്യയിലെ സർവ്വകലാശാലാ കത്തോലിക്കാ പ്രവർത്തനത്തിന്റെ ഔദ്യോഗികമായ ഉപകരണമായി ഇൻഡ്യയിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ സംഘം അംഗീകരിച്ചിരിക്കുകയാണ്. പ്രസ്തുത സംഘടനയേയും അതിന്റെ ചരിത്രത്തേയും മററും കുറിച്ചുള്ള വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

## പാക്സ് റൊമാനാ

ലോകമാസകലമുള്ള കത്തോലിക്കാ സർവ്വകലാശാലകളിലെ വിദ്യാർത്ഥികളുടെ ഒരു സാർവ്വദേശീയ സംഘടനവഴിയായി ലോകമാസകലമുള്ള അഭ്യസ്തവിദ്യരായ കത്തോലിക്കരുടെയിടയിൽ സമാധാനസംസ്ഥാപനാർത്ഥം ഏകീകരണം വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള അഖിലലോകപ്രസ്ഥാനമാണ് പാക്സ് റൊമാനാ. ഇതിന്റെ തലസ്ഥാനം ഒന്നാംലോകമഹായുദ്ധത്തിനു ശേഷം, അന്നു നിഷ്പക്ഷത പാലിച്ച രാജ്യമായിരുന്ന സ്വിററ്സർലണ്ടിലെ ഫ്റീബർഗ് പട്ടണത്തിലെ കത്തോലിക്കാ സർവ്വകലാശാലയിൽ സ്ഥാപിക്കപ്പെട്ടു. ഈ പ്രസ്ഥാനം ഇക്കഴിഞ്ഞ 25 വർഷങ്ങൾക്കിടയിൽ യൂറോപ്പ്, തെക്കും വടക്കും അമേരിക്കാകൾ, വിദൂരപൗരസ്ത്യരാജ്യങ്ങൾ എന്നിവ ഉൾപ്പെടെ മിക്കവാറും ലോകം മുഴുവനും വ്യാപിച്ചു. ഓരോ രാജ്യത്തിലും ദേശീയമായ അടിസ്ഥാനത്തിൽ, കുറഞ്ഞപക്ഷം അർദ്ധദേശീയമായ അടിസ്ഥാനത്തിൽ, സംഘടനകൾ സ്ഥാപിക്കപ്പെടുകയും പാക്സ് റൊമാനായോട് അഫിലിയേററ് ചെയ്യപ്പെടുകയുമുണ്ടായി. ഈ വിധത്തിൽ ഇൻഡ്യയിലെ അഭ്യസ്തവിദ്യരായ കത്തോലിക്കർ അംഗങ്ങളായിരുന്നതും പാക്സ് റൊമാനായോട് അഫിലിയേററ് ചെയ്യപ്പെട്ടതുമായ സംഘടനയാണ് തെന്നിൻഡ്യാ കത്തോലിക്കാ സർവ്വകലാശാലാഫെഡറേഷൻ.

## തെന്നിൻഡ്യാ കത്തോലിക്കാ സർവ്വകലാശാലാഫെഡറേഷൻ

സുസ്മരണാർഹനായ ഫാദർ ഒണോറെ എസ്. ജെ. കേരളീയ കത്തോലിക്കാ വിദ്യാർത്ഥികൾക്കുവേണ്ടി 1915-ൽ ഒരു സംഘടന സ്ഥാപിച്ച് ഏററവും കാര്യക്ഷമമായി നടത്തിപ്പോന്നിരുന്നതു് നമുക്കറിവുള്ളതാണല്ലോ. പശ്ചിമതീരത്തെ ഈ സംഘടന ഉത്ഭവിച്ചു കുറെ കഴിഞ്ഞപ്പോൾ പൗരസ്ത്യതീരത്തിലെ കത്തോലിക്കാ വിദ്യാർത്ഥികൾക്കുവേണ്ടി തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജ് കേന്ദ്രമാക്കി ഫാദർ കാർട്ടി എസ്. ജെ. "കത്തോലിക്കാ യുവജനഗിൽഡ്" എന്നപേരിൽ വേറൊരു സംഘടന ഏർപ്പെടുത്തി. കേരളീയ കത്തോലിക്കാവിദ്യാർത്ഥി സംഘടന കാലക്രമേണ കേരളീയകത്തോലിക്കാ യൂത്ത് ലീഗ് എന്ന രൂപം പ്രാപിച്ചു. ഈ യൂത്ത് ലീഗും മുൻപറഞ്ഞ യുവജന ഗിൽഡും തമ്മിൽ 1929-ൽ ഫെഡറേഷൻ നടന്നു. ഈ സംയുക്ത സംഘടനയാണ് "കത്തോലിക്കാ യുവജന ഫെഡറേഷൻ" എന്നപേരിൽ അറിയപ്പെട്ടുവന്നതു്. ഫെഡറേഷനിൽ വളരെയധികം സർവ്വകലാശാലാ വിദ്യാർത്ഥികളും ബിരുദധാരികളും ഉൾപ്പെട്ടിരുന്നെങ്കിലും അതു ഒരു സർവ്വകലാശാലാ സംഘടനയുടെ പൂർണ്ണരൂപം കൈക്കൊണ്ടിരുന്നില്ല. എന്നവരികിലും 1937-ൽ പാക്സ് റൊമാനാ സംഘടനയോടു് അഫിലിയേററ് ചെയ്യപ്പെടുവാൻ ഈ ഫെഡറേഷൻ ക്ഷണിക്കപ്പെട്ടു. ക്ഷണാനുസരണം ഫെഡറേഷൻ പാക്സ് റൊമാനായോടു് താൽക്കാലികമായി അഫിലിയേററ് ചെയ്യപ്പെടുകയുണ്ടായി. അതിനിടയിൽ ഒരു തനി സർവ്വകലാശാലാ സംഘടന രൂപീകരിക്കുവാനുള്ള ആഹ്വാനം പ്രസ്തുതഫെഡറേഷൻ തെന്നിൻഡ്യായിലെ സകല കത്തോലിക്കാ കോളെജുകൾക്കും നൽകി. ആഹ്വാനം സ്വീകരിക്കപ്പെട്ടു. അതിന്റെ ഫലമായിട്ടാണ് കത്തോലിക്കാ യുവജന ഫെഡറേഷനിലെ സർവ്വകലാശാല വിഭാഗത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് തെന്നിൻഡ്യാ കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷൻ സംജാതമായതു്. ഈ ഫെഡറേഷൻ 1939 ആഗസ്റ്റിൽ, വാഷിംഗ്ടണിൽ വച്ചു കൂടിയ പാക്സ് റൊമാനായുടെ വാർഷിക കോൺഗ്രസ്സിൽ വച്ച് അതിനോടു് ശാശ്വതമായി അഫിലിയേററ് ചെയ്യപ്പെട്ടു. പ്രസ്തുത ഫെഡറേഷനു രണ്ടു വിഭാഗങ്ങളുണ്ടു്. ഒന്നു വിദ്യാർത്ഥികൾക്കു വേണ്ടിയുള്ളതും, കത്തോലിക്കാ വിദ്യാർത്ഥിയൂണിയൻ (C. S. U.) എന്നു വിളിക്കപ്പെടുന്നതുമാണ്. മറേറതു സർവ്വകലാശാലാ ബിരുദധാരികൾക്കും അഭ്യസ്തവിദ്യരായി വിവിധ ജീവിതവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വേണ്ടിയുള്ളതാണ്. ഇതു ന്യൂമൻ അസോസിയേഷൻ എന്നു വിളിക്കപ്പെടുന്നു. (N. A.) വിവിധ കോളെജുകളിലുള്ള കത്തോലിക്കാ വിദ്യാർത്ഥിയൂണിയന്റെ കമ്മിററികൾ തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിലുള്ള തലസ്ഥാന സെൻട്രൽ കമ്മിററിയോടു ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രാദേശികകമ്മിററികളും സെൻട്രൽക്കമ്മിററിയും വർഷംതോറും സമ്മേളിച്ചു യൂണിയന്റെ പൊതുവായ പ്രവർത്തനപദ്ധതികൾ രൂപീകരിക്കുകയാണു ചെയ്യുന്നതു്. ന്യൂമൻ അസോസിയേഷന്റെ ശാഖകൾ പല പ്രധാന പട്ടണങ്ങളിലുമുണ്ടു്. അസോസിയേഷന്റെ സെൻട്രൽ കമ്മിററിയായി തൽക്കാലം സേവനം ചെയ്യുന്നതു് അതിന്റെ തലസ്ഥാനമായ തൃശ്ശിനാപ്പള്ളിയിലെ കമ്മിററിയാണ്. യൂണിയനും അസോസിയേഷനും വിഭാഗങ്ങളായുള്ള സംഘടനയാണ് തെന്നിൻഡ്യാ കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷൻ എന്നു പറഞ്ഞുവല്ലോ. ഈ രണ്ടു ഘടകങ്ങളുടേയും സെൻട്രൽക്കമ്മിററികളുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു ഫെഡറൽ എക്സിക്യൂട്ടീവ് കമ്മിററി തലസ്ഥാനമായ തൃശ്ശിനാപ്പള്ളിയിൽ ഉണ്ടു്. ആ കമ്മിററിയാണ് ഫെഡറേഷന്റെ പൊതുവായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു്.

## വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകരണം

പാക്സ് റൊമാനാസംഘടന ലോകമാസകലം ശക്തിയിലും സ്വാധീനത്തിലും വളർന്നുകൊണ്ടാണു പോന്നിട്ടുള്ളതു്. കൊല്ലംതോറും അതിന്റെ ഒരു സാർവ്വദേശീയകോൺഗ്രസ്സ് പ്രധാനപ്പെട്ട സർവ്വകലാശാലാകേന്ദ്രങ്ങളിൽ മാറിമാറി നടത്തിപ്പോന്നിരുന്നു. ഫ്റീബർഗ്, സാൽസ്ബർഗ്, ബുഡാപ്പെസ്റ്റ്, ബൊലോഞ്ഞ, ആംസ്റ്റർഡാം, വാർസാ, കേംബ്രിഡ്ജ്, സെവിൽ, മൂതിക്, ബോർഡോ, ലക്സംബർഗ്, റോമാ, പ്രേഗ്, വിയന്നാ, പാരീസ്, ന്യൂയോർക്ക് മുതലായ പട്ടണങ്ങളിൽ വാർഷികകോൺഗ്രസ്സ് നടത്തപ്പെട്ടിട്ടുണ്ടു്. ആ കോൺഗ്രസ്സുകളിൽ കത്തോലിക്കർക്കു പ്രാധാന്യമുള്ള സാർവ്വദേശീയപ്രശ്നങ്ങളെപ്പററി പ്രതിപാദനങ്ങളും ചർച്ചകളും നടന്നിട്ടുമുണ്ടു്. ഈ പാക്സ് റൊമാനാ സർവ്വകലാശാലകളെ പ്രത്യേകം ഉദ്ദേശിച്ചുള്ള കത്തോലിക്കാപ്രവർത്തന സംഘടനയാണെന്നു പ്രസ്താവിച്ചുവല്ലോ. കത്തോലിക്കാപ്രവർത്തനസംഘടനകൾക്കു വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകരണവും നേതൃത്വവും ഉണ്ടായിരിക്കേണ്ടതാണല്ലോ. അക്കാരണത്താൽ പാക്സ് റൊമാനായുടെ തലസ്ഥാനത്തുനിന്നു കഴിഞ്ഞകൊല്ലം ഒരു സർക്കുലർ പുറപ്പെടുവിക്കപ്പെട്ടു, അതിനോടു അഫിലിയേററു ചെയ്യപ്പെട്ടിട്ടുള്ള ദേശീയസംഘടനകൾക്കു അതാതുസ്ഥലത്തെ വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകരണം ലഭിച്ചിട്ടുണ്ടോ എന്നറിയുവാൻ. തെന്നിൻഡ്യാ കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷനും ഈ സർക്കുലർ ലഭിച്ചു. തദനുസരണം ഇൻഡ്യയിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷസംഘത്തെ ഫെഡറേഷൻ സമീപിച്ചു. ഇൻഡ്യൻ വൈദികാദ്ധ്യക്ഷസംഘത്തിലെ കത്തോലിക്കാപ്രവർത്തനക്കമ്മിററിയുടെ ഡയറക്ടരായ മദ്രാസ് മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു് ഫെഡറേഷനു ഒരു മറുപടി നൽകി. അതിന്റെ താല്പര്യമെന്തെന്നാൽ, സർവ്വകലാശാലാ കത്തോലിക്കാപ്രവർത്തനത്തിന്റെ ഔദ്യോഗികസംഘടനയായി അതുവരെ ഒരു സംഘടനയേയും വൈദികാദ്ധ്യക്ഷസംഘം ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല; തെന്നിൻഡ്യാ കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷൻ തീർച്ചയായും ശരിയായ രൂപത്തിലുള്ള സർവ്വകലാശാലാ കത്തോലിക്കാപ്രവർത്തന സംഘടനയാകുന്നു; ഈ സാഹചര്യങ്ങളിൽ ഇൻഡ്യൻ വൈദികാദ്ധ്യക്ഷസംഘത്തിലെ സ്റ്റാൻറിംഗ് കമ്മിററിക്കു ഔപചാരികമായ ഒരപേക്ഷ അംഗീകരണം സിദ്ധിക്കുവാൻ ഫെഡറേഷനിൽനിന്നു ബോധിപ്പിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു; തദനുസരണം അംഗീകരണം ലഭിക്കുമെന്നു് ഉറപ്പുമുണ്ടു്; അതിനിടയിൽ ഫെഡറേഷൻ അംഗീകരിക്കപ്പെടുന്നതു് ഇൻഡ്യക്കു മുഴുവൻ വേണ്ടിയോ, തെന്നിൻഡ്യക്കു മാത്രമായോ ആയിരിക്കണമെന്നുള്ള കാര്യം ഫെഡറേഷൻ ആലോചിച്ചുറയ്ക്കണം. ഇക്കാര്യം ബോംബെയിലെ സെൻറ് സേവ്യേഴ്സ് കോളെജിലേയും കൽക്കട്ടായിലെ സെൻറ് സേവ്യേഴ്സ് കോളെജിലേയും അധികാരികളുമായും ആ പ്രോവിൻസുകളിലെ വൈദികാധികാരികളുമായും ഫെഡറേഷൻ പ്രവർത്തകന്മാർ ആലോചിച്ചു. അതിന്റെ ഫലമായിട്ടാണ് തെന്നിൻഡ്യാ ഫെഡറേഷൻ അഖിലേൻഡ്യാഫെഡറേഷനായി രൂപാന്തരം ചെയ്യപ്പെടുന്നതു്. ഇതിനെത്തുടർന്നു ഫെഡറേഷനിൽനിന്നു വൈദികാദ്ധ്യക്ഷസംഘത്തിലെ സ്റ്റാൻറിംഗ് കമ്മിററിക്കു ഔദ്യോഗികമായ അംഗീകരണത്തിനായി അപേക്ഷ സമർപ്പിക്കപ്പെട്ടു. അപേക്ഷ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്നും തദനുസരണം ഫെഡറേഷനെ ഇൻഡ്യക്കു മുഴുവനുമുള്ള സർവ്വകലാശാലാ കത്തോലിക്കാ പ്രവർത്തനസംഘടനയായി വൈദികാദ്ധ്യക്ഷസംഘം അംഗീകരിച്ചിരിക്കുന്നുവെന്നുമുള്ള വിവരം മദ്രാസ് മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു് ഫെഡറേഷന്റെ ഡയറക്ടറായ ഫാദർ കാർട്ടി എസ്. ജെ. അവർകളെ 1948 നവംബർ 26-ാം നു- യിലെ കത്തുവഴിയായി അറിയിക്കുകയും ചെയ്തു. ഫെഡറേഷന്റെ ഔദ്യോഗികനാവായി കിംഗ്സ് റാലി (The King's Rally) എന്ന മാസികയെ അംഗീകരിച്ചിരിക്കുന്നുവെന്നും പ്രസ്തുത കത്തിൽ പ്രസ്താവിച്ചിരുന്നു.

## റാലിയുടെ സുവർണ്ണജൂബിലി

ഏതൊരു പ്രസ്ഥാനത്തിന്റേയും പ്രചാരത്തിനും വിജയത്തിനും അതിന്റെ നാവായി ഒരു പ്രസിദ്ധീകരണം ആവശ്യമാണല്ലോ. കത്തോലിക്കാ കോളെജ് വിദ്യാർത്ഥികളുടെ കത്തോലിക്കാപ്രവർത്തനപരമായ വിജ്ഞാനത്തേയും പ്രചോദനത്തേയും പ്രത്യേകം ഉന്നംവച്ചു പണ്ഡിതവരേണ്യനായ ഫാ. കാർട്ടിയുടെ പത്രാധിപത്യത്തിൽ നടത്തിപ്പോരുന്ന ഒന്നാംതരം ഇംഗ്ലീഷ്മാസികയാണ് "റാലി". ഇരുപത്തഞ്ചു കൊല്ലം മുൻപു് ആരംഭിച്ച ഈ പ്രസിദ്ധീകരണത്തെ അതു സേവനം ചെയ്തുകൊണ്ടിരുന്ന സംഘടനയുടെ വികാസഭേദങ്ങളനുസരിച്ചുഭേദപ്പെടുത്തിക്കൊണ്ടിരുന്നു. 1930-മുതൽ "The King's Rally" എന്ന പുതിയ പേർ അതു സ്വീകരിച്ചു. ക്രിസ്തുരാജന്റെ കൊടിക്കീഴിൽ റാലി ചെയ്യുക (ഒന്നിച്ചുകൂടുക)യാണ് സംഘടനയുടെ ലക്ഷ്യമെന്നുള്ള വസ്തുത പൂർവ്വാധികം സ്പഷ്ടമാക്കണമെന്നുള്ളതായിരുന്നു പേരുമാററത്തിന്റെ ഉദ്ദേശ്യം. സർവ്വകലാശാലാ കത്തോലിക്കാപ്രവർത്തനം യഥാർത്ഥീകരിക്കുവാൻ ആവശ്യകമായ കാര്യങ്ങളിലാണ് പ്രസ്തുത മാസിക പ്രത്യേകം ശ്രദ്ധപതിച്ചു പോന്നിട്ടുള്ളതു്. ഒന്നാമതു് ക്രിസ്തീയ സാഹോദര്യത്തിന്റെ ചൈതന്യം പരിപോഷിപ്പിക്കുക; രണ്ടാമതു് പ്രബുദ്ധവും വിജ്ഞാനസമ്പന്നവുമായ കത്തോലിക്കാ മനോഭാവം കൈവളർത്തുക; മൂന്നാമതായി ആധുനിക സാമുദായിക പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിൽ കത്തോലിക്കാ തത്വങ്ങളെ പ്രയോഗക്ഷമമാക്കുക. ക്രിസ്തീയ സാഹോദര്യത്തിന്റെ ചൈതന്യമാണല്ലോ ക്രിസ്തീയ സ്നേഹത്തിന്റെ സത്തു്. എന്നു വരികിലും അതിന്റെ അഭാവം എവിടെയും എത്രമാത്രമാണെന്നു പറയണമെന്നില്ലല്ലോ. ജാതിവ്യത്യാസങ്ങളുടെ നിബന്ധനകൾ ഇനിയും ഏറക്കുറെ നിലവിലിരിക്കുന്ന ഇൻഡ്യയിൽ സാഹോദര്യത്തിന്റെ ചൈതന്യം പരിപോഷിപ്പിക്കേണ്ടതു് ഇപ്പൊഴും ഏററവും ആവശ്യകമാ

യിട്ടാണിരിക്കുന്നത്. ഈ വിഷയത്തിൽ "റാലി" നിരന്തരം ശ്രമിച്ചുപോന്നിരുന്നു. പ്രബുദ്ധവും വിജ്ഞാനസമ്പന്നവുമായ കത്തോലിക്കാമനോഭാവം സർവ്വകലാശാലാ വിദ്യാർത്ഥികളുടേയും അഭ്യസ്തവിദ്യരായ മററു കത്തോലിക്കരുടേയും ഇടയിൽ സംജാതമാക്കുവാനും റാലി അനുസ്യൂതം ശ്രമിച്ചുപോന്നിട്ടുണ്ട്. ആധുനിക സാമുദായിക പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുവാൻ തക്കവണ്ണം കത്തോലിക്കാ തത്വങ്ങളെ പ്രയോഗക്ഷമമാക്കുന്നതിലും റാലി മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടു പോന്നിട്ടുള്ളതു്. റാലിയുടെ വിജ്ഞാനദായകങ്ങളായ ഈ പരിശ്രമങ്ങളെ ഫെഡറേഷന്റെ അംഗങ്ങൾ സോത്സാഹം ഫലപ്രദങ്ങളാക്കിത്തീർത്തു. ഈ വിധത്തിൽ 25 കൊല്ലം അഭ്യസ്തവിദ്യരായ നമ്മുടെ യുവജനങ്ങൾക്കു കാലോചിതമായ സഹായം ചെയ്തുപോന്ന പ്രസ്തുത പ്രസിദ്ധീകരണത്തെ ഞങ്ങൾ ഹൃദയപൂർവ്വം അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നമ്മുടെ സർവ്വകലാശാലാ വിദ്യാർത്ഥികളും അഭ്യസ്തവിദ്യരായ മററു കത്തോലിക്കരും ഈ പ്രസിദ്ധീകരണം മുടങ്ങാതെ വരുത്തുകയും സശ്രദ്ധം വായിച്ചു പഠിക്കുകയും ചെയ്യണമെന്നാണു് ഞങ്ങളുടെ ഹൃദയപൂർവ്വകമായ ശുപാർശ.

സുരക്ഷിതമായ വിദ്യാർത്ഥിസംഘടന

ഇൻഡ്യയിൽ പൊതുവിലും, പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും പ്രത്യേകമായും അനേകം വിദ്യാർത്ഥിസംഘടനകൾ നടത്തിപ്പോരുന്നുണ്ടല്ലോ. അവയിൽ മിക്കവാറും നേതൃത്വം വഹിക്കുന്നതു് സർവ്വകലാശാലാ വിദ്യാർത്ഥികളാണു്. പ്രായവും പക്വതയും പരിചയവും സംസിദ്ധമാകാത്ത വിദ്യാർത്ഥികൾ തന്നെ വിദ്യാർത്ഥിലോകത്തിന്റെ നേതൃത്വം വഹിക്കുന്നതു് കുരുടൻ കുരുടനെ വഴി കാണിക്കുന്നതുപോലെയാണെന്നു് സ്പഷ്ടമാണല്ലോ. വിദ്യാർത്ഥിസംഘടനകളിൽ അടുത്ത കാലത്തു് പ്രകടിതമായിക്കാണുന്ന ശിക്ഷണരാഹിത്യവും പണിമുടക്കുകളും മററു കുഴപ്പങ്ങളും ഈ വസ്തുതയ്ക്കു വേണ്ടുവോളം സാക്ഷ്യം വഹിക്കുന്നുണ്ടു്. ഈ സാഹചര്യങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ, വൈദികാദ്ധ്യക്ഷസംഘത്തിന്റെ ഔദ്യോഗികമായ അംഗീകരണത്തിൽ, വൈദികോപദേഷ്ടാക്കന്മാരുടെ സംരക്ഷണയോടുകൂടി, പ്രായവും പരിചയവും പക്വതയും സംസിദ്ധമായിട്ടുള്ള അഭ്യസ്തവിദ്യരായ അവൈദികരുടെ സഹകരണത്തോടുകൂടി, നടത്തപ്പെടുന്ന കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷൻ ഇൻഡ്യയിലെ കത്തോലിക്കാ വിദ്യാർത്ഥിലോകത്തിനു ഏററവും വലിയ ഒരനുഗ്രഹംതന്നെ. ഇതിൽ അംഗങ്ങളായിച്ചേർന്നു് വേണ്ട യോഗ്യതകൾ സമ്പാദിച്ചു് രാജ്യത്തിനും മതത്തിനും ഭാവിയിൽ വേണ്ട ഗുണങ്ങൾ ചെയ്യുവാൻ പ്രാപ്തരായിത്തീരണമെന്നു് കത്തോലിക്കാ കോളെജ് വിദ്യാർത്ഥികളേയും അഭ്യസ്തവിദ്യരായ മററു കത്തോലിക്കരേയും ഞങ്ങൾ സാദരം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

വിദ്യാലയത്തിൽ വച്ചു പൊറുപ്പിക്കാവുന്നതല്ല

ഒല്ലൂർ ഹൈസ്കൂൾ സാഹിത്യസമാജത്തിന്റെ വാർഷികയോഗത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി പി എച്ചു് ഡി., ഡി. ഡി. നടത്തിയ പ്രസംഗത്തിൽ കമ്മ്യൂണിസ്റ്റു് വിഷം വമിക്കുന്ന അദ്ധ്യാപകന്മാരെ വിദ്യാലയങ്ങളിൽ വച്ചു പൊറുപ്പിക്കാവുന്നതല്ലെന്നു ഉദ്ബോധിപ്പിച്ചിരിക്കുന്നു. പ്രസ്തുത പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം:

വിദ്യാഭ്യാസം അതിന്റെ ധർമ്മം യഥാവിധി നിർവ്വഹിക്കണമെങ്കിൽ വിദ്യാർത്ഥികളെ ഭാവിജീവിതായോധനത്തിനു് സന്നദ്ധരും സമർത്ഥരുമാക്കിത്തീർക്കണം. വിജ്ഞാനസമ്പത്തും സ്വഭാവസംസ്കാരവും ആവുന്നത്ര സമ്പാദിക്കയാണു് ഓരോ വിദ്യാർത്ഥിയും ചെയ്യേണ്ടതു്. വിദ്യാലയജീവിതകാലത്തു് രാഷ്ട്രീയ പ്രവർത്തനങ്ങളിലും മററും സജീവമായി പങ്കെടുക്കുന്നതും വിധ്വംസകപ്രവർത്തകരുടെ കൈകളിൽ കുട്ടിക്കുരങ്ങുകളായി പ്രക്ഷോഭണപരിപാടികളിലേർപ്പെടുന്നതും തങ്ങളുടെ ജീവിതത്തെ പാഴാക്കുന്നതിനു മാത്രമേ ഉപകരിക്കൂ. പരിശീലനം പൂർണ്ണമാകുന്നതിനു മുമ്പു പയററുവാനിറങ്ങുന്നതു പന്തികേടാകുമെന്നു മാത്രമല്ല, ആപൽക്കരവുംകൂടിയാണു്. പരിപക്വമതികളും രാജ്യക്ഷേമോൽസുകരുമായ ദേശീയനേതാക്കളുടെ അവസരോചിതമായ ഉപദേശങ്ങളെ വിദ്യാർത്ഥികൾ വിലമതിക്കയും സമാദരിക്കയും അംഗീകരിക്കയും ചെയ്യേണ്ടതാണു്. ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഫലമായി വിദ്യാർത്ഥികൾ സ്വയം ചിന്തിക്കുവാൻ പ്രാപ്തിയില്ലാത്തവരായിരിക്കുന്നു എന്നുള്ള വിലാപം എവിടേയും മുഴങ്ങി കേൾക്കുന്നു. മുദ്രാവാക്യങ്ങളുടേയും വിപ്ലവപ്രസ്ഥാനങ്ങളുടേയും പിന്നാലെ പരക്കംപായുവാനുള്ള വാസന ഇതിന്റെ ഫലമാണു്. യുവവിദ്യാർത്ഥികളുടെ ഇടയിൽ കാണുന്ന കമ്മ്യൂണിസാനുഭാവം ഇപ്പറഞ്ഞതിനു നല്ലൊരുദാഹരണമാണു്. കമ്മ്യൂണിസത്തെ തെക്കേ അമേരിക്കയിലുള്ള ഒരുതരം ഏട്ടുകാലിയോടുപമിക്കാം. അതിന്റെ അവയവങ്ങളെല്ലാം വിടുർത്തിയാൽ പുതിയ പൂവു പോലെ തോന്നും. പൂവു വിടർന്നു നിൽക്കുന്നതാണെന്നു വ്യാമോഹിച്ചു തേൻകൊണ്ടുപജീവിക്കുന്ന പ്രാണികൾ അതിൽ ചെന്നു് നിറയും. അപ്പോൾ അതു പൂർവ്വസ്ഥിതിയെ പ്രാപിക്കയും ചെയ്യും. ഇരതേടുവാൻ പ്രകൃതി ആ ജീവിക്കു നൽകിയിട്ടുള്ള ഒരു പ്രത്യേകോപായമാണതു്. കമ്മ്യൂണിസം മോഹനങ്ങളായ വാഗ്ദാനങ്ങളാൽ അജ്ഞരും ഉപരിപ്ലവബുദ്ധികളുമായ ആളുകളെ വശീകരിക്കുന്നു. അതിന്റെ വലയിൽ പെട്ടാൽ മനുഷ്യൻ അമൂല്യങ്ങളായി കരുതുന്ന സമസ്തവും—ഈശ്വരവിശ്വാസവും, സദാചാരബോധവും, മനുഷ്യമാഹാത്മ്യവും, വ്യക്തിസ്വാതന്ത്ര്യവും എല്ലാം—നശിച്ചു മൃഗപ്രായനായി അധഃപതിക്കുന്നു. ക്രൈസ്തവസിദ്ധാന്തപ്രകാരം ആദ്യമനുഷ്യൻ ദൈവത്തെപ്പോലെയാകുവാൻ ശ്രമിച്ചു. തൽഫലമായി അവൻ അധഃപതനത്തിന്റെ അടിത്തട്ടുവരെയുമെത്തിച്ചേർന്നു. ആധുനികമനുഷ്യനാകട്ടെ, മൃഗത്തിലും മൃഗമായി അധഃപതിക്കുന്നതിലാണു് അഭിമാനവും ആഹ്ളാദവും കണ്ടെത്തുന്നതു്. സഖാക്കളുടെ തേനൊലും മൊഴികൾ കേട്ടു ഭ്രമിച്ചു ഇങ്ക്വിലാബു് സിന്ദാബാദ് ഏററുപാടുവാൻ വെമ്പുന്ന യുവവിദ്യാർത്ഥികൾ ഇതൊക്കെയും സാവകാശം അവഗാഢമായി ആലോചിച്ചു നോക്കേണ്ടതാണു്. കമ്മ്യൂണിസ്റ്റു് വിഷം വമിക്കുന്ന അദ്ധ്യാപകന്മാരെ യാതൊരു വിദ്യാലയത്തിലും വെച്ചു പൊറുപ്പിക്കാതിരിക്കുന്നതിനും, തങ്ങളുടെ ആശാപാത്രങ്ങളായ സന്താനങ്ങൾ പഠിക്കുന്ന പാഠശാലകളിൽ അത്തരം മനുഷ്യകുലദ്രോഹികൾ സൈ്വരവിഹാരം ചെയ്യുന്നുണ്ടോ എന്നന്വേഷിക്കുന്നതിനും രക്ഷാകർത്താക്കൾ, വിശിഷ്യ ഇക്കാലത്തു്, ജാഗ്രൂകരായിരിക്കേണ്ടതാണു്.

ശ്രദ്ധേയമായ ഈ ഉദ്ബോധനത്തിലെ ആശയഗതിയനുസരിച്ചു്, അദ്ധ്യാപകന്മാർ എന്നനിലയിൽ തങ്ങൾക്കു കരഗതമാകുന്ന അവസരങ്ങളേയുംസ്വാധീനശക്തിയേയും കമ്മ്യൂണിസപ്രചരണത്തിനായി ദുരുപയോഗം ചെയ്യുന്ന അദ്ധ്യാപകന്മാരെ സ്കൂളുകളിൽനിന്നും കോളെജുകളിൽനിന്നും നിഷ്കാസനം ചെയ്യുന്ന കാര്യത്തിൽ അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണു്.

സെക്യുലർസ്റ്റേററ

ഇൻഡ്യൻ രാഷ്ട്രത്തിന്റെ ഭൗതിക സ്വഭാവം എല്ലാ പ്രകാരത്തിലും സംരക്ഷിക്കേണ്ടതാണെന്നു് ഫെബ്രുവരി 13-ാംനു ഗുജറാററിലെ ഗോദ്രായിൽ നടത്തിയ ഒരു പ്രസംഗത്തിൽ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു പ്രസ്താവിക്കയുണ്ടായി. അതിന്റെ അർത്ഥം പൗരന്മാർ മതരഹിതരോ നിരീശ്വരരോ ആയിരിക്കണമെന്നല്ല എന്നും അദ്ദേഹം വിശദമാക്കി. അദ്ദേഹം തുടർന്നു: "സെക്യുലർ സ്റ്റേററു് എന്നു വച്ചാൽ അതിലെ ഓരോ വ്യക്തിക്കും ഇഷ്ടംപോലെ ഏതെങ്കിലും മതം അനുഷ്ഠിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടെന്നും, മതവിശ്വാസത്തെ അടിസ്ഥാനമാക്കി യാതൊരവശതയ്ക്കും അയാൾ അധീനനാകേണ്ടിവരികയില്ലെന്നും മാത്രമേ അർത്ഥമുള്ളു." അവശസമുദായത്തിൽപ്പെട്ട ഒരാൾ മതപരിവർത്തനം ചെയ്യുന്നുവെന്ന കാരണത്താൽ, അയാൾ ന്യായമായി അർഹിക്കുന്ന വിദ്യാഭ്യാസസൗജന്യങ്ങളും മററും അനുവദിക്കാതിരിക്കുന്നതു സെക്യുലർ സ്റ്റേററിന്റെ സ്വഭാവത്തിനു് യോജിച്ചതല്ലെന്നുള്ളതു വ്യക്തമാണല്ലോ.

## അടുത്ത ആഴ്ചയിൽ

ഫെബ്രുവരി

27 ഞാ: 50-ാം ഞായർ

(പാതിരാവിൽ അമ്പതുനോമ്പു തുടങ്ങും. നോമ്പിലെ വെള്ളിയാഴ്ചകളിൽ ഒരുനേരം. ബുധനും വെള്ളിയും മാംസവർജ്ജനം)

28 തി: റൊമാനൂസ്

മാർച്ചു്

1 ചൊ: അൽബീനൂസ്

2 ബു: വിഭൂതിത്തിരുനാൾ

3 വ്യാ: സിംപ്ലീച്ചിയൂസ്

4 വെ: ന. ക. മുൾമുടി

5 ശ: ഫ്റെഡറിക്

## ചോദ്യോത്തരപംക്തി

ചോ: ദൈവം അവിടുത്തെ വിവേകവും നന്മയും മൂലം പ്രപഞ്ചത്തെ ഭരിച്ചുകൊണ്ടിരിക്കയാണെങ്കിൽ, ലോകത്തു് ഇത്രയേറെ ദൗർഭാഗ്യങ്ങളും കഷ്ടതകളും ഉള്ളതിന്റെ കാരണമെന്തു്? പഞ്ഞവും പടയും ലോകത്തെ പീഡിപ്പിക്കുന്നതെന്തിനു്? നാം ദാരിദ്ര്യത്തിന്റെ തീച്ചൂളയിൽ വേവുകയും, ദീനത്തിനും മരണത്തിനും വശഗരാകുകയും ചെയ്യുന്നതെന്തുകൊണ്ടു്?

ഉ: മാനവവംശം ഈദൃശ ശാരീരിക തിന്മകളെക്കുറിച്ചു അത്ഭുതം പ്രദർശിപ്പിക്കയും, ദൈവത്തിനു ലോകത്തെപ്പററി ഒരു നോട്ടവുമില്ല എന്നു ധരിച്ചുവശാകയും ചെയ്യുന്നുണ്ടെങ്കിലും, ഇവ അത്ര ആശ്ചര്യാവഹമല്ലതന്നെ. കൃശവീക്ഷണം! ഒരു മനുഷ്യനു് എന്തെങ്കിലും ക്ലേശമുണ്ടാകുമ്പോൾ അവൻ ദൈവത്തെ പഴിക്കാൻ തുടങ്ങുന്നു. ലോകത്തിലെ ശാരീരിക തിന്മകളെ വി. അഗുസ്തീനോസ് ഒരു ചിത്രത്തിലെ നിഴലുകളോടാണു് ഉപമിക്കുന്നതു്. അവ ആവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ ചിത്രത്തിന്റെ സാക്ഷാൽ വിലയും മഹാത്മ്യവും ശരിയായി പ്രകാശിപ്പിക്കുന്നതു ഈ നിഴലുകളാണു്. എന്നാൽ പ്രായേണ ഈ നിഴലുകളെ മാത്രം കാണുന്ന മനുഷ്യൻ "ഇതെന്തൊരു വികൃതചിത്രം!" എന്നു അപലപിക്കുന്നു! എന്നാൽ ലോകചിത്രമെഴുതിയ ആ ദിവ്യ ചിത്രമെഴുത്തുകാരൻ അങ്ങനെയല്ല. അവിടുന്നു ചിത്രം മുഴുവനായി വീക്ഷിക്കുന്നു. മനസ്സായിരുന്നെങ്കിൽ ആ നിഴലുകളെ കൂടാതെ ലോകചിത്രം പൂർത്തിയാക്കാൻ കഴിയുമായിരുന്ന ആ ചിത്രകാരൻ എന്തുകൊണ്ടു് നിഴലുകളോടുകൂടിത്തന്നെ ചിത്രിക്കാനിടയായി എന്നു് അവിടുന്നു മനസ്സിലാക്കുകയും ചെയ്യുന്നു.

ഈ പീഡാപ്രശ്നത്തിനുള്ള പൂർണ്ണമായ മറുപടി എന്താണെന്നു എനിക്കറിഞ്ഞുകൂടാ. നാം കണ്ണുനീരിന്റെ ഈ ലോകത്തു്, നമ്മുടെ പിതൃഭവനത്തിൽ നിന്നു വളരെ അകലെയായി തീർത്ഥകരായി കഴിഞ്ഞുകൂടുന്നിടത്തോളം കാലം ഇതിന്റെ പൂർണ്ണമായ മറുപടി അറിയുമെന്നും തോന്നുന്നില്ല. അതു നമ്മുടെ തീർത്ഥാടനഭൂമിക്കു മീതെയായി ഇരുണ്ടു കൊഴുത്തു നീലകൊള്ളുന്ന കാർമേഘങ്ങൾക്കു സമാനമായ അനേകരഹസ്യങ്ങളിലൊന്നാകുന്നു. എന്നാൽ ഒരിക്കൽ ഈ കർമേഘമെല്ലാം തിരോഭവിക്കയും നമ്മുടെ മനസ്സു പ്രകാശിതമാകയും ചെയ്യും. സ്വർഗ്ഗത്തിൽ വച്ചു നാം ദൈവത്തെ അഭിമുഖമായി ദർശിക്കുന്ന സമയത്തു ദൈവത്തിന്റെ നിശ്ചയങ്ങൾ എത്ര വിവേകംനിറഞ്ഞതും നല്ലതുമാണെന്നു നാം ഗ്രഹിക്കുകതന്നെ ചെയ്യും. അതുവരെ നാം വി. പൗലോസിനോടുകൂടി "ഹാ, ദൈവബോധത്തിന്റെയും അറിവിന്റെയും സമ്പത്തുകളുടെ ആഴമേ. അവിടുത്തെ വിധികൾ എത്ര അഗ്രാഹ്യങ്ങളും, അവിടുത്തെ വഴികൾ എത്ര അശോധ്യങ്ങളുമാകുന്നു!" (റോ. 11, 33) എന്നു സമ്മതിച്ചു പറയേണ്ടിയിരിക്കുന്നു. ഇത്രമാത്രം നമുക്കറിയാം: ദൈവത്തിന്റെ വഴികൾ മോശമാവാൻ തരമില്ല. ആകയാൽ ഈ ശാരീരികതിന്മകൾ അവയ്ക്കുവേണ്ടിത്തന്നെയോ നമ്മെ ദ്രോഹിക്കാൻ വേണ്ടിയോ ആണു് ദൈവം മനസ്സാകുന്നതെന്നു പറഞ്ഞുകൂടാ. ദൈവം സർവ്വനന്മയാകുന്നു; അവിടുന്നു സ്നേഹംതന്നെയാണു്. ഇപ്പോൾ നാം നമ്മുടെ വിശ്വാസം അങ്ങയിൽ നിക്ഷേപിക്കേണ്ടിയിരിക്കുന്നു. അവിടുന്നു ഒരിക്കൽ തടാകത്തിൽവച്ചു കൊടുങ്കാററിൽ പെട്ട സ്വശിഷ്യരോടു പറഞ്ഞ അതേ വാക്കുകൾ തന്നെ നമ്മോടു ഓരോരുത്തരോടും അരുൾചെയ്യുന്നു: "ഒ, അല്പവിശ്വാസികളേ, നിങ്ങൾ എന്തിനു ഭയപ്പെടുന്നു?" (മത്തേ. 8, 26) സംശയിക്കുക, അധൈര്യരാകുക, വ്യഗ്രതപ്പെടുക എന്നിവയെല്ലാം നാം ദൈവത്തിന്റെ മക്കളല്ലെന്നു പറയുന്നതുപോലെയത്രെ. അങ്ങനെയെങ്കിൽ, ക്ലേശങ്ങളുടെ കാരണമെന്തെന്നു തീർത്തുപറയാമെന്നു വയ്ക്കുന്നതു് ബലഹീനരായ നമ്മെ സംബന്ധിച്ചിടത്തോളം എത്രയോ മൗഢ്യമാണു്?

ദൈവം യവനികയെ സ്വല്പമൊന്നു മാററിയിട്ടുണ്ടു്. നാം ഇഹത്തിലായിരിക്കുമ്പോൾ ഇത്രയേറെ ക്ലേശങ്ങൾ നമ്മെ വലയം ചെയ്യുന്നതിന്റെ കാരണമെന്തെന്നു അവിടുന്നു നമ്മോടരുൾചെയ്തിട്ടുണ്ടു്. ഈ ക്ലേശഭൂയിഷ്ഠമായ വിദ്യാലയത്തിൽ മനുഷ്യനെ പരിശീലിപ്പിക്കാനായിരുന്നില്ല ദൈവത്തിന്റെ ആദ്യനിശ്ചയം എന്നു നമുക്കറിയാം. മനുഷ്യൻ അവിടുത്തെ ദിവ്യഹിതാനുസാരം വർത്തിച്ചു് അവിടുത്തെ സ്നേഹതൃക്കരങ്ങളിൽ സൗഭാഗ്യം കണ്ടെത്തണം എന്നായിരുന്നു അവിടുത്തെ ആഗ്രഹം. എന്നാൽ സാത്താൻ പറുദീസായിൽവച്ചു ആദ്യപുരുഷനെയും ആദ്യസ്ത്രീയേയും വഞ്ചിച്ചു. അവന്റെ ഈ പ്രവർത്തനം സകല മനുഷ്യരെ സംബന്ധിച്ചും അവൻ ഇന്നും തുടർന്നുവരികയാണു്. ആദം ദൈവത്തെക്കാൾ കൂടുതലായി സാത്താനെ വിശ്വസിച്ചു. അതിനുശേഷം അനേകം മനുഷ്യരും അതേപടിതന്നെ ചെയ്തു. ആകയാൽ മനുഷ്യൻ പാപം ചെയ്തുകൊണ്ടു് അവന്റെ സ്രഷ്ടാവിന്റെ സ്നേഹപൂർണ്ണവും രക്ഷാകരവുമായ തൃക്കരങ്ങളിൽ നിന്നു തന്നെത്തന്നെ ബഹിഷ്കരിക്കുന്നു. അവൻ പിതൃഭവനം ഉപേക്ഷിക്കുകയും ധൂർത്തപുത്രനായി ഭവിക്കയും ചെയ്യുന്നു.

എന്നാൽ ദൈവം മനുഷ്യരെ തിരസ്കരിച്ചില്ല. പാപിയെ വീണ്ടും സമാധാനത്തിലേക്കും സന്തോഷത്തിലേക്കും ആനയിക്കാനാണു് അവിടുന്നു തിരുമനസ്സായതു്. ആകയാൽ ദൈവം പാപിക്കു ഒരു മുന്നറിയിപ്പായി തന്റെ സന്ദേശവാഹിയായ വേദനേയേയും, തന്റെ ദൂതനായ ക്ലേശത്തേയും അയക്കുന്നു. "മനുഷ്യാ, നീ അപഥസഞ്ചാരം ചെയ്യുന്നു! വളരെ താമസിച്ചുപോകുംമുമ്പേ പിന്തിരിഞ്ഞാലും!" വേദപുസ്തകം പ്രസ്താവിക്കുന്നതു് അഗ്നിയും കൊടുങ്കാററും ദാരിദ്ര്യവും മരണവുമെല്ലാം പ്രതികാരത്തിനായിക്കൊണ്ടു സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണെന്നാണു്. ആകയാൽ, ശാരീരിക തിന്മകൾ പാപിയെ ശിക്ഷിക്കുന്നതിനും, മനസ്തപിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനും ദുഷ്ടമാർഗ്ഗങ്ങൾ ഉപേക്ഷിച്ചു നല്ലവനായിത്തീരുന്നതിനും ദൈവം ഉപയോഗിക്കുന്ന കരുക്കളാകുന്നു. ഇവ ഉപയോഗിക്കാത്തപക്ഷം പാപി എന്നേക്കുമായി നശിച്ചുപോകുവാൻ വളരെ എളുപ്പമാണു്. പാപി ദൈവശിക്ഷയെ അംഗീകരിക്കുന്നതിനും, സ്വന്തം അപഥസഞ്ചാരത്തിൽനിന്നു പിന്തിരിയുന്നതിനും, നിത്യമരണത്തിൽനിന്നു രക്ഷപെടുന്നതിനുമായിട്ടത്രെ നാം ബഹുവിധ ക്ലേശങ്ങളാൽ പീഡിതരായിരിക്കുന്നതു്.

അതെ, ക്ലേശങ്ങളും മററു ശാരീരിക തിന്മകളും "കർത്താവു കാരുണ്യവാനും നീതിനിഷ്ഠനുമാകുന്നു" (സങ്കീ. 114, 5) എന്നു നമ്മെ അനുസ്മരിപ്പിക്കുന്നു. എന്നാൽ ദൈവം മറെറാരു കാര്യസാധ്യത്തിനായിട്ടുകൂടെയും അവ ഉപയോഗപ്പെടുത്തുന്നുണ്ടു്. അവ അവിടുത്തെ സ്നേഹത്തിന്റെ സമ്മാനങ്ങൾ—തന്റെ അ

(ശേഷം 9-ാം പേജിൽ)

ചെറുകഥ

# അപ്പന്റെ മകൾ *

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

i

ആ ഹൈസ്കൂളിന്റെ പുഞ്ചിരിയും ജീവചൈതന്യവുമാണ് ശോശാമ്മ. സതീർത്ഥ്യകളുടെ പ്രാണനാണവൾ. അദ്ധ്യാപികമാർക്കും മഠത്തിലെ അമ്മമാർക്കും അവളെ എന്തു കാര്യമാണെന്നോ! എല്ലാവരുടെയും ഓമനയാണാപ്പെണ്ണ്. ആർക്കും അവളെ ഓമനിക്കുവാനേ തോന്നൂ.

ശോശാമ്മ ഉൾപ്പെടാത്ത ഒരു പരിപാടിയും ആ സ്കൂളിൽ കാണുകയില്ല. ഏതിന്റെയും മുമ്പിൽ നില്ക്കുന്നതവളായിരിക്കും. ശോശാമ്മയ്ക്ക് എപ്പോഴും എന്തെങ്കിലും പ്രവർത്തിച്ചുകൊണ്ടിരിക്കണം. ഒരിടത്തു കുറെയേറെ നേരം അടങ്ങിയൊതുങ്ങിയിരിക്കുക അവൾക്കു പ്രാണസങ്കടമാണ്.

ആരാമത്തിലെ തൈത്തെന്നൽപോലെ ശോശാമ്മയെ അവിടെയെല്ലായിടത്തും കാണാം. ഒരു സമയം "സ്റ്റഡിറൂമിൽ" ഏകാഗ്രചിത്തയായി ശ്വാസംപോലും അടക്കിയിരുന്നു പഠിക്കുകയായിരിക്കും. വേറൊരു സമയം ചാപ്പലിൽ ഏകാകിനിയായി നിന്ന് ഹൃദയങ്ങളുടെ നാഥനുമായി ഹൃദയാനുഹൃദയ സംഭാഷണമായിരിക്കും. ചിലപ്പോൾ, ഹൃദയം കവരുന്ന ഫലിതങ്ങൾ വിതറി, കൂട്ടുകാരികളെ കുടുകുടെ ചിരിപ്പിച്ചുകൊണ്ട്, പൂന്തോട്ടത്തിൽ പൂച്ചെടികൾ നനയ്ക്കുകയായിരിക്കും ശോശാമ്മ. ചില സമയം അമ്മമാരുമൊന്നിച്ച് ഹാർമ്മോണിയം മീട്ടിക്കൊണ്ട് മധുരകാകളി പൊഴിക്കുന്നതു കേൾക്കാം. ചിലപ്പോൾ "സിക്കുറൂമിൽ" ചെന്ന് രോഗിണിയായി കിടക്കുന്ന സതീർത്ഥ്യയെ ഒരു അമ്മയുടെ വാത്സല്യത്തോടെ ശുശ്രൂഷിക്കുന്നതു കാണാം. മറ്റു ചിലപ്പോൾ ഒരു ശില്പിയുടെ കലാപാടവത്തോടെ ചാപ്പലിലെ ബലിപീഠം മോടിപിടിപ്പിക്കുന്ന ബദ്ധപ്പാടിലായിരിക്കും ശോശാമ്മ.

അവൾ അഭിനയത്തിലും നല്ല വിരുതിയാണ്. സ്കൂൾദിനാഘോഷത്തിനും മറ്റും അവളുടെ നടനസാമർത്ഥ്യം കാണേണ്ടതുതന്നെയാണ്. ചിലപ്പോൾ ആൺവേഷംകെട്ടി കോട്ടും ശരായിയും ധരിച്ച് പൊടിമീശയുംവച്ച് അവൾ വരുന്നതു കാണുമ്പോൾ ആരും ചിരിച്ചു തലതല്ലിപ്പോകും.

ii

അന്നവരുടെ ഹൈസ്കൂൾ കനകജൂബിലിയാഘോഷമായിരുന്നു. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടാണ് സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചതു്. "ജീവകാരുണ്യം" എന്നൊരു പ്രഹസനം വിദ്യാർത്ഥിനികൾ ചേർന്ന് തന്മയത്വത്തോടെ അഭിനയിച്ചു. കത്തോലിക്കാസഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന നിസ്വാർത്ഥമായ ആതുരസേവനത്തിന്റെ ഒരു സാമാന്യരൂപം വ്യക്തമാക്കുന്നതായിരുന്നു പ്രഹസനത്തിന്റെ ഇതിവൃത്തം. അനാഥബാലരുടെയിടയിൽ സേവനം നടത്തുന്ന ഒരു സന്യാസിനിയുടെ ഭാഗമാണ് ശോശാമ്മ അഭിനയിച്ചതു്. ത്യാഗിനിയായ ഒരു യുവസന്യാസിനി നിറഞ്ഞ ദീനാനുകമ്പയോടെ ഒരു ആതുരാലയത്തിൽ സേവനനിരതയായിരിക്കുന്നതിന്റെ ഒരു സജീവചിത്രം. അഭിവന്ദ്യ പിതാവ് ആ ബാലികയെ അഭിനന്ദിച്ചു. ബാലികയുടെ അഭിനയപാടവത്തെക്കാൾ അവളുടെ ഹൃദയത്തിൽ ലീനമായിക്കിടക്കുന്ന സേവനതൃഷ്ണയാണ് അതിൽ ദർശിക്കേണ്ടതെന്നുകൂടി തിരുമേനി പ്രസ്താവിച്ചു. ആരോഗ്യവും വിദ്യാഭ്യാസവുമുള്ള യുവതികൾ, കൊടുംയാതനകളിൽ കിടന്നു തീരാദുരിതമനുഭവിക്കുന്ന സഹജീവികളെ സാന്ത്വനപ്പെടുത്താൻ സർവ്വസ്വവും ത്യജിച്ച്, മുന്നിട്ടിറങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു തിരുമേനി സന്ദർഭോചിതമായും ശക്തിയുക്തമായും ഒരു ഉൽബോധനവും നൽകി.

iii

മെത്രാനച്ചന്റെ ഉപദേശം വിദ്യാർത്ഥിനികളെ ആകെയൊന്നിളക്കി. പലരും പല പ്രതിജ്ഞകളും ചെയ്തു. പക്ഷേ അവയിൽ പലതും ആ വാക്കുകളെക്കാൾ വേഗത്തിൽ വായുവിൽ ലയിച്ചുപോയെന്നുമാത്രം.

മെത്രാനച്ചന്റെ പ്രസംഗത്തിലെ ഓരോവാക്കും ശോശാമ്മയുടെ ഹൃദയത്തിൽ ആഴമായി പതിഞ്ഞു. അതു ശോശാമ്മയെ സുചിന്തിതമായ ഒരു തീരുമാനത്തിലേക്കു നയിച്ചു.

സിക്സ്ത്ത് ഫോറത്തിലെ വർഷാന്ത്യപ്പരീക്ഷ കഴിഞ്ഞ് ശോശാമ്മ വീട്ടിൽ വന്നു താമസിക്കുകയാണ്. ചേച്ചിമാരെ കളിയാക്കാനും ശുണ്ഠിപിടിപ്പിക്കാനും, അമ്മച്ചിയോടു "കിന്നാരം പറയാനും, അപ്പനെ പാട്ടുപാടികേൾപ്പിക്കാനും ശോശാമ്മ മുൻപിലത്തെപ്പോലെ ഉത്സാഹം കാണിക്കുന്നില്ല! അവധിക്കു വീട്ടിൽവന്നാൽ ആ വീടു മുഴുവൻ തകർത്തടിച്ചു തുള്ളിച്ചാടി നടക്കുന്ന ആ പെണ്ണ് ഇത്ര അടങ്ങിയൊതുങ്ങിക്കഴിയുന്നതുകണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു.

രാവിലെ പള്ളിയിൽപ്പോയി വന്നു കഴിഞ്ഞാൽ, ശോശാമ്മ വായനമുറിയിൽത്തന്നെ കഴിച്ചുകൂട്ടും. മേശപ്പുറത്തു കുന്നുകൂട്ടിവച്ചിരിക്കുന്ന പുസ്തകങ്ങൾ, പരീക്ഷയ്ക്കു പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയുടെ ശ്രദ്ധയോടെ വായിച്ചുതീർക്കയാണവൾ. വിശുദ്ധരുടെ ജീവചരിത്രങ്ങളും ആത്മകഥാകഥനങ്ങളും ഇതരഭക്തഗ്രന്ഥങ്ങളുമാണവയിലധികവും.

"ഇക്കൊല്ലം നിങ്ങൾക്കു ബോർഡിംഗിൽ ഏകാന്തധ്യാനമില്ലായിരുന്നോ? അതിനു പകരം വീട്ടിലിരുന്നു തനിച്ചു ധ്യാനം കഴിച്ചുകൊണ്ടു ചെല്ലാനാണോ പറഞ്ഞുവിട്ടിരിക്കുന്നതു്? എത്ര നാളത്തേക്കാണ്ട്, ഈ ഏകാന്തധ്യാനം?" ശോശാമ്മയിൽനിന്നു് എന്തെങ്കിലും വിനോദത്തിനുള്ള വക കിട്ടുവാൻവേണ്ടി, മൂത്ത ചേച്ചി ചോദിച്ചു.

"ഈ ധ്യാനം കുറെയേറെ നാളത്തേക്കു നീണ്ടുനിൽക്കും, ചേച്ചീ." ശോശാമ്മ പറഞ്ഞു.

"എന്റെ പെണ്ണേ, ഇവിടെ വന്നാൽ കുരിയിലാംപിച്ചിയെപ്പോലെ ചിലച്ചുകൊണ്ടിരുന്ന നിന്റെ സ്വരം കേൾക്കാൻ ഇപ്പോൾ കൊതിയാകുന്നല്ലോ, എന്റെ ശോശാമ്മേ!"

"ഇത്രയും നാളൊക്കെ കേട്ടതല്ലേ. ഇനി ഒട്ടും കേൾക്കാതെവന്നാലും സഹിക്കണ്ടേ."

"അവളെ ശല്യപ്പെടുത്താതെ. അവൾ എന്തെങ്കിലും വായിച്ചുകൊള്ളട്ടെ." അമ്മച്ചി പറഞ്ഞു.

iv

മാതാപിതാക്കന്മാരുടെ ഇളയ സന്താനമാണ് ശോശാമ്മ. ശോശാമ്മയ്ക്കു് സഹോദരന്മാരില്ല. മൂത്ത രണ്ടു സഹോദരികൾമാത്രം. അവരുടെ വിവാഹം കഴിഞ്ഞതാണ്. എങ്കിലും അവർ ഭർത്തൃഗൃഹങ്ങൾ കണ്ടിട്ടില്ലെന്നുതന്നെ പറയാം. മക്കളെ പിരിഞ്ഞിരിക്കുവാനുള്ള പ്രയാസംകൊണ്ട്, അവരുടെ ഭർത്താക്കന്മാരെ അങ്ങോട്ടു ദത്തെടുക്കുകയാണ് ആ മാതാപിതാക്കന്മാർ ചെയ്തുകളഞ്ഞതു്!

ശോശാമ്മയുടെ കല്യാണംകൂടി കഴിഞ്ഞിട്ട്, വസ്തുവകകൾ മൂന്നായി വീതിക്കണം. തറവാടിനു തൊട്ടടുത്തുതന്നെ രണ്ടു കെട്ടിടം പണിയിച്ച് മൂത്ത മക്കളെ അങ്ങോട്ടു മാറ്റി താമസിപ്പിക്കണം. അമ്മച്ചിയും അപ്പനും ശോശാമ്മയോടൊന്നിച്ച് തറവാട്ടിലും. എങ്കിലും മൂന്നു വീടും ഒരുവീടുപോലെതന്നെ കഴിയണം. ഇങ്ങനെയൊക്കെയായിരുന്നു ആ മാതാപിതാക്കളുടെ അഭിലാഷങ്ങൾ.

ശോശാമ്മയുടെ ഭാവഭേദങ്ങൾ സൂക്ഷിച്ചിട്ട്, അവളുടെ വിവാഹം കഴിയുംവേഗം നടത്തണമെന്നുള്ള അനുമാനത്തിലാണ് ആ മാതാപിതാക്കന്മാർ ചെന്നു നിന്നതു്.

അവിടെയിവിടെയൊക്കെ കല്യാണക്കാര്യം ആലോചിച്ചുതുടങ്ങി. വിവാഹത്തിന്റെ ഒരു പ്രധാന വ്യവസ്ഥയായി അവർ ഉയർത്തിപ്പിടിച്ചിരുന്നതു് വധൂഗൃഹത്തിലേക്കു പോരുവാനുള്ള വരന്റെ സന്നദ്ധതയായിരുന്നു. മറ്റെന്തെല്ലാം യോഗ്യതകളുണ്ടായിരുന്നാലും, ആ വ്യവസ്ഥയ്ക്കു സമ്മതിക്കാത്ത ഒരുവനേയും ജാമാതാവായി അംഗീകരിക്കുവാൻ അവർക്കു സമ്മതമായിരുന്നില്ല.

ഭാര്യവീട്ടിലേക്കു "ദത്തു" പോകുവാൻ പല യുവാക്കന്മാരും വിസമ്മതം പ്രകടിപ്പിച്ചു. പക്ഷേ അതൊരവസരമായി കരുതി വളരെപ്പേർ മുമ്പോട്ടു വന്നു. പണമില്ലാഞ്ഞു നിയമപഠനം നിർത്തിവച്ച എഫ്. എൽ. വിദ്യാർത്ഥി, പ്രക്ഷോഭണംനയിച്ച് കുടുംബസ്വത്തു മുഴുവൻ കളഞ്ഞുകുളിച്ച "പരേതനായ" പൊതുകാര്യജീവി, വെറുതെ കുറെ പണം കൈയിൽ വന്നിട്ട്, ഒരു അഖിലേന്ത്യാപര്യടനം നടത്താൻ കൊതികൊണ്ടിരുന്ന ഒരു ദേശാടനഭ്രാന്തൻ; അങ്ങനെ പലരും.

ശോശാമ്മ ഇതൊന്നും അറിഞ്ഞില്ല. അറിയേണ്ട ആവശ്യവുമില്ലല്ലോ. ഒടുവിൽ ശോശാമ്മകൂടി അറിയേണ്ട ഘട്ടം വന്നു—

ശോശാമ്മയ്ക്കു് ഒരു മെഡിക്കൽ സിസ്റ്ററാകണമെന്ന്!! ഉം? അതെ, അങ്ങനെ തന്നെ. അവൾ പറയേണ്ടതു് പറയേണ്ടസമയത്തു് പറയേണ്ടതുപോലെ പറഞ്ഞു. ശോശാമ്മയുടെ അഭിപ്രായത്തിൽനിന്നു് അവളെ വ്യതിചലിപ്പിക്കുവാൻ ചേച്ചിമാർ ആവുന്നത്ര ശ്രമിച്ചു. ശോശാമ്മ, അവളുടെ നിശ്ചയത്തിൽ അചാഞ്ചല്യയായി, ദൃഢചിത്തയായി, നിലകൊണ്ടു.

നല്ലവണ്ണം അണിഞ്ഞൊരുങ്ങി അന്നൊരു യുവാവ് ശോശാമ്മയെ കാണാൻവന്നു. അനാശാസ്യമായ നടപടികൾമൂലം കോളെജിൽനിന്നും പിരിക്കപ്പെട്ട ഒരു സീനിയർ ബി. എ. വിദ്യാർത്ഥി. ശോശാമ്മയെ തനിച്ചുകണ്ട് ചിലതു പറയുവാൻ അയാൾ ആഗ്രഹിച്ചു. മാതാപിതാക്കന്മാരുടെ സാന്നിധ്യത്തിൽ അയാളോടു എന്തെങ്കിലും പറയാമെന്നു ശോശാമ്മയും സമ്മതിച്ചു; അതും വളരെ വൈമനസ്യത്തോടെ. ശോശാമ്മയുടെ "മനസ്സുതിരിക്കു"വാൻ അയാളുടെ വാചാലത മുഴുവൻ പ്രയോഗിക്കപ്പെട്ടു. അയാൾ വിദ്യാർത്ഥിലോകത്തിന്റെ കണ്ണിലുണ്ണിയാണെന്നും സാഹിത്യകാരന്മാർ, ചിന്തകന്മാർ, തൊഴിലാളിപ്രവർത്തകന്മാർ എന്നു വേണ്ട, പുരോഗമനചേരിയിൽപെട്ട എല്ലാ ജനവിഭാഗങ്ങളും അയാളുടെ പിന്നിലുണ്ടെന്നും, മർദ്ദിതരും ചൂഷിതരുമായ അവശലക്ഷങ്ങളുടെ ആശാകേന്ദ്രമാണയാളെന്നും, ഇത്രയേറെ പൊതുജനപിന്തുണയാർജ്ജിച്ചു കഴിഞ്ഞിട്ടുള്ള അനാക്രാന്തയൗവനനായ ഒരു യുവാവിനു് ഭാവിയിൽ രാജ്യത്തിന്റെ ഭാഗധേയം നിയന്ത്രിക്കുന്നതിൽ ഒരു പ്രധാനപങ്കുവഹിക്കാൻ നിഷ്പ്രയാസം സാധിക്കുമെന്നും, ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ പ്രധാനമന്ത്രിപദം തന്നെ അലങ്കരിക്കാൻ വിനാവിളംബം തനിക്കു സാധിക്കുമെന്നും ഒരു ഭാവിമന്ത്രിയുടെ പത്നിയാവുകയെന്ന കാമ്യമായ പദവിയെക്കുറിച്ച് ശോശാമ്മ കാര്യമായി ആലോചിക്കണമെന്നും മറ്റും മറ്റും അയാൾ തട്ടിവിട്ടു. ഭാവിയിൽ മന്ത്രിയാകുമെന്നു സ്വപ്നം കാണുന്ന ഒരു മനോരാജ്യവിക്രമനെക്കാൾ ആയിരമായിരം മടങ്ങ് അഭികാമ്യനായ ഒരു വരനെയാണ് താൻ സ്വീകരിക്കുവാൻ പോകുന്നതെന്നു ശോശാമ്മ പറഞ്ഞു.

ആ വിദ്യാർത്ഥിനേതാവിനു നിരാശയും കോപവുമുണ്ടായി. രാജ്യത്തെ വിദ്യാർത്ഥികളെയൊന്നടങ്കം ഒരു പ്രക്ഷോഭണത്തിലേക്കോ പഠിപ്പുമുടക്കിലേക്കോ നയിക്കാൻ ഇതിൽ പകുതി ശ്രമം വേണ്ടിയിരുന്നില്ലെന്നുള്ള വസ്തുത അയാൾ അനുസ്മരിച്ചു.

ശോശാമ്മയെപ്പോലെ ആരോഗ്യവും സൗന്ദര്യവും തുളുമ്പുന്ന യുവതികൾ രാഷ്ട്രത്തിന്റെ ദേശീയ സമ്പത്താണെന്നും, കന്യാലയഭിത്തികൾക്കുള്ളിലെ ഇരുളടഞ്ഞ ഏകാന്തതയിൽ അജ്ഞാതജീവിതം നയിക്കേണ്ടവരല്ലെന്നും, അവരുടെ വിപുലമായ കഴിവുകൾ ഉപയോഗിച്ച് അഖിലകേരള ഭാര്യാസംഘമെന്നോ അടുക്കളത്തൊഴിലാളി സംഘമെന്നോ ഉള്ള പേരുകളിൽ, അവശതയനുഭവിക്കുന്ന സ്ത്രീവിഭാഗത്തിന്റെ സംഘടനകൾ രാജ്യവ്യാപകമായ തോതിൽ രൂപീകരിച്ചു അവയുടെ നേതൃത്വത്തിൽക്കൂടി വനിതാമന്ത്രിണിയോ ലേഡി അംബാസിഡറോ ആയി രാജ്യസേവനം നിർവ്വഹിക്കേണ്ടവരാണെന്നും ആ യുവാവ് സമർത്ഥിച്ചുകളഞ്ഞു!! ചുരുങ്ങിയ വാക്കുകളിൽ ശോശാമ്മ അതിനു മറുപടി നൽകി, നശ്വരമായവയ്ക്കായി ജീവിതം അർപ്പിക്കുന്നതിനെക്കാൾ അനശ്വരതയെ ഉന്മുഖീകരിച്ച് നശ്വരമായ ജീവിതം ക്രമപ്പെടുത്തുകയാണ് ശ്രേഷ്ഠമെന്നും, രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്നതുകൊണ്ടുണ്ടാകുന്നതിനെക്കാൾ കൂടുതൽ നന്മ സാമൂഹ്യരംഗത്തു് ശബ്ദരഹിതമായി പ്രവർത്തിക്കുന്നതുകൊണ്ട് ലോകത്തിനുണ്ടാകുമെന്നും.

സംഭാഷണം തുടരുവാൻ ആഗ്രഹിക്കുന്നില്ലെന്നും ശോശാമ്മ വിനയപൂർവ്വം അറിയിച്ചു. അത്ര സുഖകരമല്ലാത്ത ഒരു അവശിഷ്ടഫലത്തോടുകൂടി, ഒരു പാത്രം കാപ്പിപോലും കുടിക്കാതെ, യാത്ര പറയുകപോലും ചെയ്യാതെ, ആ കൊച്ചുനേതാവ് സ്ഥലം വിട്ടു. (തുടരും)

* പകർപ്പവകാശം കഥാകൃത്തിനു്

—

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പ് ശിഷ്യന്മാർ അവിടുത്തോടു ചോദിക്കുന്നതു്. (നടപടി 1, 6)

2 കർത്താവിന്റെ മറുപടി. (നടപടി 1, 7)

3 കർത്താവിന്റെ സ്വർഗ്ഗാരോഹണാനന്തരം അവിടുത്തെ ശിഷ്യന്മാർ ശ്ലൈഹികസ്ഥാനത്തിനു ബർശബ്ബാ എന്നു വിളിക്കപ്പെട്ടിരുന്ന യൗസേപ്പിന്റെയും മത്തിയായുടേയും നാമങ്ങൾ നിർദ്ദേശിച്ചശേഷം ദൈവത്തോടു് ചെയ്ത പ്രാർത്ഥന. (നടപടി 1, 25)

4 പെന്തക്കുസ്താ തിരുനാൾ ദിനം യറുസലത്തു കൂടിയിരുന്ന വിവിധ രാജ്യക്കാരായ ജനങ്ങൾ, ശ്ലീഹന്മാരുടെ സംസാരം കേൾക്കയിൽ ആശ്ചര്യഭരിതരായി തമ്മിൽ തമ്മിൽ പറഞ്ഞതാണ്. (നടപടി 2, 7—8)

—

## ഗൃഹനിർമ്മാണപദ്ധതിക്കു് പ. പിതാവിന്റെ സംഭാവന

ഇറ്റാലിയൻ ഗവമ്മെന്റിന്റെ ഭവനനിർമ്മാണപദ്ധതികൊണ്ടുള്ള ആനുകൂല്യം ലഭ്യമാകാതെ റോമിൽ ഭവനരഹിതരായി അലഞ്ഞു നടക്കുന്നവർക്കു വേണ്ടി ഗൃഹങ്ങൾ നിർമ്മിക്കുന്നതിനു ഒരു പദ്ധതി തയാറാക്കിയിരിക്കുന്നു. ഇതിലേക്കു് പരിശുദ്ധപിതാവിന്റെ വകയായി 25,000 പവൻ സംഭാവനനൽകുന്നതാണ്. പുതിയ ഗൃഹങ്ങൾ കൊണ്ട് അസീലിയാക്കുട്ടത്തു് ഒരു ഗ്രാമംതന്നെ സൃഷ്ടിക്കുന്നതിനും അതിനു് "വി. ഫ്രാൻസിസിന്റെ ഗ്രാമം" എന്നു നാമകരണം ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുന്നു. കാടുകളിലും ഗുഹകളിലും മറ്റുമായി മൃഗതുല്യം ജീവിതം നയിച്ചുവരുന്നവരെ ആധുനികകുടുംബജീവിതത്തിലേക്കു് ആനയിക്കുന്നതിനുവേണ്ടി ശ്രമം നടത്തിവരുന്ന ഏതാനും എൻജിനിയാന്മാരും ഗൃഹനിർമ്മാതാക്കളുമുൾപ്പെട്ട ഒരു സംഘമാണ് ഈ പദ്ധതിയുടെ ജനയിതാക്കൾ.

## കർദ്ദിനാളിന്റെ അറസ്റ്റിൽ പ്രതിഷേധം

എറണാകുളം, കുംഭം 8– കേരള ബിഷപ്പ്സ് കോൺഫറൻസ് പ്രസിഡണ്ടും എറണാകുളം മെത്രാപ്പോലീത്തായുമായ മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ട് ഹംഗേറിയൻ ഗവമ്മെന്റിന്റെ പ്രധാനമന്ത്രിക്കു് താഴെ കാണുന്ന കേബിൾ സന്ദേശം അയച്ചിരിക്കുന്നു:—

"കർദ്ദിനാൾ മിൻസെന്റി തിരുമേനിയുടെ അറസ്റ്റിനെ കേരളത്തിലെ കത്തോലിക്കാ ബിഷപ്പന്മാരും വൈദികരും ജനങ്ങളും പ്രതിഷേധിക്കുന്നു. കർദ്ദിനാൾ തിരുമേനിയെ ഉടനെ വിട്ടയക്കണമെന്നു അഭ്യർത്ഥിക്കുന്നു"

## ചോദ്യോത്തരപംക്തി

(7-ാം പേജ് തുടർച്ച)

തമ മക്കൾക്കയക്കുന്ന ഉപഹാരങ്ങൾ ആകുന്നു. "ഹേ മനുഷ്യാ, നിന്നെ ഞാൻ പരിപൂർണ്ണനാക്കുവാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗീയസദനത്തെ യഥാർഹം ശോഭിപ്പിടിപ്പിക്കുവാനുള്ള വിശേഷാലങ്കാരമാക്കിത്തീർക്കുവാനാണ് നിന്നെക്കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത്. എൻെറ കൊട്ടുവടിയുടെ അടികൾ വേദനകളും ക്ലേശങ്ങളുമാണ്. നിൻെറ ആത്മീയ വളർച്ചയ്ക്കു വിഘാതമായി നില്ക്കുന്ന സമസ്തത്തെയും ആ അടികൾ തെറിപ്പിച്ചുകളയും. നീ എന്നും ജാഗരൂകനായിരിക്കണം, കൂടുതൽ കൂടുതൽ പരിപൂർണ്ണനാകണം, പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കണം, കൂടുതൽ നിസ്വാർത്ഥനും കരുണയുള്ളവനും ശുദ്ധനുമാകണം, ഇതത്രെ അവയുടെ പ്രധാനോദ്ദേശ്യം." അതെ, ഒരു വൃക്ഷം എത്രകണ്ടു കൊടുങ്കാററിനാൽ ഉലയ്ക്കപ്പെടുന്നുവോ അത്രകണ്ട് അത് അതിൻെറ വേരുകളെ മണ്ണിൽ ബലമായി ഉറപ്പിക്കുകയാണു ചെയ്യുന്നത്. പല മനുഷ്യരും രോഗത്താൽ പീഡിപ്പിക്കപ്പെടുന്നു. എന്തിന്? അവർ ആത്മാവിൽ ബലിഷ്ഠരും ആരോഗ്യവാന്മാരുമായിത്തീരുന്നതിന്. ദൈവം ഒരു നല്ല ക്രിസ്ത്യാനിയുടെ തലയിൽ വേദനയേറിയ ഒരു മുൾക്കിരീടം വച്ചുകൊടുക്കുന്നതു് കാലാന്തരത്തിൽ അതു സ്വർഗ്ഗത്തിൽ അവൻെറ ഒരു മഹനീയ ശിരോലങ്കാരമായിത്തീരുന്നതിനത്രെ. ക്ലേശങ്ങൾ, നീതിമാനായ മനുഷ്യനെ കൂടുതൽ ശുദ്ധീകരിക്കേണ്ടതിലേക്കും അവൻെറ യോഗ്യത വർദ്ധിപ്പിക്കേണ്ടതിലേക്കുമായി ദൈവം ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളാകുന്നു. വി. ത്രേസ്യായെക്കുറിച്ചും മററനവധി പുണ്യാത്മാക്കളെക്കുറിച്ചും ചിന്തിച്ചാലും! നാം ക്ലേശവശഗരായിരിക്കുന്നതു് നീതിമാൻ കൂടുതൽ കൂടുതൽ ശുദ്ധീകരിക്കപ്പെടുന്നതിനും, പുണ്യയോഗ്യതകളിൽ അഭിവൃദ്ധിപ്പെടുന്നതിനും, അങ്ങനെ സ്വർഗ്ഗത്തിൽ ബൃഹത്തരമായ സമ്മാനത്തിനർഹനായിത്തീരേണ്ടതിനുമാകുന്നു. അതുകൊണ്ടത്രെ നാം ദൈവമക്കളും അവിടുത്തെ അവകാശികളുമാകുന്നു എന്നു വി. പൗലോസ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നതു്. "ദൈവത്തിൻെറ അവകാശികളും എന്നാൽ മിശിഹായുടെ കൂട്ടവകാശികളും തന്നെ. എന്നിട്ടും അവിടുത്തോടുകൂടി നാം സഹിക്കുന്നുവെങ്കിൽ അതു ഒരുമിച്ച് നാം മഹത്വപ്പെടുന്നതിനു വേണ്ടിയാകുന്നു" (റോ. 8,17) "ക്രിസ്തുവിൽ, തൻെറ നിത്യമഹിമാസ്വാദനത്തിനായി നമ്മെ വിളിച്ചിരിക്കുന്ന എല്ലാ നന്മയുടെയും ആ ദൈവംതന്നെ, നാം അല്പം സഹിച്ചതിൻെറ ശേഷം, നമ്മെ പരിപൂർണ്ണരാക്കി, ശക്തിപ്പെടുത്തി സ്ഥാപിക്കുന്നതാണ്" (1 പത്രോ. 5,10) എന്നു വി. പത്രോസും നമ്മെ ഓർപ്പിക്കുന്നു.

(ഫാദർ സെറാഫിൻ ബെനഡിക്ററ്)

[ജാതകം, കൈനോട്ടം ആദിയായവയിൽ വിശ്വസിക്കാമോ എന്നുംമററുമുള്ള ചോദ്യങ്ങൾ പലരും ഞങ്ങൾക്കയച്ചുതന്നിട്ടുണ്ട്. അവയ്ക്കു മംഗലപ്പുഴയിലെ എസ്. എച്ച്. ലീഗിൽനിന്നും നവമായി പ്രസിദ്ധീകരിച്ചിരിക്കുന്ന "ജാതകവും കൈനോട്ടവും" എന്ന ഗ്രന്ഥം വിശദമായ സമാധാനം നൽകുന്നതാണ്. ആകയാൽ ആ ഗ്രന്ഥം വരുത്തി വായിപ്പാനപേക്ഷ. പത്രാധിപർ]

## കൊച്ചി വാർത്തകൾ

### വർക്കിംഗ് കമ്മിററിയോഗം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മിററിയുടെ ഒരു യോഗം ഫെബ്രുവരി 27-ാംനു- എറണാകുളം ഹെഡാഫീസിൽ വച്ചു കൂടുന്നതാണ്. തദവസരത്തിൽ ഹെഡാഫീസ് മാററം, രാമപുരം സമ്മേളനത്തിൻെറ കാര്യപരിപാടി, സമുദായ സേവന പരിശീലനം നൽകുന്നതിനു് ഒരു ഗ്രീഷ്മകാല വിദ്യാലയം നടത്തുക, വിശുദ്ധവത്സരത്തിൽ നിത്യനഗരത്തിലേക്കു് ഒരു തീർത്ഥാടനസംഘം പോകുന്നതിനുള്ള സാദ്ധ്യതകൾ എന്നിവയെപ്പററി ചർച്ചചെയ്യുന്നതായിരിക്കും.

### നിരോധനം നീക്കി

കോഴി, താറാവ്, മുട്ട എന്നിവ സംസ്ഥാനത്തുനിന്നും കയററുമതി ചെയ്യുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദു ചെയ്തിരിക്കുന്നു.

### നിയമസഭാ സമ്മേളനം

കൊച്ചി നിയമസഭാ സമ്മേളനം ഫെബ്രുവരി 21-ാംനു- ആരംഭിച്ചിരിക്കുന്നു. 196 പ്രമേയങ്ങൾ ഇത്തവണത്തെ പരിപാടിയിൽ ഉൾപ്പെടുത്തിട്ടുണ്ട്.

### ഭൂകാര്യാന്വേഷണക്കമ്മിററിയുടെ ശുപാർശകൾ

മി. കെ. ജി. ശിവസ്വാമിയുടെ അദ്ധ്യക്ഷതയിൽ ഗവമ്മെണ്ടിൽ നിന്നും നിയുക്തമായ ഭൂകാര്യാന്വേഷണക്കമ്മിററി ഗവമ്മെണ്ടിലേക്കു സമപ്പിച്ചിരിക്കുന്ന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ ചേർക്കുന്നു: ഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിചെയ്യുന്ന കർഷകനു തന്നെ ലഭിക്കത്തക്ക വിധത്തിൽ നിയമങ്ങൾ നിർമ്മിക്കണം. ഒരു കുടുംബത്തിനു് ആണ്ടിൽ 2000 ക. യിൽ കൂടുതൽ വരുമാനമുള്ള വസ്തുക്കൾ കൈവശം വച്ചുകൊണ്ടിരിക്കാൻ അർഹതയുണ്ടായിരിക്കരുതു്. ബാക്കിവരുന്ന വസ്തുക്കൾ ഗവമ്മെണ്ടു് വിലയ്ക്കുവാങ്ങി കൃഷിക്കാർക്കു വില്ക്കുകയോ മറേറാ ചെയ്യേണ്ടതാണ്. കൂട്ടുകൃഷി സമ്പ്രദായം പുരോഗമിപ്പിക്കണം. ഒരു യൂണിവേഴ്സൽ ക്രഡിററു സംഘടന രൂപവൽക്കരിക്കണം. ബാങ്കുകൾ ദേശീയമാക്കണം. ഒരു ലാൻറ് ഡവലപ്മെൻറ് ബോർഡ് നിയുക്തമാകണം. കർഷകത്തൊഴിലാളികളുടെ മുൻകടങ്ങൾ റദ്ദാക്കുകയും അവരുടെ കൂലിനിരക്കു ക്ലിപ്തപ്പെടുത്തുകയും വേണം. കുടിയാന്മാർക്ക് സ്ഥിരമായ കുടികിടപ്പവകാശം നൽകണം. നിലങ്ങളുടെ പാട്ടം അറാദായത്തിൻെറ പകുതിയിലധികമാകാതിരിക്കാനും പുരയിടങ്ങളുടെ പാട്ടം അറാദായത്തിൻെറ കാൽഭാഗത്തിൽ കൂടുതലാകാതിരിക്കാനും അനുവദിക്കരുതു്. ജന്മിമാർ, ദേവസ്വം ഇവർക്കു ഭൂനികുതി സംബന്ധിച്ചനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ മുഴുവൻ റദ്ദുചെയ്യണം.

### ഘോഷയാത്ര നിരോധിച്ചു

കൊച്ചി പൊതുരക്ഷാ പരിപാലന നിയമം 2-ാം വകുപ്പു പ്രകാരം, എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി, ഇരിഞ്ഞാലക്കുട എന്നീ മുനിസിപ്പൽ അതിർത്തികളിലും, ഹാർബർ, അന്തിക്കാട്, അളഗപ്പനഗർ, ചാലക്കുടി, എന്നീ പോലീസു സ്റ്റേഷനുകളുടെ അധികാരാതിർത്തികൾക്കുള്ളിലും, ചേന്ദമംഗലം, മേത്തല, എറിയാട് ലോകമലേശ്വരം എന്നീ ഗ്രാമങ്ങളിലും പോലീസ് കമ്മീഷണരുടെ പെർമിററ് കൂടാതെ യാതൊരു ഘോഷയാത്രയും നടത്താൻ പാടില്ലെന്നു നിരോധിച്ചിരിക്കുന്നു. ശവസംസ്കാരയാത്ര, മതപരമായ ഘോഷയാത്ര, വിവാഹഘോഷയാത്ര ഇവയ്ക്കു ഈ നിരോധനം ബാധകമായിരിക്കുകയില്ല.

### പ്രതിഷേധം

ഫെബ്രുവരി 2-ാംനു- തേവര കോളെജിൽവച്ച് വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ്. റവ. ഡോ. ജോസഫ് അട്ടിപ്പേററി തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കാർഡിനൽ മിൻസെൻറിയുടെ അറസ്റ്റിനെ പ്രതിഷേധിക്കുവാൻ ഒരു പൊതുയോഗം കൂടുകയുണ്ടായി. ബാരിസ്റ്റർ എം. എസ്. മേനോൻ എം. എ. ബാർ-അററ്-ലാ അവതരിപ്പിച്ച പ്രമേയത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു. "കർദ്ദിനാൾമിൻസെൻറിയുടെ അറസ്റ്റ്, വിചാരണ, വിധി എന്നിവയിൽ തങ്ങൾക്കുള്ള ശക്തിയായ പ്രതിഷേധം കൊച്ചിയിലെ പൗരന്മാരുടെ ഈ യോഗം രേഖപ്പെടുത്തുകയും അവിടുത്തെ മോചിപ്പിക്കുന്നതിനും ചിന്താസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം എന്നീ പാവനമായ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും കഴിവുള്ള എല്ലാ നടപടികളും സ്വീകരിക്കുവാൻ കൊച്ചി ഗവമ്മെണ്ടിനോടും ഇന്ത്യാഗവമ്മെണ്ടിനോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു." പ്രമേയത്തെ പിന്താങ്ങി റവ. ഡോക്ടർ മൂത്തേടൻ എം. എ. ഡി. ഡി., ഡോക്ടർ ജി. എഫ്. പാപ്പാളി എം. എ. പി എച്ച്. ഡി., ഷെവലിയർ സി. ജെ. വർക്കി. എം. എ. എന്നിവർ പ്രസംഗിച്ചു. പ്രമേയം ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

## സൗജന്യവിതരണ ഫണ്ടു് ?

## തിരുവിതാംകൂർ വാർത്തകൾ

### നിയമസഭാസമ്മേളനം

തിരുവിതാംകൂർ നിയമസഭാസമ്മേളനം ഫെബ്രുവരി 14-ാംനു- ആരംഭിച്ചിരിക്കുന്നു. ചോദ്യോത്തരങ്ങൾക്കിടയിൽ താഴെ പറയുന്ന സംഗതികൾ ഗവമ്മെണ്ടുഭാഗത്തുനിന്നും വിശദമാക്കുകയുണ്ടായി. തിരുവിതാംകൂറിൽ ജനകീയഭരണം തുടങ്ങിയതിനുശേഷം നിർത്തലാക്കിയ ഉദ്യോഗങ്ങളുടെയിനത്തിൽ 1124 ൽ 7 ലക്ഷം ക. ലാഭമുണ്ടാകുന്നതാണ്. ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറു് 75 പുതിയ ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ ഒരു മെഡിക്കൽ കോളെജ് സ്ഥാപിക്കുവാൻ ഗവമ്മെണ്ടു് അവസാന ഉത്തരവ് പാസ്സാക്കിയിട്ടുണ്ടു്. ഇതിലേക്കു് പ്രതിമാസം 500 ക. ശമ്പളത്തിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ 1948 ഒക്ടോബർ 10-ാംനു- മുതൽ നിയമിച്ചിട്ടുണ്ടു്. തിരുവിതാംകൂറിലെ പ്രധാനവ്യവസായങ്ങളെല്ലാം ദേശീയമാക്കുവാൻ ഗവമ്മെണ്ടുദ്ദേശിച്ചിരിക്കുന്നു.

### മുനിസിപ്പൽ ചെയർമൻ

കോട്ടയം മുനിസിപ്പൽ ചെയർമനായി ശ്രീ ജോസഫ് മാളേക്കൽ ബി. എ. ബി. എൽ. തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.




ഗോശ്രീശനെ തേവരയിലേക്കു സ്വാഗതംചെയ്തുകൊണ്ടു് തേവര ജംക്ഷനിൽ സജ്ജമാക്കിയിരുന്ന ഗംഭീരമായ ആർച്ചു്. ശ്രീ ജി ജെ പി ചക്കാലക്കലിൻെറ നേതൃത്വത്തിൽ തേവര, പെരുമാനൂർ പൗരാവലിയും സ്കൗട്ട് സംഘക്കാർ മുതലായവരും അണിനിരന്നുനിൽക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### അപ്പീൽകൊടുത്തു

ഗാന്ധിവധക്കേസിലെ പ്രതികളിൽ ശങ്കർ കിസ്തയ്യ ഒഴികെ മററുള്ളവരെല്ലാം പൂർവ്വപഞ്ചാബു് ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുന്നു.

### പെൻസിലിൻ ഫാക്ടറി

പെൻസിലിൻ, മലമ്പനി നിവാരണ ഔഷധങ്ങൾ എന്നിവയുടെ ഉല്പാദനത്തിനായി ബോംബെയിൽ ഒരു ഫാക്ടറി സ്ഥാപിക്കുവാൻ കേന്ദ്രഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

### നിർത്തലാക്കി

ബോംബെ-ലണ്ടൻ സർവ്വീസ് ഒഴികെ മറെറല്ലാ എയർ ഇൻഡ്യാ സർവ്വീസുകളും ഫെബ്രുവരി 18-ാംനു- മുതൽ താൽക്കാലികമായി നിർത്തലാക്കിയിരിക്കുന്നു.

### പുതിയ കമ്മിററി

ഇൻഡ്യാ ഗവമ്മെൻറിൻെറ സാമ്പത്തികനില സംഘടിപ്പിക്കുന്നതിനായി ആറംഗങ്ങളുള്ള ഒരു കമ്മിററി രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഡോക്ടർ ജോൺ മത്തായി കമ്മിററി പ്രസിഡണ്ടായിരിക്കുന്നതാണ്.

### മൂന്നു വിമാനത്താവളങ്ങൾ

സാൻറാക്രൂസ്, ഡംഡം, പാലം എന്നീ സ്ഥലങ്ങളിലെ അന്തർദേശീയ വിമാനത്താവളങ്ങൾ വമ്പിച്ചതോതിൽ പരിഷ്ക്കരിക്കുന്നതിനുവേണ്ട നടപടികൾ കേന്ദ്രഗവമ്മെൻറു സ്വീകരിച്ചിരിക്കുന്നു. ഇതിലേക്കു് 9 കോടി ക. ചിലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

### യൂറോപ്യൻ വസ്ത്രധാരണരീതി

കേന്ദ്രഗവമ്മെൻറിൻെറ സർവ്വീസിലുള്ള ഇൻഡ്യൻ ഉദ്യോഗസ്ഥന്മാർ സായാഹ്നസമ്മേളനങ്ങളിലും സൂഹൽ സല്ക്കാരങ്ങളിലും സംബന്ധിക്കുമ്പോൾ യൂറോപ്യൻ വസ്ത്രധാരണസമ്പ്രദായത്തിനു പകരം ഇൻഡ്യൻ വസ്ത്രധാരണസമ്പ്രദായം സ്വീകരിക്കണമെന്നു് ഗവമ്മെൻറു നിർദ്ദേശിച്ചിരിക്കുന്നു.

### രാജകുമാരിയുടെ സംഭാവന

ഇൻഡ്യൻ അഭയാർത്ഥികളുടെ സംരക്ഷണത്തിനുവേണ്ടി ശേഖരിക്കുന്ന ഫണ്ടിലേക്കു് ബ്രിട്ടനിലെ എലിസബെത്തുരാജകുമാരി 13000 ക. സംഭാവനയായി നൽകിയിരിക്കുന്നു.

## ആധുനികനീറോമാർ

ഫെബ്രുവരി 21-ാംനു- സെൻറ് പീറേറഴ്സിൽ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ചശേഷം പരിശുദ്ധ പിതാവ്, സെൻറ് പീറേറഴ്സ് അങ്കണത്തിൽ തിങ്ങിക്കൂടിയിരുന്ന എൺപതിനായിരത്തിൽപ്പരം വരുന്ന ഒരു വൻപിച്ച ജനാവലിയെ അഭിമുഖീകരിച്ചു ഹൃദയസ്പർശകമായ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. കർദ്ദിനാൾ മിൻസെൻറിയുടെ മർദ്ദനത്തിനു ഹേതുഭൂതരായവരെ പ്രാചീനറോമയിലെ പീഡകരോടു തിരുമേനി തുലനം ചെയ്തു. ക്രിസ്തീയ സഭാതത്വസംഹിതക്കെതിരായുള്ള ഒരു മർദ്ദനപ്രവർത്തനപരമ്പരയുടെ ഒരു ഭാഗമാണ് ഈ ശിക്ഷാവിധി. നീറോയുടെ കാലത്തു രക്തസാക്ഷിത്വം വരിച്ച ക്രൈസ്തവരെപ്പററി പരാമർശിച്ചശേഷം തിരുമേനി ഇങ്ങനെ തുടർന്നു: "ആധുനികമർദ്ദകന്മാർ ആ കുപ്രസിദ്ധമർദ്ദകഗണത്തിൻെറ വിശ്വസ്തശിഷ്യന്മാരാണെന്നു സ്വയം തെളിയിച്ചിരിക്കുന്നു. ആധുനികമർദ്ദകർ തങ്ങളുടെ മാതൃരാജ്യത്തെയും മനുഷ്യരാശിയേയും സംരക്ഷിച്ചവരെ കൂടി ഉന്മൂലനം ചെയ്യാൻ ശാസ്ത്രപുരോഗതിയെ ഉപയോഗപ്പെടുത്തുന്നു. മർദ്ദനത്തിനിരയാകുന്നവരെ കായികമായി അടിപ്പെടുത്തുന്നതിനുപുറമെ രാജ്യത്തിനും സമുദായത്തിനും എതിരായി കുററം ചെയ്തവരെന്നു ചിത്രീകരിക്കാൻ വിചിത്രരൂപത്തിൽ ഉയർത്തിനിർത്തുക മർദ്ദകരൊക്കെ സ്വീകരിക്കാറുള്ള പതിവാണ്". റോയിട്ടർ

### പ. പിതാവിനെ സന്ദർശിച്ചു

വത്തിക്കാനിലെ 30 സ്ഥാനപതികൾ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച് കർദ്ദിനാൾ മിൻസെൻറിയുടെ അറസ്ററും വിധിയുംമൂലം ആകുലചിത്തനായിരിക്കുന്ന തിരുമേനിയോടു് സഹതാപം പ്രകടിപ്പിക്കയുണ്ടായി.

പ്രഭാഷണം

# ക്രിസ്തീയ പൗരുഷം

"ഞാൻ മനുഷ്യരുടേയും മാലാഖമാരുടേയും സകല ഭാഷകളിലും സംസാരിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ ആയിപ്പോകും. എന്നിൽ പ്രവാചകത്വം ഉണ്ടായിരിക്കയും സകല രഹസ്യങ്ങളും സകല ജ്ഞാനവും ഞാൻ ഗ്രഹിക്കയും ചെയ്താലും, മലകളെ മാറ്റുവാൻ തക്കവണ്ണം സകല വിശ്വാസവും എനിക്കുണ്ടായാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. ഞാൻ എനിക്കുള്ളതെല്ലാം ദരിദ്രരെ ഭക്ഷിപ്പിക്കുവാൻ കൊടുത്താലും അഗ്നിക്കിരയാകുവാൻ എന്റെ ശരീരത്തെ ഏല്പിച്ചുകൊടുത്താലും എന്നിൽ സ്നേഹമില്ലെങ്കിൽ എനിക്കു ഒരു പ്രയോജനവുമില്ല. സ്നേഹം ദയയുള്ളതും ക്ഷമയുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല, അഹങ്കരിക്കുന്നില്ല. അതു ലജ്ജാപഹമായതു പ്രവർത്തിക്കുന്നില്ല, തൻകാര്യം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, തിന്മയായിട്ടുള്ളതു വിചാരിക്കുന്നുമില്ല അതു അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു സകലവും സഹിക്കുന്നു, സകലവും വിശ്വസിക്കുന്നു, സകലവും പ്രതീക്ഷിക്കുന്നു, സകലവും അനുഭവിക്കുന്നു. പ്രവചനങ്ങൾ ഇല്ലാതാകും, ഭാഷകൾ നിന്നുപോകും, ജ്ഞാനം ക്ഷയിച്ചുപോകും, എന്നാൽ സ്നേഹം വിനാശപ്പെടുകയില്ല. നാം വളരെക്കാര്യങ്ങളിൽ കുറച്ചുമാത്രമാണു അറിയുന്നതു; വളരെക്കാര്യങ്ങളിൽ കുറച്ചുമാത്രം പ്രവചിക്കയും ചെയ്യുന്നു. എന്നാൽ പൂർണ്ണമായുള്ളതു വരുമ്പോൾ കുറച്ചുമാത്രമായിരുന്നതു ഇല്ലാതാകും. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിക്കയും ശിശുവിനെപ്പോലെ ഗ്രഹിക്കയും ശിശുവിനെപ്പോലെ ചിന്തിക്കയും ചെയ്തിരുന്നു. എന്നാൽ പുരുഷപ്രായപൂർത്തിവന്നപ്പോൾ ബാലസഹജങ്ങളായവയെ ഞാൻ ഉപേക്ഷിച്ചു. ഇപ്പോൾ കണ്ണാടിയിൽക്കൂടി ഇരുട്ടിലെന്നതുപോലെ നാം ദർശിക്കുന്നു. എന്നാൽ അപ്പോൾ അഭിമുഖമായി നാം കാണും. ഇപ്പോൾ ഞാൻ വളരെക്കാര്യങ്ങളിൽ കുറച്ചുമാത്രം അറിയുന്നു; അപ്പോൾ ഞാൻ സ്വയം അറിയപ്പെടുന്നതുപോലെ അറിയും. എന്നാൽ ഇപ്പോഴുള്ളവ വിശ്വാസം, പ്രതീക്ഷ, സ്നേഹം ഇവ മൂന്നുമാകുന്നു. ഇവയിൽ ഏററം വലിയതു സ്നേഹമാകുന്നു." (അമ്പതാം ഞായർ ലേഖനം—1. കൊറി. XIII, 1—13)

പണ്ഡിതപാമരഭേദമെന്യേ സകല ക്രിസ്ത്യാനികളും സുപരിചിതമാക്കിയിരിക്കേണ്ട ഒരു വിശിഷ്ടലേഖനഭാഗമാണു മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു. സ്നേഹത്തിന്റെ യഥാർത്ഥലക്ഷണങ്ങളും സ്നേഹത്തിന്റെ അഭാവത്തിൽ മററു സൽകൃത്യങ്ങളുടെ നിഷ്പ്രയോജനതയും ഹൃദയാവർജ്ജകവും പ്രൗഢവുമായ ഭാഷയിൽ വി. ശ്ലീഹാ ഇതിൽ പ്രതിപാദിക്കുന്നുണ്ടു. സ്നേഹത്തിന്റെ പല ലക്ഷണങ്ങളിൽ ഒന്നിനെപ്പററി മാത്രം നമുക്കു അല്പം ചിന്തിച്ചു നോക്കാം. "സ്നേഹം അനീതിയിൽ സന്തോഷിക്കാതെ, സത്യത്തിൽ സന്തോഷിക്കുന്നു." അതെ, യഥാർത്ഥമായ സ്നേഹം ഒരുവനിൽ കുടികൊള്ളുന്നുണ്ടെങ്കിൽ അവൻ അനീതി ദർശിക്കുമ്പോൾ അസന്തുഷ്ടനാകയും അതിനെ വെറുക്കുകയും ചെയ്യും; സത്യത്തെയും നീതിയേയും നിവ്വഹിക്കുന്നതിൽ ജാഗരൂകനായിരിക്കയും ചെയ്യും. ഇതാണു ക്രിസ്തീയ ധർമ്മ; ഇതിലാണു ക്രിസ്തീയ പുരുഷത്വം (Christian Manhood) അടങ്ങിയിരിക്കുന്നതു. "ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ... ...എന്നാൽ ഞാൻ പുരുഷത്വം പ്രാപിച്ചപ്പോൾ ബാലസഹജങ്ങളായവയെ വിട്ടുപേക്ഷിച്ചു" എന്നു വി. ശ്ലീഹാ ഇന്നത്തെ ലേഖനത്തിൽ തന്നെ പറയുന്നുണ്ടു. ഇതിലദ്ദേഹം സൂചിപ്പിക്കുന്ന ക്രിസ്തീയ പുരുഷപ്രാപ്തി അടങ്ങിയിരിക്കുന്നതും ഈ തത്വത്തിൽ തന്നെയാണു: അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുക.

സുവിശേഷങ്ങൾ സശ്രദ്ധം പാരായണം ചെയ്യുമ്പോൾ ഒരുപക്ഷേ ക്രിസ്തുനാഥന്റെ സൗമ്യതയും ദീനദയാലുത്വവുമാണു പലരുടേയും ഹൃദയത്തിൽ ആഴമായി പതിയുന്നതു. എന്നാൽ അതേസമയം തന്നെ അങ്ങയുടെ തീക്ഷ്ണതയേറിയ പൗരുഷവും അചഞ്ചലമായ സ്വഭാവമാർദ്ധവ്യവും ഒരിക്കലും അവഗണിക്കാൻ പാടില്ലെന്നും കൂടി അവർ മനസ്സിലാക്കണം. അങ്ങു ദൈവത്തിന്റെ ചെമ്മരിയാട്ടിൻകുട്ടിയാണെങ്കിൽ അതേസമയംതന്നെ യൂദായുടെ വംശത്തിലെ സിംഹവുമാണു. യഹൂദപ്രമാണികളുടെ കാപട്യവും അസന്മാർഗ്ഗികതയും നിറഞ്ഞ ജീവിതത്തെ നിഷ്കരുണം തോലുരിഞ്ഞു കാട്ടുമ്പോഴും, ദേവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തവരെ നിഗ്രഹിക്കുന്നു ആട്ടിയോടിച്ചപ്പോഴും അവിടത്തെ ഈ സ്വഭാവവൈശിഷ്ട്യം സുതരാം സ്പഷ്ടമാകുന്നുണ്ടു. ക്രിസ്തുനാഥൻ സ്നേഹത്തിന്റെ മൂർത്തീകരണമാണല്ലോ. തന്നിമിത്തം, അങ്ങുന്നു ഇപ്രകാരം ചെയ്തെങ്കിൽ, അനീതിയെ വെറുക്കുകയും നീതിയെ നിവ്വഹിക്കുകയും ചെയ്യുന്ന ക്രിസ്തീയ പൗരുഷം യഥാർത്ഥമായ സ്നേഹത്തിന്റെ ഒരു ലക്ഷണം—ഒരു ബഹിർസ്ഫുരണം—ആണെന്നു സിദ്ധിക്കുന്നു. ഭക്തരായ ചില ക്രിസ്ത്യാനികൾ സത്യത്തെ സ്നേഹിക്കുന്നുണ്ടെങ്കിലും അനീതിയെ കാണുമ്പോൾ അതിനെ വെറുക്കുവാൻ ധൈര്യമില്ലാതെ, എന്തെങ്കിലുമായിക്കൊള്ളട്ടെയെന്നു വെച്ചു കണ്ണടച്ചുകളയുന്നുണ്ടെങ്കിൽ ക്രിസ്തുനാഥന്റെ പ്രവൃത്തികൾ അവർക്കൊരു മാതൃകയായിരിക്കട്ടെ.

ഇന്നത്തെ നിർമ്മതത്വപ്രവാഹത്തെ തടയുവാൻ ഏററവും ആവശ്യമായിരിക്കുന്നതു മതസിദ്ധാന്തങ്ങളിൽ സുദൃഢവും അചഞ്ചലവുമായ വിശ്വാസവും തദനുസാരം ജീവിതം നയിക്കുവാനുള്ള കരളുറപ്പും ഉദ്ധപ്രത്യയവുമുള്ള ക്രിസ്ത്യാനികളെയാണു. താൽക്കാലിക ഗുണങ്ങളോ, ജനപ്രീതിയോ, സ്വാർത്ഥലാഭങ്ങളോ സ്ഥാനമാനാദികളോ വകവെക്കാതെ മനസ്സാക്ഷിയനുസരിച്ചു ജീവിക്കുന്നവർ; ജനങ്ങളുടെ അവഹേളനങ്ങളും വിരോധങ്ങളും അഗണ്യമാക്കിക്കൊണ്ടു മതസിദ്ധാന്തങ്ങളനുസരിച്ചു ജീവിക്കുവാൻ കച്ചകെട്ടിയിറങ്ങിയ ധീരരുവർ—ഇവരാണു ഇന്നത്തെ ഏററവും വലിയ ആവശ്യം. അവരുടെ നാമങ്ങൾ ഒരുപക്ഷേ ഐഹിക ചരിത്രത്തിന്റെ ക്ഷണഭംഗുരങ്ങളായ ഏടുകളിൽ എഴുതപ്പെട്ടില്ലെങ്കിലും ജീവന്റെ പുസ്തകത്തിൽ തീർച്ചയായും ആലേഖനം ചെയ്യപ്പെടും.

"ടോംബ്രൗണിന്റെ സ്കൂൾദിനങ്ങൾ" എന്ന ഒരു ഇംഗ്ലീഷ് ഗ്രന്ഥത്തിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ടു. ജോർജ്ജ് ആർതർ എന്ന ബാലൻ മാതൃസ്നേഹത്തോടൊപ്പം ക്രൈസ്തവധർമ്മബോധവും നുകർന്നിട്ടുണ്ടായിരുന്നു. അവൻ ഉന്നതവിദ്യാഭ്യാസത്തിനായി റഗ്ബിയിലേക്കു പോയി; അവിടത്തെ ബോർഡിങ്ങിൽ താമസിക്കുവാൻ ഏർപ്പാടു ചെയ്തു. ആദ്യത്തെ രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പു അവൻ കിടക്കയുടെ സമീപത്തു മുട്ടുകുത്തി വീട്ടിലെ പതിവനുസരിച്ചു പ്രാർത്ഥിക്കുവാൻ തുടങ്ങി. സഹപാഠികൾ പരിഹാസശരങ്ങൾ അവന്റെനേരെ വർഷിച്ചു പഴയ ചെരിപ്പുകൾ അവന്റെമേൽ വന്നു വീണു. എങ്കിലും അവൻ പ്രാർത്ഥന തുടർന്നു—ക്രിസ്തീയ പൗരുഷത്തിന്റെ ഉത്തമോദാഹരണം. അവന്റെ സഹപാഠികൾ പിന്നീടു ലജ്ജിക്കയും ഉള്ളുകൊണ്ടു അവനെ അഭിനന്ദിക്കയും ചെയ്തിട്ടുണ്ടായിരിക്കണം. വാഗ്ദാനത്തിന്റെ പേടകം ഓർശ്ലേമിലേക്കു കൊണ്ടുവന്നപ്പോൾ ദാവീദുരാജാവു ഭക്തിപരവശനായ ആവേശത്താൽ പ്രേരിതനായി അതിന്റെ മുമ്പിൽ നൃത്തം ചെയ്തു. കൊട്ടാരത്തിന്റെ മുകളിലെ ജനലിൽക്കൂടി ഇതു വീക്ഷിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ രാജ്ഞി മിക്കോൾ, എന്തിനാണു ഈ വിഡ്ഢിവേഷം കെട്ടുന്നതെന്നു പറഞ്ഞു അദ്ദേഹത്തെ പരിഹസിക്കയും ശാസിക്കയും ചെയ്തു. അതിനു അദ്ദേഹം നൽകിയ മറുപടി ശ്രദ്ധാർഹമാണു: "എന്നെ തിരഞ്ഞെടുത്തവനായ കർത്താവിന്റെ മുമ്പിൽ ഞാൻ ആടിപ്പാടുകയും എന്നെത്തന്നെ ഹീനനാക്കുകയും ചെയ്യും ......എന്റെ ദൃഷ്ടിയിൽ ഞാൻ നിസ്സാരനായിത്തീരും". മഹാനായ വിശുദ്ധ ഗ്രിഗോരിയോസ് ഈ സംഭവത്തെക്കുറിച്ചു പറയുന്നതു ദാവീദു സിംഹത്തേയും ഗോലിയാത്തിനേയും വധിച്ചപ്പോൾ പ്രത്യക്ഷമാക്കിയ ധൈര്യത്തെക്കാൾ കൂടുതൽ ധൈര്യമാണു ഈ പ്രവൃത്തിവഴിയായി പ്രകടമാക്കിയിരിക്കുന്നതെന്നാണു. കാരണം മററു മൃഗത്തെയോ മനുഷ്യനെയോ അല്ല, പ്രത്യുത, തന്നെത്തന്നെയാണു ഇതുവഴിയായി അദ്ദേഹം ജയിച്ചടക്കിയതു. നാം സക്രാരിയുടെ മുമ്പിൽ—വാഗ്ദാനപേടകത്തിന്റെ ദാതാവായ കർത്താവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തിൽ — മുട്ടുകുത്തുമ്പോൾ അന്യരുടെ പരിഹാസങ്ങളേയും അപ്രീതിയേയും എന്തിനു വകവെക്കുന്നു?

ക്രൈസ്തവപൗരുഷത്തിന്റെ ബദ്ധശത്രുവാണു മനുഷ്യബഹുമാനാകാംക്ഷ. മററുള്ളവരെ പ്രീതിപ്പെടുത്തുവാനോ അവരുടെ പ്രീതിയും സന്മനസ്സും ലഭിക്കുവാനോ സ്വന്തം മനസ്സാക്ഷിക്കും മതസിദ്ധാന്തങ്ങൾക്കും എതിരായി പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ബലഹീനമനസ്ഥിതിയാണു ഇതിൽ അടങ്ങിയിരിക്കുന്നതു. "ഇന്നനോടൊക്കും സ്വാമി, ചന്ദ്രനോടൊക്കും ഭവാൻ" എന്നിങ്ങനെ സ്തുതിപാഠകരായും ഇക്കൂട്ടർ പ്രത്യക്ഷപ്പെടും. ഇവർ മററുള്ളവരുടെ കണ്ണിൽക്കൂടി എല്ലാം കാണുന്നു; മററുള്ളവരുടെ ചെവികളിൽക്കൂടി എല്ലാം കേൾക്കുന്നു; മററുള്ളവരുടെ വായിൽക്കൂടിമാത്രം സംസാരിക്കയും ചെയ്യുന്നു. ഇവരോടു വി. ശ്ലീഹാ പറയുന്നു: "ഞാൻ മനുഷ്യരെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല." വി. യോഹന്നാൻ എഴുതിയിരിക്കുന്നു: "പ്രമാണികളിൽ പലരും ക്രിസ്തുവിൽ വിശ്വസിച്ചു. എന്നാൽ സംഘത്തിൽനിന്നു പുറത്താക്കപ്പെടാതിരിപ്പാൻവേണ്ടി ഫരിസേയരെ ഓർത്തു അവർ അതിനെ ഏററുപറഞ്ഞില്ല. എന്തുകൊണ്ടെന്നാൽ അവർ ദൈവസ്തുതിയെക്കാൾ കൂടുതലായി മനുഷ്യസ്തുതിയെ സ്നേഹിച്ചു (Jo. XII, 42) സ്ത്രീലമ്പടനായ ഹേറോദേസ് തന്റെ സഹോദരഭാര്യയെ വെച്ചുകൊണ്ടിരുന്ന ഹേറോദേസിനെ വി. യോഹന്നാൻ മാമ്മോന പരസ്യമായി കുററപ്പെടുത്തി ഫലം ജയിൽശിക്ഷയും ശിരശ്ഛേദവും. അനീതിയെ വെറുത്തു; സത്യത്തെ സ്നേഹിച്ചു.

നമ്മുടെ മതം ഞായറാഴ്ച പള്ളിയിൽ പോകുമ്പോൾ മാത്രം ധരിക്കയും അതിനുശേഷം ഊരിവെക്കയും ചെയ്യാനുള്ള ഒരു വസ്തുമല്ല. ക്രിസ്തുശിഷ്യനാണെന്നു പരസ്യമായി പ്രഖ്യാപിക്കുവാൻ നമുക്കു മടിതോന്നുന്നുണ്ടോ? കൊന്തയും വെന്തിങ്ങയും ധരിക്കുന്നതിലും ത്രികാലജപങ്ങൾ എത്തിക്കുന്നതിലും മനുഷ്യബഹുമാനത്തെ നാം ഭയപ്പെടുന്നുണ്ടോ? പരിഷ്കാരികളും "പുരോഗമന"വാദികളുമായ സ്നേഹിതന്മാരുടെ പരിഹാസപാത്രമാകുമെന്നു ഭയപ്പെട്ടു മതകർമ്മാനുഷ്ഠാനങ്ങളും നോയമ്പും ഉപവാസവും ഉപേക്ഷിക്കുകയോ മുടക്കുകയോ ചെയ്യുന്നുണ്ടോ? സാമ്പത്തികരംഗത്തിലും സാമൂഹ്യജീവിതത്തിലും കാണുന്ന അനീതികളെ നാം വെറുക്കുന്നുണ്ടോ? മറ്റുള്ളവരുടെ ദൂഷണങ്ങളേയും നാം പ്രതിഷേധിക്കുന്നുണ്ടോ? തന്നെ സംബന്ധിച്ചിടത്തോളം മനുഷ്യരാൽ വിധിക്കപ്പെടുന്നതു ഒരു നിസ്സാരകാര്യമായിട്ടല്ലേ വി. ശ്ലീഹാ പരിഗണിച്ചതു? ബാലസഹജങ്ങളായ ഭീരുത്വം വെടിഞ്ഞുകൊണ്ടു ഓരോരുത്തനും പൗരുഷം വഴിഞ്ഞൊഴുകുന്ന ഓരോ ക്രൈസ്തവഭടനായിത്തീരട്ടെ!

(ജെ. ചെമ്മണ്ണൂർ)

---

## മതവും ശാസ്ത്രവും കടകവിരുദ്ധങ്ങളായ അടിസ്ഥിവാരങ്ങളിലോ?

(11-ാം പേജ് തുടർച്ച)

കാണാവുന്നതാണു. ദൈവം ഉണ്ടെന്നും, ക്രിസ്തു ദൈവാവതാരമാണെന്നും. അവിടുന്നു ഒരു മതസഭയെ സ്ഥാപിച്ചിട്ടുണ്ടെന്നും, ആ മതസഭ കത്തോലിക്കാസഭയാണെന്നും ഉള്ള വസ്തുതകൾ തെളിയിക്കുവാൻ കത്തോലിക്കർ നൽകുന്ന ന്യായങ്ങൾ തനിക്കു ബോദ്ധ്യജനകമല്ലെന്നു ആരെങ്കിലും പറഞ്ഞാൽ അതു ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ പ്രസ്തുത വസ്തുതകൾ തെളിയിക്കുവാൻ കത്തോലിക്കർ ന്യായങ്ങൾ നൽകുന്നില്ലെന്നു, പ്രസ്തുത വസ്തുതകളെ കത്തോലിക്കർ കേവലം അന്ധമായി വിശ്വസിക്കുകയാണു ചെയ്യുന്നതെന്നു, ആരെങ്കിലും പറഞ്ഞാൽ അയാളുടെ അക്ഷന്തവ്യമായ അജ്ഞതയിൽ ഞങ്ങൾക്കു പരിതപിക്കുകയല്ലാതെ ഗത്യന്തരമില്ല. "മതവും ശാസ്ത്രവും കടകവിരുദ്ധങ്ങളായ അസ്ഥിവാരങ്ങളിലാണു കെട്ടിപ്പടുത്തിട്ടുള്ളതെന്നു" കത്തോലിക്കാമതത്തെപ്പററി ലേഖകൻ ആക്ഷേപിക്കുന്നുണ്ടെങ്കിൽ അതിനു കാരണം കത്തോലിക്കാമതത്തിന്റെ ഏററവും ശാസ്ത്രീയമായ അസ്ഥിവാരങ്ങളെപ്പററി അദ്ദേഹത്തിനുള്ള അജ്ഞതയാണെന്നു പറയുവാൻ ഞങ്ങൾക്കൊരു മടിയുമില്ല. 'അന്ധമായ ഭയഭക്തികൾ, ബാലിശങ്ങളും അപഹാസ്യങ്ങളുമായ കൃത്രിമവിശ്വാസങ്ങൾ" എന്നൊക്കെ കത്തോലിക്കാമതത്തെപ്പററി ആക്ഷേപിക്കുന്നവരെ ഞങ്ങൾ വെല്ലുവിളിക്കുകതന്നെ ചെയ്യുന്നു. കത്തോലിക്കരുടെ മതവിശ്വാസങ്ങൾക്കു ആധാരമായി അവർ നൽകുന്ന ന്യായങ്ങളെ അവരുടെ ഔദ്യോഗികഗ്രന്ഥങ്ങളിൽനിന്നു ആക്ഷേപകന്മാർ എടുത്തു കാണിക്കട്ടെ! ആ ന്യായങ്ങൾ ബാലിശങ്ങളും അപഹാസ്യങ്ങളുമാണെന്നു അവർ തെളിയിക്കട്ടെ!! അതിനുവേണ്ട അറിവോ സന്നദ്ധതയോ ഇല്ലാത്തവരുടെ ആക്ഷേപങ്ങൾ ബാലിശങ്ങളും അപഹാസ്യങ്ങളുമായി പരിഗണിക്കുവാനേ നിവൃത്തിയുള്ളു.




ഗൃഹനായിക പുതിയ വേലക്കാരിയോടു: നീ എന്റെകൂടെ സ്ഥിരമായി നിൽക്കാൻ തയാറാണോ? പല സ്ഥലങ്ങളിൽനിന്നും നീ ജോലി ഉപേക്ഷിച്ചു പോന്നിട്ടുണ്ടെന്നു കേട്ടല്ലോ.

വേലക്കാരി: ഞാൻ ഉപേക്ഷിച്ചു പോന്നതല്ലായിരുന്നു. അവരെന്നെ നിർബന്ധമായി പറഞ്ഞയക്കയാണു ചെയ്തതു.

* * *

"നിങ്ങളുടെ ഭർത്താവു പാലമൊടിഞ്ഞു നദിയിൽ വീണിട്ടു ഇതുവരെ കണ്ടിട്ടില്ല."

"കഷ്ടം! ആ പുതിയ ഫൗണ്ടൻപേന പോയിക്കാണും!"

* * *

"വല്യപ്പന്റെ തലമുടിയൊക്കെ നരച്ചിട്ടും മുഖത്തെ മീശയൊന്നും നരച്ചില്ലല്ലോ. അതെന്താ?"

"വല്യപ്പന്റെ തലമുടിക്കു അറുപതു വയസ്സായി മോനേ. എന്നാൽ മീശക്കു നാല്പതു വയസ്സേ ആയുള്ളു."

* * *

ദന്തവൈദ്യന്റെ മകൾ: നമ്മൾ പറഞ്ഞൊപ്പിച്ചകാര്യം അപ്പനോടു ഇതേവരെ പറഞ്ഞില്ലേ?

കാമുകൻ: പറയാമെന്നു കരുതി ഇന്നും കൂടി ഞാൻ ചെന്നതാണു. പക്ഷേ ധൈര്യം വന്നില്ല. അതുകൊണ്ടു പല്ലു പറിപ്പിക്കാൻ വന്നതാണെന്നു പറഞ്ഞു ഇന്നു ഒരു പല്ലുംകൂടി പറിപ്പിച്ചുകൊണ്ടു പോന്നു."

---

ജപ്പാനിലെ

## മിഷൻപ്രവർത്തനം

ജപ്പാനിലെ ഓരോ മിഷനറി വൈദികനും വർഷംതോറും 100-നും 120-നും മദ്ധ്യേ അജ്ഞാനികളെ ജ്ഞാനസ്നാനപ്പെടുത്തിവരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 1945 ആഗസ്റ്റിനുശേഷം 450 വൈദികർ ജപ്പാനിൽ എത്തിയിട്ടുണ്ടു. ഇവർ ഒരോരുത്തരും അവരവരുടെ കഴിവനുസരിച്ചു ഒരോ വിഭാഗം പുതുക്രിസ്ത്യാനികളുടെ മേൽനോട്ടം വഹിക്കുന്നു. ഉദ്ദേശം 9 മാസങ്ങൾക്കുമുമ്പു ജപ്പാനിൽ പ്രസിദ്ധീകരണമാരംഭിച്ച "കാത്തലിക് ഡൈജസ്റ്റ്" എന്ന മാസികയുടെ 170,000 പ്രതികൾ ഇപ്പോൾ അച്ചടിച്ചു ചെലവാകുന്നുണ്ടു.

വിമർശനവീഥി

# മതവും ശാസ്ത്രവും കടകവിരുദ്ധങ്ങളായ അസ്ഥിവാരങ്ങളിലോ?

"മതത്തിന്റെ പേരിൽ" എന്ന തലക്കെട്ടിൽ, മാർക്സിസത്തെ അഭിനന്ദിച്ചുകൊണ്ടിരിക്കുന്ന ഒരു വാരികയിൽ, എം. കെ. ഭാസി എന്നൊരു മാന്യന്റെ ഒരു ലേഖനം ഈയിടെ വായിക്കുകയുണ്ടായി. ലേഖനം ആരംഭിക്കുന്നതു് ഈ വാക്യത്തോടുകൂടിയാണു്: "ഈ ദേവാലയങ്ങളെല്ലാം തട്ടിപ്പൊളിച്ചാൽ ഒരു നൂറുകൊല്ലത്തെ പുരോഗമനം നമ്മുടെ നാട്ടിനുണ്ടാകുമെന്നു ഒരു യുവസ്നേഹിതൻ ഈയിടെ പറയുന്നതു കേട്ടു." ഈ വാക്യത്തിലെ ആശയം ലേഖകൻ ഹൃദയപൂർവ്വം സ്വീകരിച്ചിരിക്കുന്നു. സ്വീകരിക്കുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുവാനാണു് അദ്ദേഹം തന്റെ ലേഖനംകൊണ്ടു് ഉദ്ദേശിക്കുന്നതു്. എന്നാൽ മതത്തെക്കുറിച്ചു പൊതുവിൽ അദ്ദേഹത്തിനുള്ള അന്ധമായ മുൻവിധികളും അബദ്ധമായ അഭിപ്രായങ്ങളും യാതൊരു സങ്കോചവുംകൂടാതെ എഴുതിപ്പിടിപ്പിക്കുകമാത്രമാണു് അദ്ദേഹം ലേഖനത്തിൽ ചെയ്തിട്ടുള്ളതു്. ചരിത്രപരമായും തത്വപരമായുമുള്ള അദ്ദേഹത്തിന്റെ പല പ്രസ്താവങ്ങളും ഇതിനുദാഹരണമായി ലേഖനത്തിൽനിന്നു് എടുത്തുകാണിക്കാവുന്നതാണു്. തൽക്കാലം അദ്ദേഹത്തിന്റെ ഒരു പ്രസ്താവം എടുത്തു കാണിക്കാം. മതത്തെപ്പററി ലേഖകനുള്ള മൗലികമായ അബദ്ധധാരണ ഏററവുമധികം മുഴച്ചുനിൽക്കുന്ന പ്രസ്താവമാണതു്. അദ്ദേഹം പറയുന്നതു കേട്ടാലും:—

"മതവും ശാസ്ത്രവും കടകവിരുദ്ധങ്ങളായ അസ്ഥിവാരങ്ങളിലാണു് കെട്ടിപ്പടുത്തിട്ടുള്ളതു്. ഒന്നു വിശ്വാസത്തിലും മറെറാന്നു യാഥാർത്ഥ്യത്തിലും. വിശ്വാസി എന്ന പദംതന്നെ മതവിശ്വാസി എന്ന അർത്ഥത്തിലാണു് ഇന്നു് ഏറെക്കുറെ ഉപയോഗിക്കുന്നതു്. തട്ടിപ്പൊത്തിവച്ചിട്ടുള്ള ഒരുകൂട്ടം വിശ്വാസങ്ങളുടെ നേരെ അന്ധമായ ഭയഭക്തികൾ കാണിക്കുക, ആ ഭാവങ്ങളിലൂടെ മനുഷ്യനെ നേർവഴിക്കു നയിക്കുക എന്നുള്ളതാണു് പൊതുവെ എല്ലാമതങ്ങളുടേയും ഉദ്ദേശ്യം. അതിനുവേണ്ടി നിർമ്മിതങ്ങളായിട്ടുള്ള നിന്ദ്യങ്ങളും അപഹാസ്യങ്ങളുമായ കൃത്രിമവിശ്വാസങ്ങൾ ഓരോ മതത്തിലും വിളിന്നങ്ങളായിരിക്കും. അവയുടെ സാധുതയെ ചോദ്യം ചെയ്യുകയാണെങ്കിൽ അവൻ അവിശ്വാസിയായി; പിന്നെ സമുദായഭ്രഷ്ടനും."

## വിശ്വാസം എന്നാൽ എന്തു്?

മതവിശ്വാസത്തെ സംബന്ധിച്ചുള്ള ലേഖകന്റെ ഈ അപലപനം പൊതുവെ എല്ലാമതങ്ങൾക്കും പററുന്നതാണെന്നു് അദ്ദേഹംതന്നെ പ്രസ്താവിക്കുന്നുണ്ടല്ലോ. ആകയാൽ കത്തോലിക്കാമതവും അതിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുകയാണു്. മാത്രമല്ല, "വിശ്വാസി" എന്ന പദം പ്രത്യേകിച്ചും ഉപയോഗിക്കുന്നതു് പ്രധാനമായി കത്തോലിക്കാമതമാണല്ലോ. ലേഖകന്റെ അപലപനം കത്തോലിക്കാമതത്തെ സംബന്ധിച്ചിടത്തോളം തികച്ചും അടിസ്ഥാനരഹിതമാണെന്നു തെളിയിക്കുവാൻ നിഷ്പ്രയാസം സാധിക്കും. ആ കൃത്യം ചുരുക്കത്തിൽ നിർവ്വഹിക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം.

വിശ്വസിക്കുക എന്നു പറഞ്ഞാൽ, ഏതെങ്കിലും ഒരു സംഗതി ഉള്ളതാണെന്നോ ഇല്ലാത്തതാണെന്നോ മററാരുടെയെങ്കിലും വാക്കിനെമാത്രം ആധാരമാക്കി സമ്മതിക്കുകയെന്നാണല്ലോ അർത്ഥം. സ്വന്തം കണ്ണുകൊണ്ടു കാണാത്തതും സ്വന്തം ബുദ്ധികൊണ്ടു് അനുമിച്ചെടുക്കുവാൻ സാധിക്കാത്തതുമായ എത്രയോ സംഭവങ്ങൾ വിദൂരദേശങ്ങളിൽ നടക്കുന്നതു് ഉള്ളതാണെന്നു് നാം നിമിഷംപ്രതിയെന്നോണം സമ്മതിക്കുന്നുണ്ടു്! അവ സമസ്തവും നാം വിശ്വസിക്കുകമാത്രമാണു ചെയ്യുന്നതെന്നു താൽപര്യം. ഉദാഹരണമായി, ന്യൂഡൽഹിയിൽ കൂടിക്കൊണ്ടിരുന്ന കോൺസംബ്ലിസമ്മേളനത്തെയും അതിലെ നടപടികളെയുംപററി എനിക്കറിയാം. എന്നാൽ ഈ അറിവു് എനിക്കു ലഭിച്ചതെങ്ങനെ? ഞാൻ ന്യൂഡൽഹിയിൽ പോയിട്ടില്ല; കോൺസംബ്ലി സമ്മേളനത്തിൽ സന്നിഹിതനായിട്ടില്ല; അതിലെ നടപടികൾ നേരിട്ടു കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല.

അവിടെ സന്നിഹിതരാവുകയും, നേരിട്ടു കാണുകയും കേൾക്കുകയും ചെയ്ത പത്രറിപ്പോർട്ടർമാരുടെ വാക്കുകളിൽനിന്നുമാത്രമാണു് എനിക്കു് ആ അറിവു ലഭിച്ചതു്. അതായതു്, എന്റെ അറിവിന്റെ ആധാരം വിശ്വാസംമാത്രമാകുന്നു. എന്നുവച്ചു് എന്റെ അറിവു് യാഥാർത്ഥ്യത്തിൽ കെട്ടിപ്പടുത്തിട്ടുള്ളതല്ല എന്നു പറയാമോ? പത്രറിപ്പോർട്ടർമാർ കോൺസംബ്ലിയിൽ നടന്നതു തെററുകൂടാതെ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അവയെ തെററുകൂടാതെ പത്രങ്ങളിലേക്കു് എഴുതി അയച്ചിട്ടുണ്ടെങ്കിൽ, പത്രങ്ങൾ അവയെ തെററുകൂടാതെ അച്ചടിച്ചു് വിട്ടിട്ടുണ്ടെങ്കിൽ, പത്രറിപ്പോർട്ടുകളെ ആധാരമാക്കിയുള്ള എന്റെ അറിവു് യാഥാർത്ഥ്യത്തിൽ കെട്ടിപ്പടുത്തിട്ടുള്ളതുതന്നെയാണു്. കോൺസംബ്ലിയിൽ സന്നിഹിതരായിരുന്നു നേരിട്ടു കാണുകയും കേൾക്കുകയും ചെയ്തവരുടെ അറിവു് യാഥാർത്ഥ്യത്തിൽ കെട്ടിപ്പടുത്തിട്ടുള്ളതായിരിക്കുന്നതുപോലെതന്നെ, വിശ്വാസത്തെ ആധാരമാക്കിയുള്ള എന്റെ അറിവും യാഥാർത്ഥ്യത്തിൽ കെട്ടിപ്പടുത്തിട്ടുള്ളതുതന്നെയാണു്. യാഥാർത്ഥ്യത്തെ സംബന്ധിച്ചിടത്തോളം അവരുടെ അറിവും എന്റെ അറിവുംതമ്മിൽ സാരമായ വ്യത്യാസമൊന്നുംതന്നെയില്ല. വ്യത്യാസമുള്ളതു് അവർക്കും എനിക്കും അറിവുലഭിച്ച മാർഗ്ഗങ്ങളിൽ മാത്രമാണു്. അവർക്കു നേരിട്ടു കണ്ടും കേട്ടും അറിവു

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്കു് കൊളംബോ സാരിവർക്സ്, ബ്രോഡ് വെ-എറണാകുളം.

ലഭിച്ചു; അതേഅറിവുതന്നെ എനിക്കും പത്രറിപ്പോർട്ടർമാരിലുള്ള വിശ്വാസം വഴിയായി ലഭിച്ചു. അവർ സ്വന്തം കണ്ണുകൊണ്ടും ചെവികൊണ്ടും സമ്പാദിച്ച അറിവു്, പത്രറിപ്പോർട്ടർമാരുടെ കണ്ണുകളിലും ചെവികളിലുംകൂടി എനിക്കു ലഭിച്ചു. ആകയാൽ ഇൻഡ്യൻ കോൺസംബ്ലിയിലെ നടപടികളെപ്പററിയുള്ള അറിവിന്റെ കാര്യത്തിൽ ഞാൻ ഒരു "വിശ്വാസി" ആണെന്നു പറയാം.

## വിശ്വാസം അനുപേക്ഷണീയം

അനുദിനങ്ങളായ ലൗകികകാര്യങ്ങളെപ്പററിയുള്ള വിശ്വാസത്തെപ്പററിയാണു് ഇതുവരെ പ്രസ്താവിച്ചതു്. അക്കാര്യങ്ങളിലുള്ള നമ്മുടെ അറിവിൽ മുക്കാലേമുണ്ടാണിഭാഗവും വിശ്വാസം വഴിയായിട്ടാണു് നമുക്കു ലഭിക്കുന്നതെന്നു് സർവ്വസമ്മതമാണല്ലോ. ചരിത്രം, ഭൂമിശാസ്ത്രം എന്നീ രണ്ടു വകുപ്പുകളിലും നമുക്കുള്ള അറിവു് മിക്കവാറും മുഴുവൻതന്നെ വിശ്വാസം വഴിയായി ലഭിക്കുന്നതാണു്. മറെറല്ലാ ശാസ്ത്രത്തിലെയും അറിവും ഏറെക്കുറെ വിശ്വാസം വഴിയായിത്തന്നെ ലഭിക്കുന്നു. എന്തിനധികം! വിശ്വാസത്തെ യാഥാർത്ഥ്യത്തിൽ എത്തിച്ചേരുന്നതിനുള്ള മാർഗ്ഗമായി നാം സ്വീകരിക്കുന്നില്ലെങ്കിൽ നമ്മുടെ ജീവിതം തന്നെ അസാദ്ധ്യമായിത്തീരും. രോഗി വൈദ്യനിലും, കക്ഷി വക്കീലിലും, വിദ്യാർത്ഥി അദ്ധ്യാപകനിലും, മക്കൾ മാതാപിതാക്കന്മാരിലും, യാത്രക്കാർ ഡ്രൈവർമാരിലും, നിക്ഷേപകന്മാർ ബാങ്കർമാരിലും വിശ്വാസം അർപ്പിക്കാത്തപക്ഷം ജീവിതം അസാദ്ധ്യം തന്നെയായിരിക്കും. വിശ്വസിക്കുന്നതു് സൂക്ഷിച്ചുവേണമെന്നുമാത്രം. വിശ്വാസം അന്ധമായിരിക്കരുതെന്നു മാത്രം. നാം ആരെ ഏതു കാര്യത്തിൽ വിശ്വസിക്കുന്നുവോ അവർക്കു് ആ കാര്യത്തിൽ വേണ്ടിടത്തോളം അറിവും സത്യസന്ധതയും ഉണ്ടോയെന്നു പരിശോധിച്ചശേഷം വേണം നാം അവരിൽ വിശ്വാസം അർപ്പിക്കുവാനെന്നു മാത്രം. പരിശോധനാഫലമായി അവർ വിശ്വാസയോഗ്യരാണെന്നു് ബോദ്ധ്യപ്പെട്ടാൽ അവരെ വിശ്വസിച്ചു ജീവിക്കുകയേ നിവൃത്തിയുള്ളു. പരിശോധന പിഴച്ചെന്നും, അങ്ങനെ നമ്മുടെ വിശ്വാസം തെററിയെന്നും വന്നേക്കാം. ആ തെററു് കഴിയുന്നേടത്തോളം കുറയ്ക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും വേണം. വിശ്വാസം ചിലപ്പോൾ അയഥാർത്ഥമായിപ്പോയെന്നു കണ്ടു് ആരേയും ഒരിക്കലും വിശ്വസിക്കുകയില്ലെന്നു ശഠിച്ചാൽ ജീവിതം തീർച്ചയായും അസാദ്ധ്യമായിരിക്കും.

## മതവിശ്വാസമെന്നാലെന്തു്?

അനുദിനങ്ങളായ ലൗകികകാര്യങ്ങളിൽ വിശ്വാസത്തെ ജ്ഞാനമാർഗ്ഗമായി നാം സ്വീകരിക്കുന്നതു് നമ്മുടെ കണ്ണും കാതും ബുദ്ധിയും നേരിട്ടു് എത്താത്ത സംഗതികളിലാണല്ലോ. രോഗത്തിന്റെ കാര്യത്തിൽ തന്റെ സ്വന്തം ബുദ്ധി എത്താത്തപ്പോൾ രോഗി വൈദ്യനിൽ വിശ്വസിക്കുന്നു. നിയമകാര്യങ്ങളിൽ തന്റെ ബുദ്ധി എത്താത്തപ്പോൾ കക്ഷി വക്കീലിനെ വിശ്വസിക്കുന്നു. പഠനവിഷയത്തിൽ തന്റെ ബുദ്ധി എത്താത്തപ്പോൾ വിദ്യാർത്ഥി അദ്ധ്യാപകനെ വിശ്വസിക്കുന്നു. ഭക്ഷണകാര്യങ്ങളിലും മററുംതങ്ങളുടെ ബുദ്ധി എത്താത്തപ്പോൾ കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരെ വിശ്വസിക്കുന്നു. ഇതുപോലെ മററു കാര്യങ്ങളിലും. എന്നാൽ മനുഷ്യബുദ്ധിക്കു് എത്തിപ്പെടാൻ വളരെയധികം വിഷമമുള്ളതു് മതകാര്യങ്ങളിലാണു്. ദൈവം, ആത്മാവു്, അനന്തരജീവിതം, പുണ്യപാപങ്ങൾ, സ്വർഗ്ഗനരകങ്ങൾ മുതലായവയെ സംബന്ധിക്കുന്ന കാര്യമാണല്ലോ മതം. ഇക്കാര്യങ്ങൾ അദൃശ്യങ്ങളും ആദ്ധ്യാത്മികങ്ങളുമാകയാൽ അവയെപ്പററി ശരിയായ അറിവു സമ്പാദിക്കുവാൻ പണ്ഡിതന്മാരായ ആളുകൾക്കുപോലും എളുപ്പമല്ല. അതിനു തെളിവു് പണ്ഡിതന്മാരിൽത്തന്നെയും മതകാര്യങ്ങളിലുള്ള അഗാധവും വിപുലവുമായ അഭിപ്രായവ്യത്യാസങ്ങൾ തന്നെ. ആകയാൽ മനുഷ്യബുദ്ധി മതകാര്യങ്ങളിൽ അബദ്ധരഹിതമായ അറിവു സമ്പാദിക്കുവാനുള്ള മാർഗ്ഗമായി വിശ്വാസത്തെ ആശ്രയിക്കുവാൻ പ്രകൃത്യാതന്നെ നിർബന്ധിക്കപ്പെടുന്നു. മതവിശ്വാസം മനുഷ്യനു് അനുപേക്ഷണീയമായിത്തീരുന്നു. ലൗകികകാര്യങ്ങളിൽ വിശ്വാസത്തെ ജ്ഞാനമാർഗ്ഗമായി സ്വീകരിക്കുന്നതു് യുക്തിപൂർവ്വകമാണെങ്കിൽ, മതകാര്യങ്ങളിൽ വിശ്വാസത്തെ ജ്ഞാനമാർഗ്ഗമായി സ്വീകരിക്കുന്നതു് അതിനെക്കാൾ യുക്തിപൂർവ്വകമല്ലയോ? ലൗകികകാര്യങ്ങളിലെന്നപോലെതന്നെ മതകാര്യങ്ങളിൽ വിശ്വാസം അന്ധമായിരിക്കരുതെന്നുമാത്രം. മതകാര്യങ്ങളിൽ നാം ആരെ വിശ്വസിക്കുന്നുവോ അയാൾ അക്കാര്യങ്ങളിൽ വേണ്ട അറിവും സത്യസന്ധതയും ഉള്ളവനാണെന്നു് പരിശോധനാഫലമായി നമുക്കു ബോദ്ധ്യമുണ്ടായിരിക്കണമെന്നുമാത്രം. അങ്ങനെ ബോദ്ധ്യമുണ്ടായാൽ അയാളെ നാം വിശ്വസിക്കണമെന്നു് യുക്തി അനുശാസിക്കുന്നു. അയാൾ എത്രയധികം അറിവും സത്യസന്ധതയും ഉള്ളവനാണോ അത്രയധികമായിരിക്കണം അയാളിലുള്ള വിശ്വാസം. അയാൾക്കു് അറിവിലോ സത്യസന്ധതയിലോ ഒരു തെററും പററുകയില്ലെന്നു തെളിഞ്ഞാൽ, അയാൾ വഞ്ചിക്കപ്പെടുവാനോ വഞ്ചിക്കുവാനോ കഴിയാത്ത ആളാണെന്നു തെളിഞ്ഞാൽ, അയാളെ കണ്ണുമടച്ചുതന്നെ വിശ്വസിക്കുന്നതു ഏററവും യുക്തിപൂർവ്വകമായിരിക്കും. അയാൾ പറയുന്നതും പഠിപ്പിക്കുന്നതും നമുക്കു ദുർഗ്രഹമായിരിക്കാം. അവയുടെ കാര്യകാരണബന്ധം നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നില്ലെന്നുവരാം; അവ നമ്മുടെ ധാരണകൾക്കും അനുഭവങ്ങൾക്കും വിരുദ്ധങ്ങളായി കാണപ്പെട്ടെന്നുംവരാം. എന്നാൽ അയാളുടെ വിശ്വാസയോഗ്യതയിൽ സംശയിക്കുവാൻ പാടുള്ളതല്ലെന്നു യുക്തി നമ്മെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, ആവക വൈഷമ്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടു് അദ്ദേഹം പറയുന്നതും പഠിപ്പിക്കുന്നതും കണ്ണടച്ചുതന്നെ നാം വിശ്വസിക്കേണ്ടതാണെന്നു യുക്തി അനുശാസിക്കുകയില്ലയോ? കത്തോലിക്കരുടെ മതവിശ്വാസത്തിന്റെ നില ഇതാണു്. മതകാര്യങ്ങളിൽ തെററുകൂടാത്ത അറിവും സത്യസന്ധതയും ഉള്ളവനെന്നു്, വഞ്ചിക്കപ്പെടുവാനോ വഞ്ചിക്കുവാനോ കഴിയാത്തവനാണെന്നു്, യുക്തിയും ചരിത്രവും അനിഷേദ്ധ്യമായി തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനിൽ കത്തോലിക്കർ വിശ്വസിക്കുന്നു. പ്രസ്തുത വിശ്വാസം അക്കാരണത്താൽ യാഥാർത്ഥ്യത്തിൽ കെട്ടിപ്പടുത്തിട്ടുള്ളതാണെന്നു് അവർ അഭിമാനിക്കുകയും ചെയ്യുന്നു.

## ക്രിസ്തു തികച്ചും വിശ്വാസയോഗ്യൻ

മതകാര്യങ്ങളിൽ കത്തോലിക്കർ കണ്ണുമടച്ചു വിശ്വസിക്കുന്ന വിദഗ്ദ്ധൻ ക്രിസ്തുവല്ലാതെ മററാരുമല്ല. ക്രിസ്തുവിന്റെ ജനനം, ജീവിതം, ഉപദേശങ്ങൾ, നടപടികൾ എന്നിവയെപ്പററി വായ്മൊഴിയായും വരമൊഴിയായും ഏററവും അടുത്തു പെരുമാറിയിരുന്ന ദൃക്സാക്ഷികളിൽനിന്നു നമുക്കു വിശദമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ടു്. ആ സാക്ഷ്യങ്ങൾ ഏററവും വിശ്വാസയോഗ്യങ്ങളാണെന്നും ചരിത്രശാസ്ത്രപരമായ പരിശോധനകളാൽ തെളിയുന്നുമുണ്ടു്. റൂസ്സോ എന്ന പണ്ഡിതനായ ഒരവിശ്വാസിയുടെ വാക്കുകളിൽ പറയുന്നപക്ഷം, "സോക്രട്ടീസിന്റെ ഉപദേശങ്ങളും നടപടികളും അദ്ദേഹം ഒരു ജ്ഞാനിയാണെന്നു തെളിയിക്കുന്നതുപോലെ, ക്രിസ്തുവിന്റെ ഉപദേശങ്ങളും നടപടികളും അവിടുന്നു ദൈവാവതാരമാണെന്നു തെളിയിക്കുന്നു." ഈ ന്യായത്താലാണു് കത്തോലിക്കർ ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നതു്. തന്മൂലം പ്രസ്തുത വിശ്വാസം ഏററവും യുക്തിപൂർവ്വകമാകുന്നു. സാക്ഷാൽ അവതാരപുരുഷനായതുകൊണ്ടു്, ആ നിലയിൽ വഞ്ചിക്കപ്പെടുവാനോ വഞ്ചിക്കുവാനോ വഹിയാത്തവനായതുകൊണ്ടു്, ക്രിസ്തുവിനെ മതകാര്യങ്ങളിൽ ഏററവും വിശ്വാസയോഗ്യനും ഏററവും വലിയ വിദഗ്ദ്ധനുമായി കത്തോലിക്കർ സ്വീകരിക്കുന്നു. തൽഫലമായി ക്രിസ്തു പഠിപ്പിച്ചിട്ടുള്ള വിശ്വാസസത്യങ്ങളേയും സന്മാർഗ്ഗനിയമങ്ങളേയും കത്തോലിക്കർ കണ്ണടച്ചു സമ്മതിക്കുന്നു. മനുഷ്യന്റെ പരമമായ ജീവിതലക്ഷ്യം പ്രാപിക്കുവാനുള്ള അവശ്യമാർഗ്ഗങ്ങളായി ക്രിസ്തു ഏർപ്പെടുത്തിയിട്ടുള്ള മതകർമ്മങ്ങൾ കത്തോലിക്കർ വിശ്വസ്തതാപൂർവ്വം അനുഷ്ഠിക്കുന്നു. താൻ പഠിപ്പിച്ച തത്വങ്ങൾ ലോകരെ പഠിപ്പിക്കുന്നതിനും, താൻ നൽകിയ കല്പനകൾ ലോകരെ അറിയിക്കുന്നതിനും, താനേർപ്പെടുത്തിയ മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ ലോകർക്കു സേവനം ചെയ്യുന്നതിനുംവേണ്ടി ക്രിസ്തു ഒരു മതസഭയെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ക്രിസ്തുവിനെപ്പററിയുള്ള മുൻപറഞ്ഞ രേഖകളിൽനിന്നു തെളിയുന്നു. താൻ ഏല്പിച്ചിരിക്കുന്ന മേൽപ്പറഞ്ഞ ജോലികൾ ലോകാവസാനംവരെ നിർവ്വഹിക്കുവാനുള്ള അധികാരവും, നിർവ്വഹണത്തിൽ തെററുവരാതിരിക്കുവാൻ ആവശ്യകമായ വരങ്ങളും ക്രിസ്തു പ്രസ്തുതസഭയ്ക്കു നൽകിയിട്ടുണ്ടെന്നും പ്രസ്തുത രേഖകളിൽനിന്നു തെളിയുന്നു. ക്രിസ്തുവിന്റെ കാലംമുതൽ ഇന്നോളം ഉണ്ടായിട്ടുള്ള മതസഭകളിൽവച്ചു് അവിടുന്നേർപ്പെടുത്തിയിട്ടുള്ള മതസഭയേതാണെന്നു് തിരിച്ചറിയുവാനുള്ള ലക്ഷണങ്ങളും പ്രസ്തുത രേഖകളിൽ അടങ്ങിയിട്ടുണ്ടു്. പ്രസ്തുത ലക്ഷണങ്ങളെ മാനദണ്ഡമാക്കിക്കൊണ്ടു് ചരിത്രം പരിശോധിക്കുമ്പോൾ, ക്രിസ്തു സ്ഥാപിച്ചിട്ടുള്ള ഏകമതസഭ റോമാമാർപ്പാപ്പാ പരമാദ്ധ്യക്ഷനായിരിക്കുന്ന കത്തോലിക്കാസഭയാണെന്നു കാണാൻ കഴിയും. തന്മൂലം കത്തോലിക്കാസഭയിൽ അതിന്റെ അംഗങ്ങളായ കത്തോലിക്കർ വിശ്വസിക്കുന്നു. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ, മുൻപറഞ്ഞ ന്യായങ്ങളാൽ കത്തോലിക്കാസഭയുടെ അപ്രമാദമായ അദ്ധ്യാപനത്തെ കത്തോലിക്കർ കണ്ണുമടച്ചു സ്വീകരിക്കുന്നു.

## ലേഖകന്റെ അജ്ഞത

കത്തോലിക്കാ മതത്തിന്റെ നില ഇതാണെന്നു് അതിന്റെ ഔദ്യോഗികമായ ഗ്രന്ഥങ്ങളിൽനിന്നു് ആർക്കും

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 22 Ernakulam February 23, 1949 No. 27


## റഷ്യൻ ഇരുമ്പു ദുർഗ്ഗത്തിനുള്ളിൽ

(1-ാം പേജ് തുടർച്ച)

പോർട്ടും അവൻ ജോലി ചെയ്യുന്ന ഫാക്ടറി മേലധികാരിയുടെയും പോലീസ് അദ്ധ്യക്ഷൻെറയും സർട്ടിഫിക്കററുകളും ആവശ്യമാണ്. ഈ ആൾ പല സന്ദർഭങ്ങളിലും പോലീസിൻെറ നിശിതപരിശോധനക്കു പാത്രീഭൂതനായിത്തീരുകയും ചെയ്യും. ഇപ്രകാരമുള്ള യാത്രാവൈഷമ്യങ്ങൾകൊണ്ട് ഒരു ഭാഗത്തു നടക്കുന്ന സംഭവങ്ങൾ ചുരുക്കമായി മാത്രമേ മറുഭാഗത്തെത്തുകയുള്ളൂ. ഇററലിയിലെ കിടയററ സോഷ്യലിസ്റ്റായ ശ്രീ എം. ആർ. മസ്സാനി റഷ്യ സന്ദർശിച്ച അവസരങ്ങളിൽ തൊഴിലാളികളോടു സംസാരിക്കുവാൻ സൗകര്യം ലഭിച്ചിരുന്നില്ല.

പ്രജായത്തഭരണത്തിൻെറ അസ്ഥിവാരം തന്നെ വിഭിന്നപാർട്ടികളിലാണ് സ്ഥിതിചെയ്യുന്നതു്. റഷ്യയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയെന്ന ഏകപാർട്ടി മാത്രമേ നിലനിൽക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ളൂ. ഉദ്യോഗസ്ഥന്മാരെല്ലാം ഈ പാർട്ടി അംഗങ്ങളാണ്. ഇങ്ങനെയുള്ള ഏകപാർട്ടി ഭരണത്തെ നാസിസമെന്നു ജർമ്മനിയിലും, ഫാസിസമെന്നു ഇററലിയിലും വ്യവഹരിക്കപ്പെട്ടിരുന്നു. പൊതുജനങ്ങളുടെ ഗുണത്തിനുവേണ്ടി അന്യൂനം പരിശ്രമിക്കുന്ന ജനറൽ ഫ്രാങ്കോയെ സ്വേച്ഛാധിപതിയായി എണ്ണുവാൻ, അദ്ദേഹത്തെ പുറംതള്ളുവാൻ, വെമ്പൽകൊള്ളുന്ന കമ്മ്യൂണിസ്റ്റ് സഖാക്കൾ റഷ്യയിലെ സ്റ്റാലിൻെറ ഏകശാസനഭരണത്തെ കണ്ണുമടച്ചു അനുകരിക്കണമെന്നു പറയുന്നതിൻെറ അർത്ഥമെന്തെന്നറിയുവാൻ സുബുദ്ധിയുള്ളവർക്കു കഴിയുകയില്ല.

ഇംഗ്ലണ്ടിലെ ഒരു വലിയ തൊഴിലാളിപ്രവർത്തകനും, രാഷ്ട്രീയ ചിന്തകനുമായ ലാസ്കിയുടെ അഭിപ്രായം ശ്രദ്ധേയമാണ്. “ഏതൊരു തരത്തിലുള്ള എതിർപ്പിനെയും, അതു സോഷ്യലിസ്റ്റുകാരുടെ ഭാഗത്തുനിന്നുതന്നെയായാലും ഗീയമായ ക്രൂരതയോടെ, സ്വേച്ഛാധിപത്യം സ്ഥാപിച്ചശേഷം, റഷ്യയിൽ അടിച്ചമർത്തപ്പെട്ടുവരുന്നു... വിദ്യാഭ്യാസം കമ്മ്യൂണിസ്റ്റ് സിദ്ധാന്തപ്രകാരം ജീവിക്കുന്നതിനുള്ള പരിശീലനമാണ്. പടിഞ്ഞാറെ യൂറോപ്പിൽ അറിയപ്പെടുന്ന വിധത്തിലുള്ള സ്വാതന്ത്ര്യത്തിൻെറയോ പ്രജായത്തഭരണത്തിൻെറയോ കണികപോലും റഷ്യയിലില്ല...അടിച്ചമർത്തപ്പെട്ടിരിക്കുന്ന മനുഷ്യചൈതന്യത്തിൻെറ ദയനീയരോദനമാണ് അവിടെ മാറെറാലികൊണ്ടിരിക്കുന്നതു്.”

ഈ അഭിപ്രായംതന്നെ ഈയിടെ റഷ്യ സന്ദർശിച്ചശേഷം കമ്മ്യൂണിസ്റ്റ്പ്രവർത്തനത്തിൽനിന്നും വിരമിച്ച ഫ്രാൻസിസ് ബുഡെൻസും പറയുന്നു. “മതത്തോടും യഥാർത്ഥസ്വാതന്ത്ര്യത്തോടുമുള്ള നിരന്തരസമരമാണ് കമ്മ്യൂണിസം. ഭാര്യാഭർത്താക്കന്മാർ തമ്മിലോ, പിതാവും പുത്രനും തമ്മിലോ പ്രത്യേകബന്ധമൊന്നും അവിടെ ദൃശ്യമല്ല...എബ്രഹാം ലിങ്കൺ നിർത്തൽ ചെയ്ത അടിമവ്യാപാരം ഇരുപതാംനൂററാണ്ടിലും ഒരു വിധത്തിൽ സമാരംഭിച്ചിരിക്കുന്നു.”

സമത്വത്തിൻെറ പേരിൽ റഷ്യയിൽ നടപ്പിലാക്കിയിരിക്കുന്ന പരിഷ്കാരങ്ങൾ ഒന്നും അതിനു പര്യാപ്തമല്ലതന്നെ. ഫാക്ടറികളിൽ ജോലിചെയ്യുന്നവർക്കും ഉയർന്നതരം വിദ്യാഭ്യാസവും യാന്ത്രികപരിശീലനവും സിദ്ധിച്ചവർക്കും വിഭിന്നതോതിലാണ് ശമ്പളം ലഭിക്കുന്നതു്. ഒരു ഫാക്ടറി ഡയറക്ടർക്കു 800 റൂബിൾസു വരെ ശമ്പളം ലഭിക്കുമ്പോൾ ഒരു തൊഴിലാളിക്കു 200 റൂബിൾസു ലഭിക്കുന്നു. ശ്രീ മസ്സാനി ഇതെപ്പററി ഹൃദയസ്പൃക്കായി വർണ്ണിച്ചിരിക്കുന്നതെങ്ങനെയെന്നു നോക്കാം. മൊളോട്ടോവിൻെറ വീട്ടിലും കൃഷിസ്ഥലത്തും ജോലി ചെയ്യുന്ന തൊഴിലാളികൾ ആഭരണങ്ങളണിഞ്ഞ് സർവ്വാലങ്കാരവിഭൂഷിതരായി സിനിമാശാലകളിലേക്കും മററും പോകുന്നതിനെ നോക്കി നിന്നുകൊണ്ട് തങ്ങളുടെ ഹതവിധിയെ പഴിക്കുന്നതിനുമാത്രമെ ഒരു സാധാരണ തൊഴിലാളിക്കു സാദ്ധ്യമാകുന്നുള്ളൂ. ഇതൊക്കെ നാം ഓർക്കുമ്പോൾ “രാഷ്ട്രമാകുന്ന ഏകമുതലാളിയെക്കാൾ ഇരുപതു സാധാരണമുതലാളികൾ ഉള്ള അവസ്ഥ ഞാൻ ഇഷ്ടപ്പെടുന്നു” എന്നു അഭിപ്രായപ്പെട്ട മി. ബെല്ലക്കിനെ അംഗീകരിക്കുന്നില്ലേ?

റഷ്യയുടെ സാമ്പത്തികസ്ഥിതിഗതികളെപ്പററി അല്പം പ്രസ്താവിക്കാം. “റഷ്യയുടെ വിഭവോല്പാദനവും ധനാഗമമാർഗ്ഗങ്ങളും കമ്മ്യൂണിസംമൂലം ഒന്നുപകുതിയോളം നശിച്ചുപോയി” (ക്രെസൽ). വിപ്ലവത്തിനുമുമ്പ് സോവ്യററ് റഷ്യയുടെ വിളവ് ഉദ്ദേശം 17 കോടി റാത്തലായിരുന്നു. വിപ്ലവത്തിനുശേഷം അതു് 11 കോടി ആയി കുറഞ്ഞു. മുമ്പു കൈത്തൊഴിൽകൊണ്ടുപജീവിച്ചിരുന്ന 68 ലക്ഷം കൂലിക്കാർ പിന്നീട് 32 ലക്ഷമായിത്തീർന്നു. യുദ്ധാനന്തരം പിരിച്ചുവിടപ്പെട്ട തൊഴിലാളികളിൽ 3 ലക്ഷംപേർ മൊളോട്ടോവ് മോട്ടോർവർക്ക്സിൽ ജോലി ചെയ്യുന്നുവെങ്കിലും അവർ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ വിഷമിക്കുകയാണ്. കരിയും ചാമ്പലുമായിത്തീർന്ന യുക്രെയിനിൽനിന്നും അധികം പ്രതീക്ഷിക്കാനവകാശമില്ല. വോൾഗാതീരത്തെ കൃഷിയും അത്ര ആശാവഹമല്ല. ഇതിൻെറ കാരണം ഇന്നത്തെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടു ദുഷിച്ച ഭരണരീതിയുമാണ്.

റഷ്യയിലെ സ്ഥിതിഗതികളുടെ ഒരു ചെറിയ വിവരണംമാത്രം നാം കണ്ടുകഴിഞ്ഞു. അതിശോചനീയമായ ഒരവസ്ഥയിലാണ് റഷ്യൻജനത ഒന്നടങ്കം കഴിഞ്ഞുകൂടുന്നതു്. വിപ്ലവംമൂലം ക്രെംലിനിലെ പതിന്നാലു നായകന്മാർക്കു തൊഴിലാളികളുടെ വിയർപ്പുതുള്ളികളുടെ ഫലം മുഴുവൻ അനുഭവിക്കാമെന്നല്ലാതെ സാധാരണക്കാരനു യാതൊരു ഗുണവുമുണ്ടാകുന്നില്ല. പക്ഷെ മനുഷ്യൻെറ വ്യക്തിത്വത്തെത്തന്നെ ചോദ്യം ചെയ്യുന്ന കമ്മ്യൂണിസ്റ്റ് റഷ്യ ബോൾഷെവിസത്തിൻെറ ശവക്കുഴി തോണ്ടിത്തുടങ്ങിയിരിക്കുന്നു. അനേകം ചെങ്കുപ്പായഭടന്മാർ വിപ്ലവമുണ്ടാകുന്ന ക്ഷണത്തിൽ ജനങ്ങളോടു തോളോടുതോൾ ചേർന്ന് അണിനിരക്കും. യുദ്ധസേവനത്തിൽനിന്നും മടങ്ങിയെത്തിയിരിക്കുന്ന 15 ലക്ഷം ആളുകൾ യുക്രെയിനിൽ ഗോറില്ലാ ആക്രമണം തുടങ്ങിയിരിക്കുന്നു. ഇവയെ തടുക്കുന്നതിനു് അവിടം ഒരു പട്ടാളകേന്ദ്രമാക്കപ്പെട്ടിരിക്കുന്നു. അനേകലക്ഷം ജനങ്ങളെ സൈബീരിയായിലേക്കു മാററിക്കഴിഞ്ഞു. മോസ്കോലെനിൻഗ്രാഡു റയിൽപാതവഴി 1946 ൽ ഓടിയ തീവണ്ടിയിൽ 263 എണ്ണം ആക്രമിക്കപ്പെട്ടെങ്കിൽ 1947-ൽ അതു 838 ആയി വർദ്ധിച്ചിരിക്കുന്നുവെന്നു് മോസ്കോ റേഡിയോ സമ്മതിച്ചുകഴിഞ്ഞു. വൊറോഷിലോവ് ഒഴിച്ചുള്ള നായകന്മാർ ജീവഹാനി ഭയന്നു് പൊതുസ്ഥലങ്ങളിൽ ചിലപ്പോൾമാത്രമേ പ്രത്യക്ഷപ്പെടാറുള്ളൂ. മുതലാളിത്തത്തെ നിർമ്മാർജ്ജനം ചെയ്യുവാൻ ആയുധമെടുത്ത തൊഴിലാളികൾ ഉൾപ്പെടുന്ന സാധാരണ റഷ്യൻജനത സ്വേച്ഛാധിപത്യത്തെ ഉച്ചാടനം ചെയ്യുന്നതിനും ആയുധമെടുക്കുന്ന ദിനങ്ങൾ അത്ര വിദൂരമല്ല. അതിനാൽ യഥാർത്ഥ വിവരങ്ങളെ മറച്ച് സ്വാർത്ഥലാഭത്തിനുവേണ്ടി, രാഷ്ട്രീയോന്നമനത്തിനുവേണ്ടി, പരിശ്രമിക്കുന്ന ഇന്നത്തെ നേതൃത്വത്തെ വിഗണിച്ച് സ്വതന്ത്രമായി സംഘടിക്കുവാൻ, തൊഴിലാളികളേ, നിങ്ങൾ സന്നദ്ധരാവുക!

പ. പിതാവ്

## Thankfulness

*By T. E. Burke, C. S. C.*

"My legs," said the old lady to a friend,
"Are swollen up to almost twice their size;
My back's so stiff that I can hardly bend
And I have cataracts on both my eyes;
My arms ache with arthritis night and day
So that the housework causes me much pain,
And it is hard for me to kneel and pray
Because I can't get on my feet again.

"I've only two teeth left in all my head
But thank God they are opposite," said she;
"I couldn't even bite a piece of bread
If they were situated differently;
And though my bones ache and my body's sore
I guess I've plenty to be thankful for."

*Ave Maria*

## A Child's World

*By Vivienne Cuddy*

What a wonderful thing is a big pile of sand
Where a child can make everything just with his hand!
He can build the whole universe under his eye,
He can stand a foot off and say, "Master am I
"Of this forest, and mountain, and woodland, and vale,
Of this bright little brook running straight through the dale,
Of these cattle and sheep, and these fields of wheat, too,
Oh! I think it's a wonderful country, don't you?

"For no matter how hard the sun beats on the land
There is never a cry in my country of sand
Where the cattle can't low, and the sheep never bleat,
Be they ever so hungry, and nothing to eat."
And the little boy sits at his play day by day,
Building up and destroying his cities of clay.
He is happy; he knows not what toil and what strife
He will meet when he enters the big field of life.

*Ave Maria*

## എൻെറ യത്നം *

(വിദ്വാൻ, ദാമോദരമേനോൻ, ഇദയത്ത്)

ജീവനും ജീവനായ നിൻെറ ചൈതന്യം മമ
ജീവിതേശ്വര! സർവ്വനാഡികൾക്കാധാരമായ്,
ആവിലംകൂടാതെങ്ങുമുണ്ടെന്നു ഞാനോർക്കയാൽ
പാവമീഗാത്രം സദാ പാവനമാക്കാൻ നോക്കാം.
മാമകഹൃദയത്തിൽ യുക്തിതൻ മണിദീപ-
മീമട്ടിൽ പ്രകാശിപ്പാൻ സത്യമൊന്നുണ്ടെന്നാകിൽ,
അസ്സത്യമങ്ങാണെന്നു ബോദ്ധ്യമാകയാലെന്നു
മസ്സലാം ചിന്താധീനസത്തനായ് നിലനിത്താം.
എന്നുമെൻഹൃദയാന്തരാളമാം ക്ഷേത്രത്തിലെ
മിന്നുമപ്രതിഷ്ഠാപീഠത്തിലാർ നിവസിപ്പു,
അസ്വാമിയങ്ങെന്നുമിങ്ങനെ നിവസിപ്പാ-
നിസ്വരൂപമൊയെന്നും ദോഷഹീനമായ് തീക്കാം
അങ്ങതൻ ചൈതന്യമാണിന്നത്തെ പ്രവൃത്തിക്കു
മംഗലം കൂട്ടുന്നതും മാന്ദ്യത്തെയണപ്പതും,
തിങ്ങിടും മോദത്തോടുമെന്നുമസ്സച്ചൈതന്യ-
മെങ്ങുമെ സമ്പാദിപ്പാനാണെൻെറ യത്നം മേലിൽ.

* ടാഗോർ


## FREE INDIA BANK LIMITED

**H. O. Kottayam, Travancore**

(Incorporated under Travancore Companies Act—
Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam. | Ramapuram. | Ullala. |

**FIXED DEPOSITS** received at rates varying from 4%—6% interest per annum.

**6% CASH CERTIFICATES** issued.

**CHEQUES, DRAFTS & BILLS** accepted

All interests payable Half Yearly.

BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |


## ഏഴുതിയ ജപം

വിശുദ്ധവത്സരംസംബന്ധിച്ച് റോം സന്ദർശിക്കാൻ പോകുന്ന തീർത്ഥകരുടെ ഉപയോഗത്തിനായി ദീർഘമായ ഒരു ജപം പരിശുദ്ധ പിതാവു തന്നെ എഴുതിയുണ്ടാക്കിയിരിക്കുന്നു. സമുദായമദ്ധ്യത്തിൽ സമാധാനം സംസ്ഥാപിക്കുന്നതിനും ഞെരുക്കമനുഭവിക്കുന്നവർക്ക് സഹനശക്തി നൽകുന്നതിനും അവരെ ക്രിസ്തുവിനോടും അവിടുത്തെ സഭയോടും ഗാഢമായി യോജിപ്പിച്ചുനിർത്തുന്നതിനും വേണ്ടിയുള്ള പ്രാർത്ഥനകൾ പ്രസ്തുതജപത്തിൽ ഉൾക്കൊള്ളുന്നു.

### അമേരിക്കയിലെ
## ജനസംഖ്യ

അമേരിക്കൻ ഐക്യനാടുകളിലെ ജനസംഖ്യ 147 കോടി 28 ലക്ഷമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

### പ്രോട്ടസ്റ്റൻറ് പുരോഹിതൻ
## സഭയിലേക്കു

കൊളൊറാഡോയിലെ പ്രോട്ടസ്റ്റൻറു് പുരോഹിതനായിരുന്ന മി. തെറോൺ ബോസരും പത്നിയും തങ്ങളുടെ രണ്ടു കുട്ടികളോടുകൂടി കത്തോലിക്കാതിരുസഭയിൽ പ്രവേശിച്ചിരിക്കുന്നു.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam